VOL NO: 07 I ISSUE 24
www.nerpatham.com
mail@nerpatham.com
2023 JUNE 17 I ₹10

# നേർപഥം

വാരിക




## തീവണ്ടിയിലെ തീ: ഭീകരത, മനോരോഗം

തെറ്റുകളുടെ കാഠിന്യത്തേക്കാളേറെ തെറ്റു ചെയ്തവന്റെ മതം ശിക്ഷയുടെ മാനദണ്ഡമാകുന്ന നാട്ടിൽ അരാജകത്വം നടമാടും. തെറ്റു ചെയ്തതിന്റെ പേരിൽ അതിനെയെതിർക്കുന്ന അവന്റെ സമുദായം പ്രതിക്കൂട്ടിൽ നിൽക്കേണ്ട സാഹചര്യം വന്നാൽ അത് വർഗീയതയക്ക് വിളനിലമൊരുക്കും. ദൗർഭാഗ്യവശാൽ, രാജ്യം ആ ഒരു സ്ഥിതിയിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത് എന്ന കാര്യത്തിൽ സംശയമില്ല.

## വാക്കുകൾ സൂക്ഷിക്കുക

|| മക്കയുടെ ഭൗതിക സവിശേഷതകൾ

|| സ്വർഗത്തിലേക്ക് മിർസാഗുലാമിന്റെ ഗ്രീൻ ചാനൽ!

|| എസെൻഷ്യൽ പ്രാക്റ്റിസ്: ജസ്റ്റിസ് ധൂലിയയുടെ പഠനങ്ങൾ

നബിﷺയുടെ അനുചരന്മാരുടെ സഹചാരികളാണ് താബിഉകൾ. ഉത്തമ തലമുറയിൽപെട്ട മഹാന്മാരാണിവർ. ഇസ്‌ലാമിന് ഇവർ ചെയ്ത സേവനങ്ങൾ എണ്ണമറ്റതാണ്.

വിശ്വാസം, വിജ്ഞാനം, വിചാരം എന്നിവ സംഗമിക്കുന്ന അവരുടെ ചരിത്ര സ്മരണകൾ വിശ്വാസികൾക്ക് ഏറെ പുതുമയും ആത്മീയ ഉണർവും നൽകുമെന്നതിൽ സംശയമില്ല.

വ്യത്യസ്ത പദവികളിലുള്ള നൂറ്റിഏഴ് താബിഉകളുടെ ജീവിതത്തിന്റെ ഏടുകളാണ് ഈ കൃതിയുടെ ഉള്ളടക്കം. ഏറെ ആവേശവും അതിലേറെ കൗതുകവും നിറഞ്ഞതാണ് ഇതിലെ ഓരോ അധ്യായങ്ങളും. ചരിത്ര വിജ്ഞാനിയത്തിന്റെ ആഴം അറിഞ്ഞ പണ്ഡിതൻ അബ്ദുൽ ജബ്ബാർ മദീനിയുടെ കഠിന പ്രയത്നത്തിന്റെ അടയാളമാണിത്. മലയാളത്തിൽ ഇത്തരമൊന്ന് വേറെയില്ല.

# രണ്ട് വാല്യങ്ങൾ




**വില: ₹500+₹500=₹1000**

**ഇപ്പോൾ:**

**₹750**


WISDOM BOOKS

PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

0334
# നേർപഥം
വാരിക

2023 ജൂൺ 17
1444 ദുൽഖഅ്ദ് 28
പുസ്തകം 07 / ലക്കം 24




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി
10
## തീവണ്ടിയിലെ തീ: ഭീകരത, മനോരോഗം
മുജീബ് ഒട്ടുമ്മൽ

മുഖമൊഴി
05 വാക്കുകൾ സൂക്ഷിക്കുക

ലേഖനം
24 ഐകമത്യം മഹാബലം
നബീൽ പയ്യോളി

ലേഖനം
06 സ്വർഗത്തിലേക്ക് മിർസാഗുലാമിന്റെ ഗ്രീൻ ചാനൽ!
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ലേഖനം
26 എസെൻഷ്യൽ പ്രാക്റ്റിസ്: ജസ്റ്റിസ് ധൂലിയയുടെ പഠനങ്ങൾ
സുഫ്‌യാൻ അബ്ദുസ്സലാം

ലേഖനം
18 മക്കയുടെ ഭൗതിക സവിശേഷതകൾ
ഡോ. ടി. കെ യൂസുഫ്

സംശയനിവാരണം
32 ഉദ്ദേശ്യങ്ങളും കർമങ്ങളും
ശൈഖ് നാസ്വിറുദ്ദീൻ അൽബാനി

ലേഖനം
21 പൂച്ചയ്ക്ക് ആര് മണികെട്ടും?
അലി ചെമ്മാട്

ആരോഗ്യപഥം
34 കരൾ രോഗങ്ങൾ
ഡോ. അർഷദ് മുനവ്വർ



# മൺസൂൺ സീസണിലെ മനോഹര തുടക്കം

വിസ്ഡം യൂത്ത് 'സ്നേഹസ്പർശം' വിങ്ങിന്റെ യോഗം കഴിഞ്ഞ് കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ നിന്ന് നേത്രാവധി എക്സ്പ്രസ്സിൽ തലശ്ശേരിയിലേക്ക് വണ്ടി കയറുമ്പോൾ ക്വുർആൻ സമ്മേളനത്തെക്കുറിച്ച് മനസ്സിന്റെ ക്യാൻവാസിൽ സ്വയം വരച്ച ചിത്രമേ അല്ല കൂത്തുപറമ്പിലെ ക്വുർആൻ സമ്മേളന നഗരിയിൽ കണ്ടത്. മൺസൂൺ ആരംഭ ഘട്ടമായതിനാൽ സ്ത്രീകൾ ഉൾപ്പെടെയുള്ളവരുടെ പങ്കാളിത്തം കുറയുമോ എന്ന ആശങ്കയുണ്ടായിരുന്നു. എന്നാൽ വിസ്ഡം യൂത്ത് ജില്ലാ സമിതിയുടെ നേതൃത്വത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ സംഘടിപ്പിക്കാനിരിക്കുന്ന ക്യു.എച്ച്.എൽ.എസ് ക്വുർആൻ സമ്മേളങ്ങളിലെ ആദ്യ എപ്പിസോഡ് അക്ഷരാർഥത്തിൽ ആയിരങ്ങളുടെ സംഗമ വേദിയായി മാറി. മെയിൻ ഹാളും മുറ്റവും പുരുഷന്മാരാൽ നിറഞ്ഞപ്പോൾ ബാൽക്കണിയിലും രണ്ടാം വെന്യുവിലും പുരുഷന്മാരുടെ എണ്ണത്തെക്കാൾ കൂടുതൽ സ്ത്രീകളും പെൺകുട്ടികളും നിറഞ്ഞു കവിഞ്ഞിരുന്നു. സമ്മേളനത്തിലെ പൊതുസമൂഹ പങ്കാളിത്തം പ്രത്യേക പരാമർശമഹിക്കുന്നു.

സാങ്കേതിക മികവിൽ ഉയർന്ന നിലവാരം പുലർത്തിയ സമ്മേളനം വിഷയാവതരണങ്ങൾ കൊണ്ടും ഗംഭീരമായി. കെ.മുരളീധരൻ എം.പി ഉദ്ഘാടനം നിർവഹിച്ചു. ശരീഫ് കാര, മുനവ്വർ സ്വലാഹി, ഹാരിസ് ഇബ്നു സലീം, സിപി സലീം എന്നിവർക്കൊപ്പം പ്രോഗ്രാമിന്റെ ഭാഗമകാൻ കഴിഞ്ഞതിൽ അതിയായ സന്തോഷം..! സ്വാഗതസംഘം ചെയർമാൻ ഇസ്മായിൽ കിണവക്കൽ അധ്യക്ഷത വഹിച്ചു, വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറി മുഹമ്മദ് ഷബീർ ഉദ്ഘാടനം ചെയ്തു. കെ. കെ അഷ്റഫ്, അബ്ബാസ് ഹാമിദ്, റഫീഖ് ചെറുവാഞ്ചേരി എന്നിവർ ആശംസകൾ അർപ്പിച്ചു. വിസ്ഡം യൂത്ത് സംസ്ഥാന സമിതിയുടെ മാർഗ നിർദേശ പ്രകാരം സംസ്ഥാനത്തെ മുഴുവൻ ജില്ലാ കേന്ദ്രങ്ങളിലും സമ്മേളനങ്ങൾക്കുള്ള ഒരുക്കങ്ങൾ നടന്ന് വരുന്നു. മൺസൂൺ സീസൺ ആണെങ്കിലും ഓഡിറ്റോറിയങ്ങൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്ന പ്രോഗ്രാമുകൾക്ക് വലിയ ആത്മവിശ്വാസം പകരുന്നതാണ് വിസ്ഡം യൂത്ത് കണ്ണൂർ ജില്ല സമിതിയുടെ മേൽനോട്ടത്തിൽ സംഘടനയുടെ എല്ലാ ഘടകങ്ങളുടെയും ഒത്തൊരുമയിൽ സംഘടിപ്പിക്കപ്പെട്ട ഈ സമ്മേളനം ജീവിത ഗന്ധിയായ ക്വുർആൻ പഠനം, ക്വുർആൻ വ്യഖ്യാനത്തിന്റെ പ്രാമാണിക സമീപനം,

വ്യക്തി-കുടുംബ ജീവിതത്തിൽ ക്വുർആൻ നൽകുന്ന വെളിച്ചം, ക്വുർആനിന്റെ ദൈവികത, ക്വുർആൻ ലേണിംഗ് സ്കൂളുകൾ ചരിത്രവും പ്രയാണവും തുടങ്ങി വിവിധ മേഖലകൾ അനാവരണം ചെയ്ത പ്രോഗ്രാമിൽ സദസ്യർക്കായി സംഘടിപ്പിച്ച ക്വിസ് മത്സരം പുത്തൻ ഉണർവ് പകർന്നു. ക്യു. എച്ച്. എൽ. എസ് വാർഷിക പരീക്ഷ വിജയികൾക്കുള്ള ആദരം, മനുഷ്യ ശരീരം ഒരു മഹാത്ഭുതം ഡോക്യുമെന്ററി പ്രദർശനം എന്നിവ സമ്മേളനത്തിന്റെ മികവ് വർധിപ്പിച്ചു. വിസ്ഡം മദ്റസ പൊതു പരീക്ഷയിലെ റാങ്ക് ജേതാക്കൾ, ക്വു.എച്ച്. എൽ.എസ്. വാർഷിക പരീക്ഷയിലെറാങ്ക് ജേതാക്കൾ എന്നിവർക്കുള്ള അവാർഡ് ദാനം സമ്മേളനത്തിൽ നിർവഹിച്ചു. നഗരിയിൽ എത്തിയ വാഹനങ്ങളുടെ പാർക്കിങ് പ്രശംസിക്കപ്പെട്ടു. മുഴുവൻ സമ്മേളന പ്രതിനിധികൾക്കും ഭക്ഷണം വിതരണം ചെയ്തു.

പ്രസ്ഥാന പ്രവർത്തന പഥത്തിൽ പ്രയത്നിച്ച് കടന്ന് പോയ സഹപ്രവർത്തകർക്ക് കണ്ണീരിൽ കുതിർന്ന പ്രാർഥനകൾ നടത്തി ആത്മീയ ബോധ്യങ്ങൾ ഹൃദയ കൂട്ടിൽ നിറച്ച് ജനസഞ്ചയം മടങ്ങി. സ്വീകരിക്കണേ നാഥാ!

**-കെ. താജുദ്ദീൻ സ്വലാഹി**

# വാക്കുകൾ സൂക്ഷിക്കുക

അല്ലാഹു നൽകിയ എണ്ണമറ്റ അനുഗ്രഹങ്ങൾ ആസ്വദിച്ച് ജീവിക്കുന്നവരാണ് നാമെല്ലാം. അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ വിശിഷ്ടമായ ഒന്നാണ് നാവ് അഥവാ സംസാരശേഷി. അപാരമാണ് നാവിന്റെ ശക്തി. അത് ശ്രദ്ധിച്ച് വിനിയോഗിച്ചാൽ ധാരാളം നന്മകൾ നമുക്ക് ഇഹത്തിലും പരത്തിലും നേടിയെടുക്കാൻ സാധിക്കും. അതിനെ സൂക്ഷിച്ചും ശ്രദ്ധിച്ചും ഉപയോഗിക്കണമെന്നാണ് ഇസ്‌ലാം കൽപിക്കുന്നത്.

വായിൽ വരുന്നതൊക്കെ മൊഴിഞ്ഞാൽ അപകടത്തിൽ ചാടും. കുടുംബ ജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും അനർഥങ്ങളും അപകടങ്ങളും വരുത്തുന്ന സംസാരം സത്യവിശ്വാസികൾ വെടിയണം. നമ്മൾ പുറത്തുവിടുന്ന ഓരോ വാക്കും അല്ലാഹുവിന്റെ മലക്കുകൾ രേഖപ്പെടുത്തുന്നുണ്ടെന്ന കാര്യം ഓർക്കണം. അന്യരുടെ മനസ്സിനെ വേദനിപ്പിക്കുന്ന സംസാരം വെടിഞ്ഞാലേ ബന്ധങ്ങൾ ഊഷ്മളമായി നിലനിൽക്കുകയുള്ളൂ.

അഹങ്കാരം സ്ഫുരിക്കുന്ന വാക്കുകൾ, കുത്തിപ്പറയൽ, ശാപവാക്കുകൾ, അശ്ലീല ഭാഷണം, ഏഷണി, പരദൂഷണം, പരിഹാസം ഇവയെല്ലാം പരസ്പര സ്നേഹത്തെയും സൗഹാർദത്തെയും തകർക്കുന്നവയത്രെ. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, ഊഹത്തിൽ മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണു ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു" (ക്വുർആൻ 49:12).

അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം. നബി(സ) പറയുന്നു: "അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ നല്ലത് പറയട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ."

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ശരിയായ വാക്ക് പറയുകയും ചെയ്യുക. എങ്കിൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ കർമങ്ങൾ നന്നാക്കിത്തരികയും നിങ്ങളുടെ പാപങ്ങൾ അവൻ പൊറുത്തുതരികയും ചെയ്യും..." (ക്വുർആൻ. 33:70-71).

വാക്കുകൾ നല്ലതെങ്കിൽ അവ മാനുഷിക ബന്ധങ്ങളെ ദൃഢീകരിക്കും. മോശമെങ്കിൽ ബന്ധങ്ങളെ നശിപ്പിക്കും. നല്ല വാക്കുകൾ ഉപയോഗപ്പെടുത്തി നന്നായി സംസാരിക്കുന്നവൻ സമൂഹത്തിൽആദരണീയനായിരിക്കും. സന്ദർഭത്തിനനുസരിച്ച് വാക്കുകൾ വേണ്ടവിധം കൈകാര്യം ചെയ്യുവാൻ ശ്രദ്ധിക്കണം. സന്ദർഭവും വസ്തുതകളും മനസ്സിലാക്കി, സ്വയം നിയന്ത്രണത്തോടുകൂടി വേണം വാക്കുകൾ ഉപയോഗിക്കാൻ.

എല്ലാ കാര്യത്തിലുമെന്ന പോലെ സംസാരത്തിലും മിതത്വം പാലിക്കണം. എല്ലാവർക്കും സമയം വിലയേറിയതാണ്. അതുകൊണ്ട് കൂടുതൽ സംസാരിച്ച് വിഷമിപ്പിക്കുന്നത് ശരിയല്ല. വായിൽ തോന്നുന്നതെല്ലാം അടുക്കും ചിട്ടയുമില്ലാതെ വിളിച്ചുപറയുന്നതും ഭൂഷണമല്ല.

വാട്സാപ്പ്, ഫെയ്സ്ബുക്ക് പോലുള്ള നവമാധ്യമങ്ങളിലൂടെയാണ് ഇന്ന് പലരും കള്ളവും പരദൂഷണവും പറയുന്നതും ഏഷണി നടത്തുന്നതും. നേരിട്ടായാലും മൊബൈൽ ഫോൺ വഴിയായാലും തെറ്റ് തെറ്റുതന്നെ. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ടിവരില്ല. ■



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 20

# സ്വർഗത്തിലേക്ക് മിർസാഗുലാമിന്റെ ഗ്രീൻ ചാനൽ!

പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ
: 9447 701 741

സമ്പന്നരുടെ സ്വർഗപ്രവേശം അത്ര എളുപ്പമല്ലെന്നാണ് ഇസ്‌ലാമികപാഠം. എന്നാൽ പണം കൊടുത്ത് സ്വർഗം വാങ്ങാമെന്നാണ് ഖാദിയാനി പ്രവാചകന്റെ അധ്യാപനം! ഈ കാര്യം വിശദീകരിച്ചുകൊണ്ട് 'അൽവസിയ്യത്ത്' എന്ന ഒരു പുസ്തകം മിർസാ ഖാദിയാനി രചിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധമായി തദ്കിറയിൽ മൂന്ന് 'വഹ്‌യുകൾ' മാത്രമെ കാണാനാവൂ.

1905 ഡിസംബറിൽ അവതരിച്ചതെന്ന് പറയുന്ന 'വഹ്‌യ്' ഇങ്ങനെ: "എനിക്ക് ഒരു സ്ഥലം കാണിക്കപ്പെട്ടു. ഒരു മലക്ക് ഒരു പ്രദേശം അളന്നുകൊണ്ടിരിക്കുന്നത് കണ്ടു. ഒരു സ്ഥലത്ത് എത്തിയപ്പോൾ എന്നോട് പറഞ്ഞു: ഇവിടെയാണ് നിന്റെ ഖബ്റിന്റെ സ്ഥാനം. പിന്നീട് ഒരു ഖബ്ർ കാണിച്ചുതന്നു. അത് വെള്ളിയെക്കാൾ തിളങ്ങുന്നതായിരുന്നു. അല്ല, ആ മണ്ണ് മുഴുവൻ വെള്ളിയായിരുന്നു! 'ഇത് നിന്റെ ഖബ്റാണ്. ഇതിന്റെ പേര് ബഹശ്തി മക്ബറ എന്നാകുന്നു.' ഈ തെരഞ്ഞെടുക്കപ്പെട്ട ജമാഅത്തിലെ സ്വർഗാവകാശികളായ മഹത്തുക്കളുടെ ഖബ്റിടമാണ് ഇതെന്ന് എനിക്ക് വെളിപ്പെടുത്തിത്തന്നു" (പേജ് 498).

സമാഹാരത്തിൽ ചേർത്തിട്ടില്ലാത്ത ചില 'വഹ്‌യുകൾ' കൂടി കാണുക:

"ഈ ഖബ്ർസ്ഥാനെക്കുറിച്ച് വളരെയേറെ സുവിശേഷങ്ങളറി

> **ലോകത്ത് ഇന്നേവരെ ആർക്കും നൽകിയിട്ടില്ലാത്ത അധികാരമാണ് ഖാദിയാനി പ്രവാചകന് ലഭിച്ചിരിക്കുന്നത്; തന്റെ ജമാഅത്തിൽപെട്ട പ്രമുഖരെ ഉയിരോടെ സ്വർഗത്തിലെത്തിക്കാം! സ്വർഗീയ ശ്മശാനത്തിൽ സംസ്കരിക്കപ്പെടുന്നതിന് ചില നിബന്ധനകൾ അദ്ദേഹം ഏർപ്പെടുത്തി. ശ്മശാനത്തിൽ സംസ്കരിക്കാൻ ആഗ്രഹിക്കുന്ന ഓരോ വ്യക്തിയും അവരുടെ നിലയ്ക്കനുസരിച്ച് ഇതിന്റെ ചെലവുകൾക്കായി സംഭാവന നൽകണം, മരണശേഷം തന്റെ അനന്തരാവകാശ സ്വത്തിന്റെ പത്തിലൊന്ന് വസ്വിയ്യത്ത് ചെയ്യണം തുടങ്ങിയവയായിരുന്നു ഉപാധികൾ**

യിക്കപ്പെട്ടിരിക്കുന്നു. ഇത് സ്വർഗീയമാണെന്ന് മാത്രമല്ല, 'എല്ലാ അനുഗ്രഹങ്ങളും ഇവിടെ ചൊരിഞ്ഞിരിക്കുന്നു' എന്നും വഹ് യറിയിച്ചിരിക്കുന്നു'' (അൽവസ്വിയ്യത്ത്, പേജ് 16).

"ബാബു മൻസൂർ ഇലാഹി എഴുതി: ഹസ്രത്ത് മസീഹ് മൗഊദ് അരുൾ ചെയ്തു: 'നമസ്കാരത്തിന്റെ ഇരുപത് ഇരുപത്തിയഞ്ച് മിനുട്ടുകൾക്ക് മുമ്പായി ഞാനൊരു സ്വപ്നം കണ്ടു. ജമാഅത്തിലെ അംഗങ്ങൾക്കായി ഞാനൊരു ഖബ്ർസ്ഥാൻ വാങ്ങിയിരിക്കുന്നു. അതിന് ബഹശ്തി മക്ബറ എന്ന് പേര് വിളിക്കപ്പെടും. അവിടെ സംസ്കരിക്കപ്പെടുന്നവർ സ്വർഗാവകാശികളായിരിക്കുമെന്നും അറിയിക്കപ്പെട്ടിരിക്കുന്നു'' (മുകാശിഫാത്തെ മിർസാ, പേജ് 23).

"ഈ പ്രദേശത്തിന് കീഴിലാണ് സ്വർഗം. ഇതിൽ സംസ്കരിക്കപ്പെട്ടവൻ സ്വർഗത്തിൽ പ്രവേശിച്ചു. നിശ്ചയം! അവൻ സമാധാനം കൈവരിച്ചവരിൽ ഉൾപ്പെട്ടു''(അൽഇസ്തിഫ്താ, പേജ് 51, ഹാശിയ).

ലോകത്ത് ഇന്നേവരെ ആർക്കും നൽകിയിട്ടില്ലാത്ത അധികാരമാണ് ഖാദിയാനി പ്രവാചകന് ലഭിച്ചിരിക്കുന്നത്; തന്റെ ജമാഅത്തിൽപെട്ട പ്രമുഖരെ ഉയിരോടെ സ്വർഗത്തിലെത്തിക്കാം!

സ്വർഗീയ ശ്മശാനത്തിൽ സംസ്കരിക്കപ്പെടുന്നതിന് ചില നിബന്ധനകൾ അദ്ദേഹം ഏർപ്പെടുത്തി. തന്നെ ബൈഅത്ത് ചെയ്തവരെയൊക്കെ നിരുപാധികം സ്വർഗത്തിൽ കടത്തുന്നത് അദ്ദേഹത്തിന്റെ മഹത്ത്വത്തിന് ചേർന്നതല്ലല്ലോ.

**സ്വർഗപ്രവേശനത്തിന് ഉപാധികൾ**

"ഇത്തരമൊരു ശ്മശാനത്തിന് അത്തരം ഉപാധികൾ വെക്കാനായി അല്ലാഹു രഹസ്യ വഹ്യ് എന്റെ ഹൃദയത്തിലേക്കിട്ടു. പൂർണ സത്യസന്ധതയോടെയും ആത്മാർഥതയോടെയും ഈ മൂന്ന് വ്യവസ്ഥകൾ പാലിക്കുന്നവർക്ക് മാത്രമെ അതിൽ പ്രവേശിക്കാൻ കഴിയൂ.

ഒന്ന്, ഈ ശ്മശാനത്തിൽ സംസ്കരിക്കാൻ ആഗ്രഹിക്കുന്ന ഓരോ വ്യക്തിയും അവരുടെ നിലയ്ക്കനുസരിച്ച് ഇതിന്റെ ചെലവുകൾക്കായി സംഭാവന നൽകണം

രണ്ട്, ഈ ജമാഅത്തിൽനിന്നും, ഈ ശ്മശാനത്തിൽ അടക്കം ചെയ്യപ്പെടുന്നവൻ മരണശേഷം തന്റെ അനന്തരാവകാശ സ്വത്തിന്റെ പത്തിലൊന്ന് വസ്വിയ്യത്ത് ചെയ്യണം. ഈ ജമാഅത്തിന്റെ ഇസ്‌ലാമിക പ്രസിദ്ധീകരണത്തിനും ഖുർആനിക കൽപനകളുടെ പ്രചാരണത്തിനും വേണ്ടി ഓരോ നീതിമാനായ വിശ്വാസിക്കും തന്റെ ഇഷ്ടപ്രകാരം അതിലും കൂടുതൽ വസ്വിയ്യത്ത് ചെയ്യാൻ അവകാശമുണ്ടായിരിക്കും, പക്ഷേ, അതിൽ കുറവു വരുത്താൻ പറ്റില്ല.

ഈ ശ്മശാനത്തിൽ അടക്കം ചെയ്യപ്പെടുന്നയാൾ മുത്തഖിയും നിഷിദ്ധങ്ങളിൽനിന്നു അകന്നു നിൽക്കുന്നവനും ശിർക്കും ബിദ്അത്തും ചെയ്യാത്ത ശുദ്ധനായ പൂർണ മുസ്‌ലിമും ആയിരിക്കണമെന്നതാണ് മൂന്നാമത്തെ ഉപാധി'' (പേജ് 499).

മൂന്നാമത്തെ ഉപാധിയെക്കുറിച്ച് വിശദമായി പ്രതിപാദിക്കേണ്ടതുണ്ട്. അതിനുമുമ്പ് അൽവസ്വിയ്യത്തിൽ കൊടുത്ത വിശദീകരണങ്ങൾ കൂടി വായിക്കുക:

"ഖബ്ർസ്ഥാനുള്ള സ്ഥലം ഒരു ഫണ്ടെന്ന നിലയ്ക്ക് ഞാൻ തന്നിരിക്കുകയാണ്. വിപുലീകരണത്തിനാവശ്യമായ ഭൂമിക്ക് 1000 രൂപയും മരം വച്ചുപിടിപ്പിക്കാനും കിണർ കുഴിപ്പിക്കാനും അടുത്തുള്ള കായലിൽ പാലം കെട്ടാനുമുള്ള ചെലവ് 2000 രൂപയുമടക്കം തൽക്കാലം മൂവായിരം രൂപ വേണം. വസ്വിയ്യത്ത് ചെയ്യുന്നവർ ഇതിലേക്ക് സംഭാവന നൽകേണ്ടതാണ്. വസ്വിയ്യത്ത് ചെയ്തയാളുടെ മരണശേഷം ബന്ധപ്പെട്ടവർ സ്വത്ത് നൽകിയാൽ മതി. എന്നാൽ ഇക്കാര്യം നേരത്തെത്തന്നെ ഉത്തരവാദപ്പെട്ടവരെ അറിയിക്കണം. ദിവ്യാടയാളങ്ങളായി വളരെയധികം ആപത്തുകൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വസ്വിയ്യത്ത് ചെയ്യുന്നവർക്ക് സമാധാനകാലത്തെ വസ്വിയ്യത്തിനെക്കാൾ മഹത്ത്വമുണ്ട്. വിശ്വാസദാർഢ്യതയുള്ള

ഒരു സമൂഹത്തെ മുഴുവൻ ഒരിടത്ത് സമ്മേളിപ്പിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നു. പിൻഗാമികൾക്ക് ആ പവിത്രസ്ഥലം കാണുമ്പോൾ തങ്ങളുടെ വിശ്വാസം ബലപ്പെടുത്താൻ അതുപകരിക്കും'' (അൽവസിയ്യത്ത്, പേജ് 16-19).

പ്രസ്തുത പുസ്തകത്തിന്റെ അനുബന്ധത്തിൽ ചില വ്യവസ്ഥകൾ കൂടി എഴുതിയിരിക്കുന്നു:

**അനുബന്ധമായി ചില നിർദേശങ്ങൾ**

1. ശ്മശാനവിപുലീകരണവും മറ്റു പ്രവർത്തനങ്ങളും കഴിയുന്നതിന് മുമ്പ് വസിയ്യത്ത് ചെയ്ത ആരെങ്കിലും മരണപ്പെട്ടാൽ അയാളെ മറ്റെവിടെയെങ്കിലും താൽക്കാലികമായി പെട്ടിയിലാക്കി മറവ് ചെയ്യേണ്ടതാണ്. പിന്നീട് അറിയിപ്പു കിട്ടിയശേഷം ഇവിടെ യഥാവിധി മറവുചെയ്യുന്നതാണ്.

2. ഈ വ്യവസ്ഥകൾ അംഗീകരിക്കുന്ന വ്യക്തി രണ്ട് പേരുടെ സാക്ഷ്യപത്രത്തോടെയായിരിക്കണം വസിയ്യത്ത് അയക്കേണ്ടത്. അക്കാര്യം ചുരുങ്ങിയത് രണ്ട് പത്രങ്ങളിലെങ്കിലും പരസ്യപ്പെടുത്തുക മക്ബറ കമ്മിറ്റിയുടെ ചുമതലയാണ്.

3. വിവരം ലഭിച്ചാലുടനെ വസിയ്യത്ത് ചെയ്ത വ്യക്തിക്ക് കമ്മിറ്റി ഒരു തിരിച്ചറിയൽ സർട്ടിഫിക്കറ്റ് അയച്ചുകൊടുക്കേണ്ടതും മൃതദേഹവുമായി വരുന്നവർ അത് കൊണ്ടുവരേണ്ടതുമാണ്. ഈ കമ്മിറ്റി നിർദേശിക്കുന്ന സ്ഥലത്തായിരിക്കണം ഖബ്ർ ഉണ്ടാക്കേണ്ടത്. (ആള് മാറിപ്പോവാതിരിക്കാനാണ് ഈ തിരിച്ചറിയൽ കാർഡ്!)

4. കമ്മിറ്റിയുടെ പ്രത്യേക നിർദേശമുണ്ടെങ്കിലല്ലാതെ പ്രായപൂർത്തിയാവാത്ത കുട്ടികളെ ഇവിടെ മറവുചെയ്യുന്നതല്ല. കാരണം അവർ സ്വർഗാവകാശികളാണ്. വസിയ്യത്ത് ചെയ്ത കുട്ടിക്ക് പകരമായി അവന്റെ ബന്ധുവിനെ ഇവിടെ സംസ്കരിക്കുന്നതുമല്ല.

5. ഖാദിയാന് പുറത്തുവച്ച് മരണപ്പെട്ടവരെ പെട്ടിയിൽ അടക്കം ചെയ്തല്ലാതെ കൊണ്ടുവരാൻ പാടില്ല. ഖബ്റും മറ്റും ശരിപ്പെടുത്തേണ്ടതിന് ഒരു മാസം മുമ്പെങ്കിലും കമ്മിറ്റിയെ വിവരം അറിയിക്കേണ്ടതാണ്.

6. വസിയ്യത്ത് ചെയ്ത ആരെങ്കിലും പ്ലേഗ് ബാധിച്ച് മരിച്ചാൽ പെട്ടിയിലാക്കി മറ്റൊരിടത്ത് അമാനത്തായി സംസ്കരിക്കേണ്ടതാണ്. രണ്ട് വർഷങ്ങൾക്കുശേഷം ഖാദിയാനിലും മരണപ്പെട്ട സ്ഥലത്തും പ്ലേഗില്ലാത്ത കാലത്ത് മാത്രമെ ഇവിടെ കൊണ്ടുവരാൻ പാടുള്ളൂ.

7. പുഴയിൽ മുങ്ങിമരിക്കുകയോ മറ്റു കാരണങ്ങളാലോ മൃതദേഹം ലഭിക്കാതെ പോയാൽ വസിയ്യത്ത് നിലനിൽക്കുന്നതും ഇവിടെ മറവുചെയ്തപോലെ കണക്കാക്കുന്നതുമാണ്. സംഭവം രേഖപ്പെടുത്തിയ കല്ലോ ഇഷ്ടികയോ ഇവിടെ നാട്ടിയാൽ മതിയാവും.

8. അല്ലാഹുവിന്റെ പ്രത്യേക വഹ്‌യ് പ്രകാരം ആരെയെങ്കിലും ഇവിടെ മറവുചെയ്യരുതെന്ന് നിർദേശിക്കപ്പെട്ടാൽ ഒരു കാരണവശാലും ഇവിടെ സംസ്കരിക്കുന്നതല്ല.

9. ഖബ്ർസ്ഥാന്റെയും പരിപാലന കമ്മിറ്റിയുടെയും ആസ്ഥാനം ഖാദിയാനിലായിരിക്കുമെങ്കിലും മൃതദേഹം കൊണ്ടുവരാൻ പറ്റാത്ത വിദൂര ദേശങ്ങളിൽ ഖബ്ർസ്ഥാന്റെയും കമ്മിറ്റിയുടെയും ബ്രാഞ്ച് അനുവദിക്കുന്നതാണ്. എന്നാൽ ഹെഡ്കോർട്ടേഴ്സ് എന്നും ഖാദിയാനിലായിരിക്കും. ബ്രാഞ്ച് കമ്മിറ്റികൾക്ക് പണം സ്വയം ചെലവഴിക്കുകയോ ഹെഡ്ക്വാർട്ടേഴ്സിലേക്ക് അയക്കുകയോ ചെയ്യാവുന്നതാണ്.

10. ഈ നിബന്ധനകളൊന്നും തന്നെ എനിക്കോ എന്റെ കുടുംബത്തിൽ പെട്ടവർക്കോ ബാധകമല്ല. മറ്റെല്ലാ സ്ത്രീ-പുരുഷന്മാരും ഇവ പാലിക്കൽ നിർബന്ധമാണ്. ഇതിനെ ചോദ്യം ചെയ്യുന്നവർ കപടവിശ്വാസികളാകുന്നു'' (സമീമയേ അൽവസിയ്യത്ത്).

ഈ പത്താമത്തെ വചനമാണ് വഹ്‌യുകളുടെ സമാഹാരത്തിൽ എടുത്തുചേർത്ത മൂന്നാമത്തെ വഹ്‌യ്. മറ്റുള്ളവ അല്ലാഹു അറിയിച്ച രഹസ്യവഹ്‌യുകളാണെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും തദ്കിറയിൽ ചേർത്തിട്ടില്ല. തന്റെ കുടുംബത്തിലുള്ളവർക്ക് മതപരവും സാമ്പത്തികവുമായ ഒരു വ്യവസ്ഥയും പാലിക്കേണ്ടതില്ല എന്നത്

**അല്ലാഹുവിന്റെ പ്രത്യേക വഹ്‌യ് പ്രകാരം ആരെയെങ്കിലും ഇവിടെ മറവുചെയ്യരുതെന്ന് നിർദേശിക്കപ്പെട്ടാൽ ഒരു കാരണവശാലും ഇവിടെ സംസ്കരിക്കുന്നതല്ല. ഈ നിബന്ധനകളൊന്നും തന്നെ എനിക്കോ എന്റെ കുടുംബത്തിൽ പെട്ടവർക്കോ ബാധകമല്ല. മറ്റെല്ലാ സ്ത്രീ-പുരുഷന്മാരും ഇവ പാലിക്കൽ നിർബന്ധമാണ്. ഇതിനെ ചോദ്യം ചെയ്യുന്നവർ കപടവിശ്വാസികളാകുന്നു'' (സമീമയേ അൽവസ്വിയ്യത്ത്). ഈ പത്താമത്തെ വചനമാണ് വഹ്‌യുകളുടെ സമാഹാരത്തിൽ എടുത്തുചേർത്ത മൂന്നാമത്തെ വഹ്‌യ്. മറ്റുള്ളവ അല്ലാഹു അറിയിച്ച രഹസ്യവഹ്‌യുകളാണെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും തദ്കിറയിൽ ചേർത്തിട്ടില്ല. തന്റെ കുടുംബത്തിലുള്ളവർക്ക് മതപരവും സാമ്പത്തികവുമായ ഒരു വ്യവസ്ഥയും പാലിക്കേണ്ടതില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കുക. സ്വാർഥതയും സ്വജനപക്ഷപാതവും വ്യാജ പ്രവാചകത്വവാദിയിൽനിന്നല്ലാതെ ഉണ്ടാവുകയില്ല.**



പ്രത്യേകം ശ്രദ്ധിക്കുക. സ്വാർഥതയും സ്വജനപക്ഷപാതവും വ്യാജ പ്രവാചകത്വ വാദിയിൽനിന്നല്ലാതെ ഉണ്ടാവുകയില്ല.

വരാനിരിക്കുന്ന ആപത്തുകളെപ്പറ്റി മുന്നറിയിപ്പുനൽകിക്കൊണ്ടും സത്യവിശ്വാസികളെയും കപട വിശ്വാസികളെയും വേർതിരിക്കുന്ന ഈ പദ്ധതിയിൽ അംഗങ്ങളാവാൻ അനുയായികളെ ആഹ്വാനം ചെയ്തുകൊണ്ടുമാണ് ഈ കൃതി അവസാനിപ്പിക്കുന്നത്.

“ആപത്ത് വന്നശേഷം തന്റെ സ്വത്ത് നൽകി സ്വർഗം നേടാമായിരുന്നു എന്ന് വിലപിച്ചതുകൊണ്ട് ഒരു ഫലവുമുണ്ടാകില്ല. ആസന്ന ഭാവിയിലെ ദുരിതപൂർണമായ ശിക്ഷയെപ്പറ്റി ഞാൻ മുന്നറിയിപ്പുനൽകുന്നു. പിന്ന ചെയ്യുന്ന സൽകർമങ്ങൾ നിഷ്ഫലമായിരിക്കും. നോക്കൂ, എനിക്ക് നിങ്ങളുടെ സ്വത്തിൽ അവകാശം വേണ്ട. ദീനിനുവേണ്ടി ചെലവഴിക്കാൻ തയ്യാറുള്ളവർക്ക് സ്വർഗം നേടാനുള്ള ഒരവസരം ഞാനുണ്ടാക്കിത്തരുന്നുവെന്നേയുള്ളൂ. എന്റെ ഉപദേശങ്ങൾ ചെവിക്കൊള്ളാതെ ലോകത്തെ സ്നേഹിക്കുന്നവർ അവസാനം വിലപിക്കേണ്ടിവരും.1906 ജനുവരി 6, മിർസാ ഗുലാം അഹ്മദ് “ (സമീമയേ അൽവസിയ്യത്ത്, പേജ് 22).

**ഖാദിയാനിൽ കണ്ടത്**

വസിയ്യത്ത് ചെയ്ത സമ്പന്നർക്കുവേണ്ടിയുള്ള സ്വർഗീയ ശ്മശാനമൈയ ‘ബഹശ്തി മക്ബറ’യും പാവപ്പെട്ട അഹ്മദികൾക്കായുള്ള നരകീയ ശ്മശാനവും (ദോസഖീ മക്ബറ എന്നു പറയാം) ഖാദിയാനിൽ കാണാം. ഭംഗിയായി പണിത, കമാനാകൃതിയിലുള്ള കവാടം കടന്നുചെന്നാൽ മരങ്ങളും ചെടികളും കൊണ്ടലംകൃതമായ, പുല്ല് വെച്ചുപിടിപ്പിച്ച ബഹശ്തി മക്ബറയിലെത്തുന്നു. അത് സംരക്ഷിക്കുന്ന കാര്യത്തിൽ ദത്തശ്രദ്ധരാണ് പരിപാലന കമ്മിറ്റി. താഴിട്ട് പൂട്ടിയ പ്രത്യേക സ്ഥലത്താണ് മിർസയുടെയും ഖലീഫമാരുടെയും പ്രമുഖരായ സഖാക്കളുടെയും ശവകുടീരങ്ങൾ. ബാക്കി ഭാഗത്ത് കൂടുതലായും മീസാൻ കല്ലുകൾ മാത്രം നാട്ടിയിരിക്കുന്നു. അവയിൽ പേരും മറ്റു കാര്യങ്ങളും കൊത്തിവച്ചിട്ടുണ്ടെങ്കിലും നിരയായി നാട്ടിയതുകൊണ്ട് ചെറിയ മതിലുപോലെ തോന്നിക്കുന്നു. ഖബ്ർസ്ഥാനിൽ തന്നെ മയ്യിത്ത് നമസ്കാരത്തിനായി ഗ്രാനേറ്റ് പതിച്ച് സ്വഫ്ഫുകൾ അടയാളപ്പെടുത്തിയ പ്രത്യേക സ്ഥലം സൗകര്യപ്പെടുത്തിയിട്ടുണ്ട്. മിർസാ ഖാദിയാനി രചനകൾ നടത്തിയിരുന്ന ‘ബൈതുൽ ഫിക്ർ’ പ്രത്യേകം ചില്ലിട്ട് സംരക്ഷിച്ചിരിക്കുന്നു.

**സാധാരണക്കാരന്റെ ശ്മശാനം തികഞ്ഞ അവഗണനയുടെ പ്രതീകമായി നിലകൊള്ളുന്നു. അവിടെ സംസ്കരിക്കപ്പെടുന്നവർ സ്വർഗാവകാശികളല്ലാത്തതു കൊണ്ടാവാം ഈ അവഗണന. ഈ ശ്മശാനത്തിൽ മറമാടാനുള്ള ഉപാധികൾ തികച്ചും സാമ്പത്തികമാണെന്ന് കാണാം. മറ്റു പരിപാടികൾപോലെ ധനാഗമമാർഗമാണ് വസിയ്യത്ത് പദ്ധതിയും എന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. വസിയ്യത്ത് ചെയ്യുന്നയാൾ ശിർക്കും ബിദ്അത്തും ചെയ്യാത്ത മുത്തഖിയായിരിക്കണമെന്നതാണ് മൂന്നാമത്തെ നിബന്ധന. അത്തരക്കാർ എവിടെ മറവുചെയ്യപ്പെട്ടാലും സ്വർഗാവകാശികളാകുമെന്നിരിക്കെ എന്തിന് വൻ തുക ചെലവഴിച്ച് അവരെ ഖാദിയാനിൽ കൊണ്ടുവന്ന് മറവു ചെയ്യണം?**

അടുത്തുതന്നെ സാധാരണക്കാരന്റെ ശ്മശാനം കാണാം. അത് തികഞ്ഞ അവഗണനയുടെ പ്രതീകമായി നിലകൊള്ളുന്നു. അവിടെ സംസ്കരിക്കപ്പെടുന്നവർ സ്വർഗാവകാശികളല്ലാത്തതു കൊണ്ടാവാം ഈ അവഗണന. ഈ ശ്മശാനത്തിൽ മറമാടാനുള്ള ഉപാധികൾ തികച്ചും സാമ്പത്തികമാണെന്ന് കാണാം. മറ്റു പരിപാടികൾപോലെ ധനാഗമമാർഗമാണ് വസിയ്യത്ത് പദ്ധതിയും എന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. വസിയ്യത്ത് ചെയ്യുന്നയാൾ ശിർക്കും ബിദ്അത്തും ചെയ്യാത്ത മുത്തഖിയായിരിക്കണമെന്നതാണ് മൂന്നാമത്തെ നിബന്ധന. അത്തരക്കാർ എവിടെ മറവുചെയ്യപ്പെട്ടാലും സ്വർഗാവകാശികളാകുമെന്നിരിക്കെ എന്തിന് വൻ തുക ചെലവഴിച്ച് അവരെ ഖാദിയാനിൽ കൊണ്ടുവന്ന് മറവു ചെയ്യണം?

*(തുടരും)*



കവർ സ്റ്റോറി

# തീവണ്ടിയിലെ തീ: ഭീകരത, മനോരോഗം


**മുജീബ് ഒട്ടുമ്മൽ**
:97444 31890


**തെറ്റുകളുടെ കാഠിന്യത്തേക്കാളേറെ തെറ്റു ചെയ്തവന്റെ മതം ശിക്ഷയുടെ മാനദണ്ഡമാകുന്ന നാട്ടിൽ അരാജകത്വം നടമാടും. തെറ്റു ചെയ്തതിന്റെ പേരിൽ അതിനെയെതിർക്കുന്ന അവന്റെ സമുദായം പ്രതിക്കൂട്ടിൽ നിൽക്കേണ്ട സാഹചര്യം വന്നാൽ അത് വർഗീയതയക്ക് വിളനിലമൊരുക്കും. ദൗർഭാഗ്യവശാൽ, രാജ്യം ആ ഒരു സ്ഥിതിയിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത് എന്ന കാര്യത്തിൽ സംശയമില്ല.**

2023 ഏപ്രിൽ രണ്ടിന് ഞായറാഴ്ച രാത്രി 9 മണിയോടെ എലത്തൂരിലെത്തിയ ആലപ്പുഴ-കണ്ണൂർ എക്സിക്യൂട്ടീവ് എക്സ്പ്രസ്സിലെ ഡി 1 റിസർവ്ഡ് ബോഗിയിലെ ഒന്ന് മുതൽ 6 വരെയുള്ള സീറ്റുകളിൽ അജ്ഞാതൻ പെട്രോളൊഴിച്ച് തീ കൊളുത്തുകയുണ്ടായി. ആക്രമണത്തിൽ ആത്മരക്ഷാർഥം ഓടാൻ ശ്രമിച്ച കുട്ടിയടക്കം മൂന്ന് പേർ മരണപ്പെട്ടു. എട്ട് പേർക്ക് പരിക്കേറ്റു. സംഭവം അന്വേഷിക്കാനും യഥാർഥ പ്രതിയെ പിടികൂടാനുമായി എഡിജിപി അജിത് കുമാറിന്റ നേതൃത്വത്തിലുള്ള 18 അംഗ സംഘത്തെ ഡിജിപി അനിൽ കാന്ത് നിയോഗിക്കുകയുണ്ടായി.

പ്രതി രക്ഷപ്പെട്ടതിനാൽ ആരാണെന്നറിയാതെ പല വർത്തമാനങ്ങളുമുയർന്നു. കാരിക്കേച്ചർ തയ്യാറാക്കി മാധ്യമങ്ങളിലൂടെ പ്രചാരണം നൽകി.

യാത്രക്കാരുടെ ദേഹത്ത് പെട്രോളൊഴിച്ച് തീ വച്ച സംഭവത്തിലെ പ്രതിയെ മൂന്നാം നാൾ മഹാരാഷ്ട്രയിലെ രത്നഗിരി റെയിൽവേ സ്റ്റേഷന് സമീപത്തുവച്ച് അന്വേഷണ സംഘം അറസ്റ്റ് ചെയ്തു. ഡൽഹി സ്വദേശിയായ ഷാറൂഖ് സെയ്ഫി എന്ന യുവാവാണ് പിടിയിലായതെന്ന് അന്വേഷണ സംഘം വെളിപ്പെടുത്തി.

ജൂൺ ഒന്ന്, വ്യാഴാഴ്ച പുലർച്ചെ കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിറുത്തിയിട്ട കണ്ണൂർ-ആലപ്പുഴ എക്സിക്യൂട്ടീവ് എക്സ്പ്രസ്സിന്റ ഒരു ബോഗിക്ക് പൂർണമായി തീപിടിക്കുകയുണ്ടായി. സിസിടിവിയിൽ ദൃശ്യങ്ങൾ പരതിയപ്പോൾ ഒരാൾ കാനയുമായി തീവണ്ടിയുടെ അടുത്തേക്ക് നടന്നടുക്കുന്നത് ദൃഷ്ട്രിയിൽ പെട്ടു. മനഃപൂർവം ആരോ തീവച്ചതാണെന്ന നിഗമനത്തിൽ എല്ലാരും എത്തിച്ചേർന്നു. ബംഗാളിലെ നോർത്ത് 24 പർഗാന സ്വദേശി പ്രസോൻജിത്ത് സിദ്ഗർ എന്ന ചെറുപ്പക്കാരനാണ് പ്രതിയെന്ന് കണ്ടെത്തുകയും ചെയ്തു.



ജൂൺ അഞ്ച്, തിങ്കളാഴ്ച എറണാകുളം ഇന്റർസിറ്റി എക്സ്പ്രസ് കൊയിലാണ്ടിയിലെത്തിയപ്പോൾ മറ്റൊരു യുവാവ് ട്രെയ്നിന് തീവയ്ക്കാൻ ശ്രമിച്ചതിന്റ വാർത്തയും നാം കണ്ടു. മഹാരാഷ്ട്ര സ്വദേശിയായ 20 കാരനാണ് പ്രതി. ട്രെയ്നിനുള്ളിലെ പോസ്റ്റർ വലിച്ചുകീറി ലൈറ്റർ ഉപയോഗിച്ച് കത്തിക്കാനുള്ള ശ്രമത്തിനിടെ യാത്രക്കാർ യുവാവിനെ പിടികൂടി റെയിൽവെ പോലീസിനെ ഏൽപിക്കുകയായിരുന്നു.

മൂന്ന് മാസത്തിനിടെ മൂന്ന് തവണ തീവണ്ടിക്ക് തീയിട്ട സംഭവങ്ങൾ ഏറെ ഞെട്ടലോടുകൂടിയാണ് മലയാളികളറിഞ്ഞത്. അന്യസംസ്ഥാനത്തുള്ളവരാണ് പിടിക്കപ്പെട്ട പ്രതികളെല്ലാം എന്നത് വളരെ ഗൗരവമുള്ള കാര്യമാണ്. വെറുപ്പിന്റ രാഷ്ട്രീയത്തിനും പ്രത്യയശാസ്ത്രത്തിനും വേരോട്ടമില്ലാത്ത ഈ കൊച്ചു സംസ്ഥാനത്ത് ഇത്തരം സംഭവങ്ങളരങ്ങേറുമ്പോൾ യാഥാർഥ്യം തിരിച്ചറിയാനും നിജസ്ഥിതി മനസ്സിലാക്കാനും ഓരോ മലയാളിക്കും അവകാശമുണ്ട്.

ഈ സംഭവങ്ങളെ മലയാള മാധ്യമങ്ങളും നിയമപാലകരും സമീപിച്ച രീതി വളരെ വിചിത്രമാണ്. ഒന്നാമത്തെ തീവയ്പിലെ പ്രതി ഷാറൂഖ് സെയ്ഫി എന്ന മുസ്ലിം നാമധാരിയാണ്. പേരിലെ വേഷം തിരിച്ചറിഞ്ഞതോടെ അന്താരാഷ്ട്ര ഭീകര പ്രവർത്തനങ്ങളിലേക്കും തീവ്രവാദ സംഘടനകളിലേക്കും അതിന്റ വേരുകൾ തേടി നിയമപാലകർ ജാഗരൂകരായി. ആസൂത്രിത ഭീകരാക്രമണമാണ് എലത്തൂരിൽ നടന്നതെന്ന് കേരളത്തിലെ ഭരണപക്ഷത്തിന്റ കൺവീനർ പത്രക്കാരോട് മൊഴിഞ്ഞു. 2017 മാർച്ച് 7 ന് കാൺപൂർ-ഉജ്ജയ്ൻ പാസഞ്ചർ തീവണ്ടിയിൽ ബോംബുസ്ഫോടനം നടത്തിയ സംഭവവുമായി ഇയാൾക്ക് ബന്ധമുണ്ടെന്ന് സംശയിക്കുന്നതായി കേസരി ആരോപിക്കുന്നുണ്ട്. സംസ്ഥാനത്തെ അരക്ഷി

**മൂന്ന് മാസത്തിനിടെ മൂന്ന് തവണ തീവണ്ടിക്ക് തീയിട്ട സംഭവങ്ങൾ ഏറെ ഞെട്ടലോടുകൂടിയാണ് മലയാളികളറിഞ്ഞത്. അന്യ സംസ്ഥാനത്തുള്ളവരാണ് പിടിക്കപ്പെട്ട പ്രതികളെല്ലാം എന്നത് വളരെ ഗൗരവമുള്ള കാര്യമാണ്. വെറുപ്പിന്റ രാഷ്ട്രീയത്തിനും പ്രത്യയശാസ്ത്രത്തിനും വേരോട്ടമില്ലാത്ത ഈ കൊച്ചു സംസ്ഥാനത്ത് ഇത്തരം സംഭവങ്ങളരങ്ങേറുമ്പോൾ യാഥാർഥ്യം തിരിച്ചറിയാനും നിജസ്ഥിതി മനസ്സിലാക്കാനും ഓരോ മലയാളിക്കും അവകാശമുണ്ട്. ഈ സംഭവങ്ങളെ മലയാള മാധ്യമ ങ്ങളും നിയമപാലകരും സമീപിച്ച രീതി വളരെ വിചിത്രമാണ്.**

**കേരളത്തെ തീവ്രവാദത്തിന്റ ഹബ്ബായി വ്യാജ പ്രചാരണം നടത്താനുള്ള ആയുധമായാണ് മലയാള മണ്ണിനോട് ശത്രുതാമനോഭാവമുള്ള സംഘ രാഷ്ട്രീയം ഇതിനെയും വ്യാഖ്യാനിക്കുന്നത്. ഡൽഹി നിവാസിയായതിനാൽ സിഎഎ, എൻആർസി സമര പോരാട്ടത്തിൽ പ്രസിദ്ധി നേടിയ ഷഹീൻ ബാഗിലേക്കും ചേർത്ത് പറയാൻ പലരും ആവേശം കാണിക്കുന്നുമുണ്ട്. ബ്രഹ്മപുരം മാലിന്യക്കൂമ്പാരത്തിന് തീ പിടിച്ചതിന് പിന്നിലും ഇയാളെ കാണുന്നവരുണ്ട്. തീവ്ര വർഗീയ രാഷ്ട്രീയം മുതലെടുപ്പിന് വേണ്ടി പരമാവധി അവസരം ഉപയോഗപ്പെടുത്തുന്നുമുണ്ട്. ഷാറൂഖ് സെയ്ഫിയെ മുഖം മറയ്ക്കാതെ ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കാൻ മീഡിയകളും നിയമപാലകരും വളരെയധികം ശ്രദ്ധിച്ചിട്ടുമുണ്ട്.**

തമായ തീവണ്ടിയാത്രയുടെയും സുരക്ഷാസംവിധാനത്തിന്റെയും ഭീകരവാദ പ്രവർത്തനത്തിന്റെയും പ്രകടമായ ഉദാഹരണമായി ഇതിനെ വ്യാഖ്യാനിക്കാനും ചിലർ ശ്രമിക്കുന്നു. ഗോധ്രയിലെ തീവണ്ടിയിലെ തീവയ്പിനോട് സമാനതയാകാൻ ഇതിനെ വ്യത്യസ്ത തലങ്ങളിൽ വ്യാഖ്യാനിക്കുന്നുണ്ട്. കേരളത്തെ തീവ്രവാദത്തിന്റ ഹബ്ബായി വ്യാജ പ്രചാരണം നടത്താനുള്ള ആയുധമായാണ് മലയാള മണ്ണിനോട് ശത്രുതാമനോഭാവമുള്ള സംഘ രാഷ്ട്രീയം ഇതിനെയും വ്യാഖ്യാനിക്കുന്നത്. ഡൽഹി നിവാസിയായതിനാൽ സിഎഎ, എൻആർസി സമര പോരാട്ടത്തിൽ പ്രസിദ്ധി നേടിയ ഷഹീൻ ബാഗിലേക്കും ചേർത്ത് പറയാൻ പലരും ആവേശം കാണിക്കുന്നുമുണ്ട്. ബ്രഹ്മപുരം മാലിന്യക്കൂമ്പാരത്തിന് തീ പിടിച്ചതിന് പിന്നിലും ഇയാളെ കാണുന്നവരുണ്ട്. തീവ്ര വർഗീയ രാഷ്ട്രീയം മുതലെടുപ്പിന് വേണ്ടി പരമാവധി അവസരം ഉപയോഗപ്പെടുത്തുന്നുമുണ്ട്. ‘ട്രെയ്നിന് തീയിട്ട കേസിലെ പ്രതിക്ക് നോമ്പ് തുറക്കാനും നിസ്കരിക്കാനും കേരള പോലീസ് സൗകര്യം ഒരുക്കും’ എന്ന പേരിൽ മാതൃഭൂമി ന്യൂസിന്റെത് എന്ന പേരിൽ വ്യാജ സന്ദേശം ഫേസ്ബുക്കിൽ വൈറലായിട്ടുണ്ട്. ‘മതേതര-കേരളത്തോട്-ഒരു ചോദ്യം’ എന്ന ഹാഷ് ടാഗിലാണ് ഈ പോസ്റ്റുകൾ പ്രചരിക്കുന്നത്. ഷാറൂഖ് സെയ്ഫിയെ മുഖം മറയ്ക്കാതെ ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കാൻ മീഡിയകളും നിയമപാലകരും വളരെയധികം ശ്രദ്ധിച്ചിട്ടുമുണ്ട്.

രണ്ടാമത്തെ തീവയ്പ് കണ്ണൂർ റയിൽവേ സ്റ്റേഷനിൽനിന്നാണ്. പ്രതിയാകട്ടെ ബംഗാളിലെ നോർത്ത് പെർഗാന സ്വദേശി പ്രസോൻജിത്ത് സിദ്ഗർ എന്ന യുവാവാണ്. മൂന്നാം പ്ലാറ്റ്ഫോമിന് സമീപം എട്ടാമത്തെ യാർഡിൽ നിറുത്തിയിട്ട എക്സിക്യൂട്ടീവ് ട്രെയ്നിന്റെ ഒരു ബോഗി പൂർണമായും കത്തിയമർന്നു. മറ്റു ബോഗികൾ വേർപെടുത്തിയതിനാൽ ഭീകരമായ തീപിടുത്തം ഉണ്ടായില്ല. അന്വേഷണ ഉദ്യോഗസ്ഥൻമാർ കൃത്യമായി അന്വേഷിച്ച് യാഥാർഥ്യം കണ്ടെത്താനുള്ള ആത്മാർഥമായ പരിശ്രമം നടത്തി. അതിന് മുമ്പുതന്നെ മുൻവിധിയോടെ പ്രതിയുടെ ഭീകര ബന്ധങ്ങളെക്കുറിച്ച് വാചാലരായില്ല. അന്താരാഷ്ട്ര ഭീകര സംഘങ്ങളിലേക്ക് ദുരൂഹതയുടെ കെട്ടഴിച്ച് സംശയങ്ങളുടെ നിഴലുകൾ ചാർത്താൻ നിയമപാലകരിൽ ആവേശം കണ്ടില്ല. പകരം ആദ്യ നിമിഷം മുതൽതന്നെ പ്രതിയുടെ അഭിമാനത്തെ മാന്യമായി കണ്ടുകൊണ്ടുള്ള പരിചരണങ്ങളും ന്യായങ്ങളും നിരത്താൻ പ്രത്യേകം ശ്രദ്ധിച്ചു. പ്രതിയുടെ വാമൊഴിയിൽ എല്ലാം അവർ വായിച്ചെടുത്തു.

അതെ, പ്രതിയായ പ്രസോൻജിത്ത് സിദ്ഗറിൽ ഭീകരവാദ ചാപ്പ കുത്താൻ പേരിൽ പോലും അതിന്റെ അംശമില്ലെന്ന വിചിത്രതയാണ് തീരുമാനമായത്. ഭിക്ഷാടനം നടത്തി ജീവിച്ചിരുന്ന ഇയാൾ കൈയിൽ പണമില്ലാത്തതിന്റെ നിരാശയും മാനസികസമ്മർദവും കാരണം ട്രെയ്നിൽ കയറി തീയിടുകയായിരുന്നുവെന്ന് ഉത്തരമേഖലാ ഐജി നീരജ് കുമാർ ഗുപ്ത പറഞ്ഞു. ഇയാൾക്ക് മറ്റു ലക്ഷ്യങ്ങളില്ലെന്നും സംഭവത്തിൽ മറ്റാർക്കും പങ്കില്ലെന്നും തീവ്രവാദ ബന്ധമില്ലെന്നും ഐജി കട്ടായം പറഞ്ഞു. ഭിക്ഷാടനം വിലക്കിയ ആർപിഎഫ് ഉദ്യോഗസ്ഥരോടുള്ള വിരോധവുമാണത്രെ അക്രമ



ണത്തിന് കാരണം.

പോലീസുകാരുടെ പരിലാളനയേറ്റ് ഓമനത്തം തുളുമ്പുന്ന മധുരപദങ്ങളിൽ പ്രതി ഇങ്ങനെ പറഞ്ഞു: 'ഇവിടെയുള്ളവരൊക്കെ നല്ലയാളുകളാണ്. എനിക്ക് സ്റ്റേഷനിൽ ജോലി തരുമോ സർ?' അത് കേട്ട് പോലീസുകാർ ചിരിച്ചുവത്രെ! കൊൽക്കത്തയിൽ നടത്തിയ അന്വേഷണത്തിൽ ഇദ്ദേഹം വിചിത്ര സ്വഭാവമുള്ളയാളാണ് എന്ന് കൂടി അറിഞ്ഞതോടെ സമാധാനമായി! പ്രതിയുടെ മുഖം കേരളക്കരയിൽ പരിചിതമാകാനിടയില്ല. കാരണം അവന്റ മുഖം മറച്ചുകൊണ്ട് അഭിമാനം കാത്ത് സൂക്ഷിക്കാൻ നിയമപാലകർ പരമാവധി ശ്രമിച്ചിട്ടുണ്ട്.

മൂന്നാമത് ട്രെയ്നിന് തീ വയ്ക്കാനുള്ള ശ്രമത്തിനിടയിൽ പിടിക്കപ്പെട്ട പ്രതി മഹാരാഷ്ട്ര സ്വദേശിയായ 20 കാരനാണ്. മാധ്യമങ്ങളധികവും അവന്റെ പേര് പോലും പുറത്ത് വിട്ടിട്ടില്ല. കടലാസും ഉപയോഗശൂന്യമായ ലൈറ്ററും ഉപയോഗിച്ച് ട്രെയ്ൻ കത്തിക്കാൻ ശ്രമിച്ച മഹാരാഷ്ട്ര സ്വദേശി മാനസികാസ്വാസ്ഥ്യം നേരിടുന്ന വ്യക്തിയാണെന്ന് പോലീസ് പറഞ്ഞു. ഭീകരതയുടെ കഥകൾക്കും ഊഹങ്ങൾക്കുമൊന്നും ഇടനൽകാതെ പ്രതിയുടെ മനോരോഗം സ്ഥിരീകരിക്കാൻ നിയമപാലകർക്ക് കഴിഞ്ഞുവെന്നതിൽ നമുക്ക് അഭിമാനിക്കാം.

289 പേരുടെ മരണത്തിനിടയാക്കിയ ഒഡീഷ ട്രെയ്ൻ ദുരന്തത്തിലും വർഗീയത വിതക്കാനുള്ള ശ്രമമുണ്ടായി. ട്രെയ്നുകൾ കൂട്ടിയിച്ച സ്ഥലത്തിന് സമീപം വെളുത്ത നിറത്തിലുള്ള ക്ഷേത്രം മുസ്‌ലിം പള്ളിയാണെന്ന് തെറ്റിദ്ധരിപ്പിച്ച് മുസ്‌ലിം സമുദായത്തെ പ്രതിക്കൂട്ടിലാക്കാനുള്ള ശ്രമമുണ്ടായി. എന്നാൽ അത് ബഹാനഗയിലെ ഇസ്കോൺ ക്ഷേത്രമാണെന്ന് ആൾട്ട് മീഡിയകൾ വ്യക്തമാക്കുകയുണ്ടായി. എന്നാൽ ഇത്തരം കളവ് പ്രചരിപ്പിക്കുന്നവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാതെ തണലൊരുക്കുകയാണ് ഭരണകൂടങ്ങൾ.

ആയിരങ്ങൾ യാത്ര ചെയ്യുന്ന തീവണ്ടി തീയിട്ട് നശിപ്പിക്കുന്നത് വലിയ പാതകം തന്നെയാണ്. യാത്രക്കാരുടെ ദേഹത്തേക്ക് ഇന്ധനം ഒഴിച്ച് തീ വയ്ക്കുന്നത് കൊടും അക്രമമാണ് എന്നതിൽ ആർക്കും തർക്കമുണ്ടാകാനിടയില്ല. എന്നാൽ ഇത്തരം ആക്രമണങ്ങളെ വേഷവും പേരും വർഗവും മതവും അനുസരിച്ച് വേരുകൾ തേടുന്നത് ജനാധിപത്യ രാജ്യത്ത് ഭൂഷണമല്ല. കുറ്റവാളി ആരായിരുന്നാലും എല്ലാ സാധ്യതകളും അന്വേഷിക്കുകയാണ് വേണ്ടത്.

**പ്രതിയായ പ്രസോൻജിത്ത് സിദ്ഗറിൽ ഭീകരവാദ ചാപ്പ കുത്താൻ പേരിൽ പോലും അതിന്റെ അംശമില്ലെന്ന വിചിത്രതയാണ് തീരുമാനമായത്. ഭിക്ഷാടനം നടത്തി ജീവിച്ചിരുന്ന ഇയാൾ കയ്യിൽ പണമില്ലാത്തതിന്റെ നിരാശയും മാനസികസമ്മർദവും കാരണം ട്രെയ്നിൽ കയറി തീയിടുകയായിരുന്നുവെന്ന് ഉത്തരമേഖലാ ഐജി നീരജ് കുമാർ ഗുപ്ത പറഞ്ഞു. ഇയാൾക്ക് മറ്റു ലക്ഷ്യങ്ങളില്ലെന്നും സംഭവത്തിൽ മറ്റാർക്കും പങ്കില്ലെന്നും തീവ്രവാദ ബന്ധമില്ലെന്നും ഐജി കട്ടായം പറഞ്ഞു. ഭിക്ഷാടനം വിലക്കിയ ആർപിഎഫ് ഉദ്യോഗസ്ഥരോടുള്ള വിരോധവുമാണത്രെ അക്രമണത്തിന് കാരണം.**

ഒരു സമുദായത്തെ മാത്രം അരികുവൽക്കരിച്ച് എല്ലാ കുറ്റവും ചാർത്താനുള്ള സംഘ് രാഷ്ട്രീയത്തിന്റ ശ്രമങ്ങളെ അധികാരത്തണൽ നൽകി വളർത്താനുള്ള അജണ്ടയെ ഒരിക്കലും അംഗീകരിക്കാനാവില്ല. ജൂതൻമാരെ പ്ലേഗ് പരത്തുന്ന എലിയോടുപമിച്ച് അവരെ ഉൻമൂലനം ചെയ്യാൻ ജർമൻ മനസ്സിനെ പാകപ്പെടുത്താനുള്ള ജോസഫ് ഗീബൽസിന്റ തന്ത്രമാണ് കാവി രാഷ്ട്രിയം ഇവിടെയും പയറ്റുന്നത്. അതിന് കുടപിടിച്ച് കൊടുക്കാൻ മലയാളി പ്രബുദ്ധത ഒരുക്കമല്ല എന്ന് ഉറക്കെ പറയാൻ നമുക്കാകണം.

### മലബാറിൽ ട്രെയ്ൻ കത്തുമ്പോൾ

മഹാരാഷ്ട്ര, ഡൽഹി, ബംഗാൾ സ്വദേശികൾ ട്രെയ്നിന് തീ വയ്ക്കാൻ മലബാറിലെ സ്ഥലങ്ങൾ തന്നെ തെരഞ്ഞെടുത്തുവെന്നതാണ് ഏറെ വിചിത്രമായിട്ടുള്ളത്. ശരിയായ അന്വേഷണത്തിലൂടെ ഈ അക്രമങ്ങളിലെ ദുരൂഹതയകറ്റാനും ജനങ്ങളെ യാഥാർഥ്യം ബോധ്യപ്പെടുത്തേണ്ട ബാധ്യത അധികാരികൾക്കുണ്ട്. പ്രത്യേകിച്ച് കാലങ്ങളായി മലബാറിനെ പ്രശ്ന കാലുഷ്യങ്ങളിൽ തളച്ചിട്ട് രാജ്യത്തെ സംശയമുനയിൽ നിറുത്തി മുതലെടുപ്പിനുള്ള ശ്രമങ്ങൾ നടക്കുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. മലബാറിൽ പ്രശ്നങ്ങളുണ്ടാക്കാനായി വർഗീയ ലോബികൾ പരിശ്രമിക്കാൻ തുടങ്ങിയിയിട്ട് നാളുകളേറെയായി. രണ്ടുതരം നേട്ടങ്ങൾ ലക്ഷ്യമാക്കിയാണ് ഇവർ പ്രശ്നങ്ങളുണ്ടാക്കുന്നത്. മുസ്‌ലിം ഭൂരിപക്ഷ പ്രദേശത്തുള്ള സാമ്പത്തിക സ്രോതസ്സ് നശിപ്പിക്കുക, ഹിന്ദുക്കൾ മർദിക്കപ്പെടുന്നുവെന്ന ധാരണ സൃഷ്ടിക്കുക എന്നിവയാണവ. എലത്തൂരിലെ ട്രെയ്ൻ ആക്രമണത്തിൽ മൂന്ന് പേർ മരിച്ചതിനോട് മൗനമാവുകയും പരിക്കേറ്റ ഹിന്ദു സഹോദരങ്ങളുടെ പേരുകൾ പ്രത്യേകം ബോൾഡ് ചെയ്ത് പ്രചരിപ്പിക്കുകയും ചെയ്ത സംഘപരിവാര പത്ര


ങ്ങൾ അതിനൊരു തെളിവാണ്.

ഹിന്ദു-മുസ്‌ലിം സൗഹൃദം തകർക്കാനായി ധാരാളം ഗൂഢ തന്ത്രങ്ങൾ ഇവർ മെനയുന്നുണ്ട്. വർഷങ്ങൾക്ക് മുമ്പ് തുടർച്ചയായി സിനിമാഹാളുകൾ അഗ്നിക്കിരയാക്കിയത് അതിന്റ ഒരു ഭാഗമാണെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. മലബാറിൽ മുസ്‌ലിം മൗലികവാദം വളർന്നുകൊണ്ടിരിക്കുകയാണെന്നും ഹിന്ദുക്കൾ പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണെന്നുമുള്ള പ്രചാരണങ്ങൾ ഇന്ത്യയിലുടനീളം നടക്കുന്നുമുണ്ട്. വർഗീയ രാഷ്ട്രീയ സംഘത്തിന് ജനമനസ്സുകളിൽ സ്വാധീനം ലഭിക്കാനാവശ്യമായ സാമൂഹ്യാവസ്ഥ സൃഷ്ടിക്കാൻ ഹിന്ദു ഇന്റലിജൻഷ്യയുടെ അജണ്ടയുടെ ഭാഗമാണിതെല്ലാം. ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഖുർആനിനെയും പ്രവാചകനെയും സംബന്ധിച്ച് സാധാരണക്കാർക്കിടയിൽ തെറ്റുധാരണകൾ സൃഷ്ടിക്കുക, ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിക്കാനുള്ള ലക്ഷ്യത്തിനാണ് മുസ്‌ലിംകൾ പ്രവർത്തിക്കുന്നതെന്ന് ഹിന്ദുക്കളെ ബോധ്യപ്പെടുത്തുക, മുസ്‌ലിംകൾ ഭരിച്ച കാലഘട്ടങ്ങളിൽ ഹിന്ദുക്കൾ അടിച്ചമർത്തപ്പെടുകയായിരുന്നുവെന്നും ഹിന്ദുസ്ഥാപനങ്ങൾ ധ്വംസിക്കപ്പെടുകയായിരുന്നു വെന്നും സാധാരണക്കാരായ ജനങ്ങളെ പഠിപ്പിക്കുക, ഹിന്ദു രാഷ്ട്രം ചരിത്രത്തിന്റ അനിവാര്യതയാണെന്നും അതിന് വേണ്ടി പ്രവർത്തിക്കുന്നത് ഹിന്ദുയുവതയുടെ ബാധ്യതതയാണെന്നും യുവാക്കളെ ബോധ്യപ്പെടുത്തുക, മുസ്‌ലിംകളെ പ്രകോപിപ്പിച്ച് വൈകാരികമായി പ്രതികരിക്കാൻ പ്രേരിപ്പിക്കുക, മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ വർഗീയ കലാപങ്ങളുണ്ടാക്കി ചേരിതിരുവുണ്ടാക്കുക, അതിന് വേണ്ടി ടിപ്പു സുൽത്താന്റെയും ഔറംഗസീബിന്റയും മറ്റു മുസ്‌ലിം ചക്രവർത്തിമാരുടെയും കാലത്ത് നടന്നുവെന്ന് പറയപ്പെടുന്ന ക്ഷേത്രധ്വംസനങ്ങളും മതപരിവർത്തനങ്ങളും ചൂണ്ടിക്കാട്ടി ഒരു മുസ്‌ലിം അധികാരത്തിൽ വന്നാൽ ഇതായിരിക്കും അവസ്ഥയെന്ന് ചിത്രീകരിക്കുന്ന ചരിത്രരചനാ ശൈലി സ്വീകരിക്കുക തുടങ്ങിയതെല്ലാം ഒരു സമുദായത്തെ അപരവത്കരിക്കുവാനും അവരെക്കുറിച്ച് അന്യ സമുദായങ്ങൾക്കിടയിൽ ഭീതിയുണ്ടാക്കാനുമുള്ള ശ്രമങ്ങളുടെ ഭാഗമാണ്. സംഘ്പരിവാരത്തിന്റെ ഇത്തരം ദുഷിച്ച പ്രവർത്തനങ്ങളെ സാധൂകരിക്കാനുള്ള സ്റ്റെപ്പുകളാണ് തീവണ്ടിയിലെ തീയും മുസ്‌ലിം നാമധാരിക്ക് ഭീകരതയുടെ പരിവേഷം നൽകലുമെല്ലാം എന്ന് പറയുന്നത് അതിശോക്തിയാവുകയില്ല.

**ആയിരങ്ങൾ യാത്ര ചെയ്യുന്ന തീവണ്ടി തീയിട്ട് നശിപ്പിക്കുന്നത് വലിയ പാതകം തന്നെയാണ്. യാത്രക്കാരുടെ ദേഹത്തേക്ക് ഇന്ധനം ഒഴിച്ച് തീ വയ്ക്കുന്നത് കൊടും അക്രമമാണ് എന്നതിൽ ആർക്കും തർക്കമുണ്ടാകാനിടയില്ല. എന്നാൽ ഇത്തരം ആക്രമണങ്ങളെ വേഷവും പേരും വർഗവും മതവും അനുസരിച്ച് വേരുകൾ തേടുന്നത് ജനാധിപത്യ രാജ്യത്ത് ഭൂഷണമല്ല. കുറ്റവാളി ആരായിരുന്നാലും എല്ലാ സാധ്യതകളും അന്വേഷിക്കുകയാണ് വേണ്ടത്. ഒരു സമുദായത്തെ മാത്രം അരികുവൽക്കരിച്ച് എല്ലാ കുറ്റവും ചാർത്താനുള്ള സംഘ് രാഷ്ട്രീയത്തിന്റ ശ്രമങ്ങളെ അധികാരത്തണൽ നൽകി വളർത്താനുള്ള അജണ്ടയെ ഒരിക്കലും അംഗീകരിക്കാനാവില്ല. ജൂതൻമാരെ പ്ലേഗ് പരത്തുന്ന എലിയോടുപമിച്ച് അവരെ ഉൻമൂലനം ചെയ്യാൻ ജർമൻ മനസ്സിനെ പാകപ്പെടുത്താനുള്ള ജോസഫ് ഗീബൽസിന്റ തന്ത്രമാണ് കാവി രാഷ്ട്രിയം ഇവിടെയും പയറ്റുന്നത്. അതിന് കുടപിടിച്ച് കൊടുക്കാൻ മലയാളി പ്രബുദ്ധത ഒരുക്കമല്ല എന്ന് ഉറക്കെ പറയാൻ നമുക്കാകണം.**

### കുറ്റകൃത്യങ്ങളും മതപരിവേഷവും

‘ഗാന്ധിയുടെ ഘാതകൻ ഗോഡ്സെ ആണെങ്കിൽ, അയാളും രാജ്യത്തിന്റെ പുത്രനാണ്. അയാൾ ജനിച്ചത് ഇന്ത്യയിലാണ്, ഔറംഗസീബിനെയും ബാബറിനെയും പോലെ ഒരു അധിനിവേശക്കാരനായിരുന്നില്ല. ബാബറിന്റെ മകൻ എന്ന് വിളിക്കപ്പെടുന്നതിൽ ആർക്കെങ്കിലും സന്തോ



ഷമുണ്ടെങ്കിൽ ആ വ്യക്തിക്ക് ഭാരത് മാതയുടെ മകനാകാൻ കഴിയില്ല' ബിജെപി നേതാവും കേന്ദ്ര മന്ത്രിയുമായ ഗിരിരാജ് സിംഗ് മഹാത്മാ ഗാന്ധിയുടെ ഘാതകൻ നാഥുറാം വിനായക് ഗോഡ്സെയെ ന്യായീകരിച്ച് പറഞ്ഞ വാക്കുകളാണിവ. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ കൊന്ന രാജ്യദ്രോഹിയുടെ ക്രൂരതയെ സാമാന്യവൽക്കരിക്കാൻ യാതൊരു സങ്കോചവുമില്ലാതെ കേന്ദ്ര മന്ത്രി തന്നെ മുന്നോട്ട് വന്നുവെന്നത് എത്ര ഭയാനകമാണ്! പക്ഷേ, ഒരു മുസ്‌ലിമിന്റെ വായയിൽ നിന്നാണ് അത്തരം പരാമർശം വന്നതെങ്കിൽ എന്തായിരിക്കും പുകില്! പാക്കിസ്ഥാൻ ചാരൻ, രാജ്യദ്രോഹി തുടങ്ങിയ പേരുകൾ കൊണ്ട് മാധ്യമങ്ങൾ ആഘോഷിച്ചേനെ!

പ്രജ്ഞാസിങ് ഠാക്കൂറിന്റെ ഗോഡ്സേയെ കുറിച്ചുള്ള 'ദേശഭക്ത്' പരാമർശം വിവാദമായതിന് പിന്നാലെ ഗോഡ്സെയെ വാഴ്ത്തി കേന്ദ്ര മന്ത്രി അനന്തകുമാർ ഹെഡ്ഗെ രംഗത്ത് വന്നപ്പോഴും കാര്യമായ പ്രശ്നങ്ങളുണ്ടായില്ല. അതും ഒരു മുസ്‌ലിം നാമധാരിയുടെ പേരിലായിരുന്നെങ്കിൽ ഒരു സമുദായം നൽകേണ്ടിവരുന്ന വില എന്താകുമായിരുന്നു! തന്റെ വിശ്വാസവും സംസ്കാരവും രാജ്യത്തോടുള്ള പ്രതിബദ്ധതയും കാരണമായി ഒരിക്കലും ഒരു മുസ്‌ലിമിന്റെ നാവിൽനിന്ന് അത്തരം വാക്കുകൾ വരില്ലെന്നത് വേറെ കാര്യം.

രാജ്യത്തിന്റെ പ്രതിരോധ രഹസ്യം പാക്കിസ്ഥാന് ചോർത്തിക്കൊടുത്തത് ഡിആർഡിഒ ഡയറക്ടർ പ്രതീപ് കുരുൽക്കർ ആർഎസ്എസുകാരനായിരുന്നു. അയാൾ മുസ്‌ലിം നാമധാരിയായിരുന്നെങ്കിൽ മുസ്‌ലിം സമുദായം ഭീകരമായ വിധത്തിൽ ക്രൂശിക്കപ്പെടുമായിരുന്നില്ലേ? രാജ്യത്തിന്റെ പല ഭാഗങ്ങളിലും അരങ്ങേറിയ സാമുദായിക ലഹളകൾക്കും കൂട്ടനരമേധങ്ങൾക്കും കാരണം സംഘ്പരിവാരിലെ വിവിധ പ്രസ്ഥാനങ്ങളായിരുന്നുവെന്ന് അന്വേഷണം നടത്തിയ വിവിധ കമ്മീഷനുകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതിന് കാരണമായിട്ടുള്ളത് ഗോൾവാൾക്കറിയൻ പ്രത്യയശാസ്ത്രമാണ് താനും. ഗോൾവാൾക്കർ പറയുന്നു: 'ഈ മണ്ണിൽ ജനിച്ച് വികാസം പ്രാപിച്ച് ആയിരമായിരം വർഷങ്ങളായി ഇവിടെ കഴിയുന്ന ഒരു ജനസമൂഹമാണ് നമ്മുടെത്. ഹിന്ദു സമൂഹം എന്നാണ് ഈ സമൂഹം പ്രത്യേകിച്ച് അടുത്ത കാലത്തായി അറിയപ്പെടുന്നത്. അതൊരു ചരിത്രയാഥാർഥ്യമാകുന്നു. കാരണം ഹൈന്ദവ ജനതയുടെ പ്രപിതാക്കളാണ് സമൂഹത്തിന്റ പാരമ്പര്യങ്ങളും വിവിധ മാനദണ്ഡങ്ങളും നിശ്ചയിച്ചതും കടമകളും അവകാശങ്ങളും തിട്ടപ്പെടുത്തിയിട്ടുള്ളതും. മാതൃഭൂമിയുടെ അഖണ്ഡതയും പവിത്രതയും സംരക്ഷിക്കുന്നതിന് വേണ്ടി രക്തം ചൊരിഞ്ഞതും അവർതന്നെയാണ്. ആയിരമായിരം വർഷത്തെ നമ്മുടെ ചരിത്രത്തിൽ ഇതിനെല്ലാം തെളിവുകളുണ്ട്. വളരെ സ്പഷ്ടമാണ്, ഇത് ഹിന്ദുക്കളുടെ ജൻമഭൂമിയാണ്, ഹിന്ദുക്കളുടെ മാത്രം.'

**കേരളത്തിൽ കലാപമുണ്ടാക്കാനും മതവിദ്വേഷം വളർത്താനും ആസൂത്രിതമായ ശ്രമങ്ങളുണ്ട്. അതിന് നേതൃത്വം നൽകുന്നവർ പ്രത്യക്ഷത്തിൽ തന്നെ ജനങ്ങൾക്കിടയിൽ ജീവിക്കുന്നുമുണ്ട്. അധികാരികളും നിയമപാലകരും ഇതിനോട് നിസ്സംഗത പുലർത്തുന്നത് സമാധാനകാംക്ഷികളെ വല്ലാതെ വേദനിപ്പിക്കുന്നുണ്ട്. ചാനൽ ചർച്ചകളിൽ വന്നിരുന്ന് കളവു പറഞ്ഞ് വർഗീയ വിഷം ചീറ്റുന്നവർക്കെതിരെയും ചെറുവിരലനക്കുന്നില്ലന്നതും 'മനോരോഗികൾ' വളരാൻ കാരണമാകുന്നുണ്ട്.**

ഈ ആശയം ഗ്രഹിച്ച് അതനുസരിച്ച് ജീവിക്കുന്നവന്റ പ്രവൃത്തിയിലൂടെയും നാവിലൂടെയും സ്പർദയും വിദ്വേഷ പ്രവാഹവും വന്നാലും ഒരു നിയമനടപടിയും അവനെ ബാധിക്കുകയില്ലന്ന പൊതുബോധം രൂപപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച് മുസ്‌ലിം സമുദായത്തെ മുഖ്യ ലക്ഷ്യമാക്കി സംഘ്പരിവാരങ്ങൾ കരുക്കൾ നീക്കിയ 1980 മുതൽ പ്രത്യേകിച്ച് അങ്ങനെയൊരു ബോധം രൂപപ്പെടുത്തിയിട്ടുണ്ട്.

### കേരളീയ പരിസരങ്ങളിലെ 'മനോരോഗം'

ഉത്തർപ്രദേശ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആർഎസ്എസ് ശാഖകളുള്ള സംസ്ഥാനമാണ് കേരളം. അതിന്റ എല്ലാ സംവിധാനങ്ങളും ഉപയോഗിച്ച് മലയാളികൾക്കിടയിൽ വെറുപ്പുൽപാദിപ്പിച്ച് കൊണ്ടിരിക്കുന്നുണ്ട്. എന്നിട്ടും സാമൂഹിക സഹോദര്യത്തിന് വിള്ളലേൽപിക്കാൻ സാധിച്ചിട്ടില്ലെന്നത് മലയാളികളുടെ പ്രബുദ്ധതയെയും സൗഹൃദബോധത്തെയും കൂടുതൽ പ്രതിഫലിപ്പിക്കുന്നതാണ്. സിനിമാ രംഗത്തെയും സാംസ്കാരിക രംഗത്തെയും കാവിവൽകരിച്ച് മലയാളികൾക്കിടയിൽ വിദ്വേഷം വിതക്കാൻ ശ്രമിച്ചിട്ടും യാതൊരു പ്രതിഫലനവും ഉണ്ടാക്കാൻ സാധിച്ചിട്ടില്ലെന്നതാണ് സാമൂഹിക ജീവിതം സാക്ഷ്യപ്പെടുത്തുന്നത്.

കേരളത്തിൽ കലാപമുണ്ടാക്കാനും മതവിദ്വേഷം വളർത്താനും ആസൂത്രിതമായ ശ്രമങ്ങളുണ്ട്. അതിന് നേതൃത്വം നൽകുന്നവർ പ്രത്യക്ഷത്തിൽ തന്നെ ജനങ്ങൾക്കിടയിൽ ജീവിക്കുന്നുമുണ്ട്. അധികാരികളും നിയമപാലകരും

ഇതിനോട് നിസ്സംഗത പുലർത്തുന്നത് സമാധാനകാംക്ഷികളെ വല്ലാതെ വേദനിപ്പിക്കുന്നുണ്ട്.

2020ൽ തോക്കുകളും വടിവാളുകളും മറ്റു മാരകായുധങ്ങളുമായി ഫേസ്ബുക്കിലും ട്വിറ്ററിലും കലാപാഹ്വാനം നടത്തിയ ഹിന്ദു പരിഷത്ത് നേതാവ് പ്രതീഷ് വിശ്വനാഥിനെതിരെ കേസെടുക്കാൻ പോസ്റ്റിന്റെ ചിത്രങ്ങൾ പോലീസിന്‍റെ സോഷ്യൽ മീഡിയാ സെല്ലിന് അയച്ച് കൊടുത്തയാൾക്ക് 'not in Kerala (അയാൾ കേരളത്തിലല്ല)' എന്ന വിചിത്രമായ മറുപടിയാണത്രെ ലഭിച്ചത്. അമിത് ഷാ, യോഗി ആദിത്യ നാഥ്, മോദി തുടങ്ങിയ സംഘ് പരിവാറിന്റ മുതിർന്ന നേതാക്കളുമായി അടുത്തബന്ധം പുലർത്തുന്നയാളാണ് പ്രതീഷ്. സോഷ്യൽ മീഡിയയിൽ നിരന്തരം പ്രകോപനപരമായ പ്രസ്താവനകൾ നടത്തുന്ന ഇയാൾക്കെതിരെ നിരവധി പേർ പരാതി നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ നടപടിയൊന്നു മുണ്ടായിട്ടില്ല.

'ആയുധം താഴെ വയ്ക്കാൻ ഇനിയും സമയമായിട്ടില്ല. ശത്രു നമുക്കിടയിൽ പതിയിരിക്കുവോളം ആയുധം ഉപേക്ഷിക്കുന്നത് ആത്മഹത്യാപരമാണ്. മറ്റൊരു പാക്കിസ്ഥാനോ ബംഗ്ലാദേശോ താലിബാനോ അല്ല വരുംതലമുറക്ക് സമ്മാനിക്കേണ്ടതില്ലെങ്കിൽ വിശ്രമത്തിനുള്ള സമയമല്ല ഇത്' എന്ന് ആഹ്വാനം ചെയ്താണ് തോക്കുകളും വടിവാളുകളുമടങ്ങിയ മാരകായുധങ്ങൾ പൂജയ്ക്ക് വയ്ക്കുന്ന ചിത്രം പ്രതീഷ് ഫേസ്ബുക്കിലിട്ടത്. ഇതേ ചിത്രങ്ങൾ ഇംഗ്ലീഷ് അടിക്കുറിപ്പോടെ ട്വിറ്ററിലും പോസ്റ്റ് ചെയ്തിട്ടുണ്ട്. ഒരുലക്ഷം ഹിന്ദു യുവാക്കൾക്ക് ത്രിശൂലം വിതരണം ചെയ്യുമെന്ന് പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഇത്രയൊക്കെ ആയിട്ടും ഇയാൾക്കെതിരെ നിയമനടപടിയെടുക്കാൻ അധികാരികൾ തയ്യാറായിട്ടില്ല. എന്നാൽ പുസ്തകങ്ങളും ലഘുലേഖകളും കൈവശം വച്ചതിന് അലൻ, ത്വാഹ എന്നീ ഇടതുപക്ഷ സഹയാത്രികരെ യുഎപിഎ ചുമത്തി മാസങ്ങളോളം തടവിലിട്ടതും നമ്മുടെ കേരളത്തിലാണ്. ശബരിമല വിഷയത്തിൽ കൊച്ചി കമ്മീഷണർ ഓഫീസിന് മുന്നിൽ വച്ച് ബിന്ദു അമ്മിണിയെ മുളക് പൊടി സ്പ്രേ ഉപയോഗിച്ച് ആക്രമിച്ചത് പ്രതീഷിന്റ നേതൃത്വത്തിലുള്ള സംഘമായിരുന്നു. തൃശൂർ കൊടുങ്ങല്ലൂരിൽ വൈദികരെ കൈയേറ്റം ചെയ്തത് ഹിന്ദു പരിഷത്ത് ജില്ലാ ഭാരവാഹി ഗോപിനാഥൻ കൊടുങ്ങല്ലൂരായിരുന്നു. ആലുവയിൽ സിനിമയുടെ സെറ്റ് തകർത്തതും പറവൂരിൽ നോട്ടീസ് വിതരണം ചെയ്ത മുജാഹിദ് പ്രവർത്തകരെ ആക്രമിച്ചതും ഇവർ തന്നെയാണ്. എന്നിട്ടും ഇവർക്കെതിരെ നടപടി സ്വീകരിക്കുവാൻ അധികാരികൾ തയ്യാറാവാത്തതാണ് സമാധാനകാംക്ഷികളെ ആകുലപ്പെടുത്തുന്നത്. ചാനൽ ചർച്ചകളിൽ വന്നിരുന്ന് കളവു പറഞ്ഞ് വർഗീയ വിഷം ചീറ്റുന്നവർക്കെതിരെയും ചെറുവിരലനക്കുന്നില്ലന്നതും 'മനോരോഗികൾ' വളരാൻ കാരണമാകുന്നുണ്ട്. ■





## WISDOM ISLAMIC ORGANIZATION

കോഴിക്കോട്: സമൂഹത്തിന് അറിവും ഉൾക്കാഴ്ചയും സാമൂഹ്യബോധവും പകർന്നു നൽകൽ ലക്ഷ്യം വച്ചുകൊണ്ട്, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെയും പോഷക ഘടകങ്ങളുടെയും നേതൃത്വത്തിൽ ജൂൺ 11 ഞായറാഴ്ച വ്യത്യസ്ത പ്രോഗ്രാമുകൾ നടന്നു.

**സംസ്ഥാന പ്രബോധക ശിൽപശാല**

സംസ്ഥാന പ്രബോധക ശിൽപശാല കോഴിക്കോട്ട് വിസ്ഡം വൈ.പ്രസിഡന്റ് അബൂബക്കർ സലഫിയുടെ അധ്യക്ഷതയിൽ നടന്നു. വിവിധ സെഷനുകളിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അഷ്റഫ്, നാസിർ ബാലുശ്ശേരി, ഹാരിസ് ബിൻ സലീം, ഷമീർ മദീനി തുടങ്ങിയവർ സംസാരിച്ചു. അബ്ദുല്ല ഫാസിൽ, അൻവർ സ്വലാഹി, ശിഹാബ് എടക്കര, ജമാൽ ചെറുവാടി, നവാസ് ഒളവണ്ണ എന്നിവർ നേതൃത്വം നൽകി.

**ഐടി വർക്ക്ഷോപ്പ്**

ഐടി വിദഗ്ധരെ സംസ്ഥാനത്ത് ഉപയോഗപ്പെടുത്താൻ പദ്ധതികൾ വേണമെന്നും കുട്ടികൾക്കിടയിൽ വർധിച്ച് വരുന്ന ഐടി അനുബന്ധ ഗെയിമുകളുടെ അഡിക്ഷൻ ഒഴിവാക്കാൻ പ്രത്യേക ബോധവൽക്കരണത്തിന് ഊന്നൽ നൽകണമെന്നും കോഴിക്കോട് സംഘടിപ്പിച്ച ഐടി വർക്ക്ഷോപ്പ് ആവശ്യപ്പെട്ടു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അഷ്റഫ്ഉദ്ഘാടനം ചെയ്തു. അഡ്വ: പി.എ മുഹമ്മദ് അഷറഫ് ആലപ്പുഴ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി സി.പി സലീം, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി, ഷബീർ കോട്ടക്കൽ, കെ. മുഹമ്മദ് ജമാൽ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു.

# ഒരു ദിനം; ഒട്ടേറെ പരിപാടികൾ

### പള്ളി വകുപ്പ് കൺവീനർമാരുടെ ശിൽപശാല

മനസ്സമാധാനത്തിന്റെ ഇടമായ മസ്ജിദുകൾ പരിപാലിക്കേണ്ടതും ഭൗതിക സൗകര്യങ്ങളോടൊപ്പം തന്നെ അവയുടെ ആത്മീയവശവും കുറ്റമറ്റതാക്കുകയെന്നതും കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് ബോധ്യപ്പെടുത്തുന്നതിനും അല്ലാഹുവിന്റെ ഭവനത്തെ ഏറ്റവും നല്ലരീതിയിൽ പരിപാലിക്കാനും പള്ളിയുടെ പരമാവധി സാധ്യതകൾ സമൂഹത്തിന് പ്രയോജനപ്പെടുത്താനും ലക്ഷ്യംവച്ചുകൊണ്ട് പള്ളി വകുപ്പ് കൺവീനർമാർക്ക് വേണ്ടി ശിൽപശാല നടത്തി. പ്രൊഫ. ഹാരിസ് ബിൻ സലീം അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസി. അബൂബക്കർ സലഫി ഉദ്ഘാടനം ചെയ്തു. സി.പി. സലീം, ടി.കെ. അശ്‌റഫ് ക്ലാസ്സുകളെടുത്തു. പി.വി. അബ്ദുൽ ജലീൽ ഒതായി, സുഹൈൽ. പി.യു, കെ.അർശദ് സ്വലാഹി, ഉസ്മാൻ പാലക്കാഴി, വി.എം. റിയാസ് തുടങ്ങിയവർ നേതൃത്വം നൽകി.

### 'സ്നേഹസ്പർശം' വർക്ക്ഷോപ്പ്

വിസ്ഡം യൂത്ത് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുന്നതിനായി സ്നേഹസ്പർശം വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. വിസ്ഡം യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസി. താജുദ്ദീൻ സ്വലാഹി, അബ്ദുല്ല അൻസാരി, ഡോ.നസീഫ് പി.പി നേതൃത്വം നൽകി.

### വിസ്ഡം യൂത്ത് 'എക്സ്പേർട്ട് മീറ്റ്'

വിസ്ഡം യൂത്ത് ഓർഗനൈസേഷൻ ശാഖാ ഭാരവാഹികളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതലങ്ങളിൽ സംഘടിപ്പിച്ചുവരുന്ന എക്സ്പേർട്ട് മീറ്റ് കോഴിക്കോട് സൗത്ത് ജില്ലയിൽ നടന്നു. യുവാക്കൾ അകപ്പെട്ടു കൊണ്ടിരിക്കുന്ന എല്ലാത്തരം ചതിക്കുഴികളിൽനിന്നും അവരെ കരകയറ്റുക, ലഹരിക്കും തീവ്രവാദത്തിനും ആത്മീയ ചൂഷണങ്ങൾക്കും എതിരായ പോരാട്ടങ്ങൾക്ക് കൂടുതൽ മികവും കൃത്യതയും രൂപപ്പെടുത്തുക, ജീവിത വിശുദ്ധി കൈവരിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് എക്സ്പേർട്സ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നത്.

വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. നിശാദ് സലഫി, ഭാരവാഹികളായ അൻഫസ് മുക്റം, ജംഷീർ സ്വലാഹി, ബഷീർ വി.പി, ഫിറോസ് ഖാൻ സ്വലാഹി, മുജാഹിദ് ബാലുശ്ശേരി, സംസ്ഥാന പ്രവർത്തക സമിതിയംഗങ്ങളായ മുനവ്വർ സ്വലാഹി, അബ്ദുറഹ്മാൻ ചുങ്കത്തറ നേതൃത്വം നൽകി.

### വിസ്ഡം യൂത്ത് 'ഫാമിലി മീറ്റ്'

വിസ്ഡം യൂത്ത് കോഴിക്കോട് നോർത്ത് ജില്ലാ സമിതി പൂനൂരിൽ വെച്ച് സംഘടിപ്പിച്ച ഫാമിലി മീറ്റിന് സംസ്ഥാന വൈസ് പ്രസിഡണ്ട് മുസ്തഫ മദനി നേതൃത്വം നൽകി. വിസ്ഡം യൂത്ത് കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കൂത്തുപറമ്പിൽ വെച്ച് ക്വുർആൻ സമ്മേളനം സംഘടിപ്പിച്ചു. കെ. മുരളീധരൻ എം.പി. വിശിഷ്ടാതിഥിയായി പങ്കെടുത്തു. ഹാരിസ് ഇബ്നു സലീം, സി.പി. സലീം, താജുദ്ദീൻ സ്വലാഹി, മുനവ്വർ സ്വലാഹി, ശരീഫ് കാര തുടങ്ങിയവർ ക്ലാസ്സുകളെടുത്തു.

### വിസ്ഡം സ്റ്റുഡന്റ്'സ്റ്റേറ്റ് ഇന്റലക്ചൽ മീറ്റ്'

വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന സമിതി വിവിധ ക്യാമ്പസുകളിൽനിന്നുള്ള വിദ്യാർഥി-വിദ്യാർഥിനികൾക്കായി സംഘടിപ്പിച്ച സ്റ്റേറ്റ് ഇന്റലക്ചൽ മീറ്റ് ബഹു. പി.ടി.എ റഹീം എംഎൽഎ ഉദ്ഘാടനം ചെയ്തു. ട്രഷറർ ഷബീബ് മഞ്ചേരി, സെക്രട്ടറി സി.വി കാബിൽ, വെൽഫയർ വിംഗ് കൺവീനർ സജീൽ പരപ്പനങ്ങാടി തുടങ്ങിയവർ നേതൃത്വം നൽകി.

### 'എംപവർ' ലീഡേഴ്സ് മീറ്റ്

സെപ്തംബർ 8,9,10 തീയതികളിൽ കോഴിക്കോട് വെച്ച് നടക്കുന്ന 27ാമത് പ്രൊഫ്കോണിന്റെ മുന്നോടിയായി ജില്ലകളിൽ സംഘടിപ്പിക്കുന്ന എംപവർ ലീഡേഴ്സ് മീറ്റ് 5 ജില്ലകളിൽ നടന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം ഈസ്റ്റ് ജില്ലകളിൽ നടന്ന സംഗമങ്ങൾക്ക് വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന ഭാരവാഹികൾ നേതൃത്വം നൽകി.

### ജാമിഅഃ അൽഹിന്ദ് പ്രവേശന സംഗമം

2023-2024 അധ്യായന വർഷത്തിൽ ജാമിഅഃ അൽഹിന്ദിലെ വിവിധ കോഴ്സുകളിലേക്ക് അഡ്മിഷൻ നേടിയ വിദ്യാർഥികളുടെ പ്രവേശന സംഗമവും കഴിഞ്ഞ വർഷം ജാമിഅഃ ഫൈനൽ പരീക്ഷയിലും കേരള പ്ലസ് ടു പരീക്ഷയിലും ഉന്നത വിജയം നേടിയ വിദ്യാർഥികളെ അനുമോദിക്കലും മിനി ഊട്ടിയിൽ നടന്നു. കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ഫൈസൽ മൗലവി എന്നിവർ നേതൃത്വം നൽകി.

ലേഖനം


# മക്കയുടെ ഭൗതിക സവിശേഷതകൾ

ഡോ. ടി. കെ യൂസുഫ്
: 9349798262

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ലക്ഷക്കണക്കിന് മുസ്‌ലിംകൾ ഇപ്പോൾ ഹജ്ജ് കർമം നിർവഹിക്കുന്നതിന് വേണ്ടി മക്കയിൽ സമ്മേളിച്ചിരിക്കുകയാണ്. ഭൂമിയിലെ ആദ്യത്തെ ആരാധനാലമായ കഅ്ബ സ്ഥിതിചെയ്യുന്ന മക്കക്ക് മതപരമായ പ്രാധാന്യങ്ങൾ കൂടാതെ ഭൂമിശാസ്ത്രപരമായും ഒട്ടേറെ സവിശേഷതകളുണ്ട്. മുസ്‌ലിംകൾ ഹജ്ജ്, ഉംറ തീർഥാടനങ്ങൾക്ക് എത്തിച്ചേരുന്നത് കഅ്ബത്തിങ്കലേക്കാണ്. നമസ്കാരത്തിൽ അതിന്റെ നേർക്കാണ് തിരിഞ്ഞു നിൽക്കുന്നത്. മരണപ്പെട്ടവരെ മറവു ചെയ്യുമ്പോൾ അതിന്റെ നേർക്കാണ് മുഖം തിരിച്ചുവയ്ക്കാറുള്ളത്. ഈ കഅ്ബ ഭൂമിയുടെ കരഭാഗത്തിന്റെ മധ്യഭാഗത്താണ് സ്ഥിതിചെയ്യുന്നത് എന്ന വസ്തുത ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ സഹായത്താൽ സംശയാതീതമായി തെളിയിക്കപ്പെട്ടിരിക്കുകയാണ്.

മക്കയുടെ ഏറ്റവും വലിയ മഹത്ത്വം ആ നാട് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടതാണ് എന്നതാണ്. അല്ലാഹുവിന് മാത്രമല്ല, അവന്റെ തിരുദൂതർ(സ്വ)ക്കും മക്ക ഏറെ പ്രിയപ്പെട്ടതായിരുന്നു. ഏകദൈവത്തെ മാത്രം ആരാധിക്കുക എന്ന് ആഹ്വാനം ചെയ്ത പ്രവാചകന് ബഹുദൈവാരാധ





**മക്കയുടെ ഏറ്റവും വലിയ മഹത്ത്വം ആ നാട് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടതാണ് എന്നതാണ്. അല്ലാഹുവിന് മാത്രമല്ല, അവന്റെ തിരുദൂതർ(സ്വ)ക്കും മക്ക ഏറെ പ്രിയപ്പെട്ടതായിരുന്നു. ഏകദൈവത്തെ മാത്രം ആരാധിക്കുക എന്ന് ആഹ്വാനം ചെയ്ത പ്രവാചകന് ബഹുദൈവാരാധകരിൽനിന്ന് കഠിനമായ എതിർപ്പ് നേരിടേണ്ടിവന്നപ്പോൾ മനസ്സില്ലാ മനസ്സോടെയാണ് മക്കയിൽനിന്ന് പലായനം ചെയ്തത്. മദീനയിലേക്ക് യാത്ര പുറപ്പെട്ടതിന് ശേഷം വീണ്ടും മക്കയിലേക്ക് തിരിഞ്ഞു നിന്നുകൊണ്ട് അദ്ദേഹം പറഞ്ഞു: ''നീ നാടുകളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടതാണ്, അല്ലാഹുവിന്റെ നാടുകളിൽ എനിക്ക് ഏറെ ഇഷ്ടപ്പെട്ടതും നീ തന്നെയാണ്. ബഹുദൈവാരാധകർ എന്നെ പുറത്താക്കിയിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നിൽനിന്നും പുറത്തു പോകുമായിരുന്നില്ല.'' അല്ലാഹുവിനും റസൂലിനും ഏറ്റവും പ്രിയപ്പെട്ട ഈ നാട് ധാരാളം പ്രവാചകന്മാരുടെ പാദസ്പർശമേറ്റ പുണ്യഭൂമികൂടിയാണ്.**

കരിൽനിന്ന് കഠിനമായ എതിർപ്പ് നേരിടേണ്ടിവന്നപ്പോൾ മനസ്സില്ലാ മനസ്സോടെയാണ് മക്കയിൽനിന്ന് പലായനം ചെയ്തത്. മദീനയിലേക്ക് യാത്ര പുറപ്പെട്ടതിന് ശേഷം വീണ്ടും മക്കയിലേക്ക് തിരിഞ്ഞു നിന്നുകൊണ്ട് അദ്ദേഹം പറഞ്ഞു: "നീ നാടുകളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടതാണ്, അല്ലാഹുവിന്റെ നാടുകളിൽ എനിക്ക് ഏറെ ഇഷ്ടപ്പെട്ടതും നീ തന്നെയാണ്. ബഹുദൈവാരാധകർ എന്നെ പുറത്താക്കിയിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നിൽനിന്നും പുറത്തു പോകുമായിരുന്നില്ല." അല്ലാഹുവിനും റസൂലിനും ഏറ്റവും പ്രിയപ്പെട്ട ഈ നാട് ധാരാളം പ്രവാചകന്മാരുടെ പാദസ്പർശമേറ്റ പുണ്യഭൂമികൂടിയാണ്.

ഭൂമിയിലെ കരപ്രദേശത്തിന്റെ മധ്യത്തിലാണ് മക്ക സ്ഥിതിചെയ്യുന്നത് എന്ന വസ്തുത ആദ്യമായി തെളിയിക്കപ്പെട്ടത് 1977ലാണ്. സങ്കീർണമായ ഗണിതശാസ്ത്ര തത്ത്വങ്ങൾ അവലംബിച്ച് വർഷങ്ങൾ നീണ്ടുനിന്ന ശാസ്ത്രീയ പഠന-ഗവേഷണങ്ങൾക്ക് ശേഷമാണ് ഈ യാഥാർഥ്യം കണ്ടെത്തിയത്. ഈ അത്ഭുതകരമായ കണ്ടെത്തലിന്റെ കഥയെക്കുറിച്ച് ഈജിപ്ഷ്യൻ ശാസ്ത്രജ്ഞനായ ഡോ. ഹുസൈൻ കമാലുദ്ദീൻ പറഞ്ഞതിന്റെ ചുരുക്കം ഇതാണ്:

ലോകത്തിന്റെ ഏത് കോണിലുള്ള വിശ്വാസികൾക്കും കഅ്ബയുടെ ദിശ കൃത്യമായി മനസ്സിലാക്കാൻ കഴിയുന്ന ഒരു സംവിധാനം കണ്ടെത്താൻ വേണ്ടിയാണ് അദ്ദേഹം ഗവേഷണമാരംഭിച്ചത്. പള്ളികളില്ലാത്ത പല നാടുകളിലും ഒറ്റപ്പെട്ട മുസ്‌ലിംകൾ നമസ്‌കാര സമയത്ത് കഅ്ബയുടെ ദിശയറിയാൻ പാടുപെടുന്നതായി അദ്ദേഹം തന്റെ സഞ്ചാരത്തിനിടയിൽ മനസ്സിലാക്കിയിരുന്നു. കഅ്ബയുടെ ദിശ പ്രത്യേകം രേഖപ്പെടുത്തുന്ന രൂപത്തിൽ ഭൂഗോളത്തിന് ഒരു മാപ്പ് തയ്യാറാക്കിയാൽ ഈ പ്രശ്നത്തിന് പരിഹാരം കാണാനാകുമെന്ന് അദ്ദേഹം കണ്ടെത്തുകയുണ്ടായി.

പുതിയ മാപ്പിന്റെ മുന്നോടിയായി അദ്ദേഹം അഞ്ച് ഭൂഖണ്ഡങ്ങളുടെ രേഖാചിത്രം തയ്യാറാക്കി. അപ്പോഴാണ് മക്ക ലോകത്തിന്റെ നടുവിലാണെന്ന വിസ്മയകരമായ യാഥാർഥ്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടത്. തുടർന്ന് അദ്ദേഹം ഒരു കോമ്പസ് എടുത്ത് അതിന്റെ ഒരറ്റം മക്ക നഗരത്തിലും മറ്റേ അറ്റം എല്ലാ ഭൂഖണ്ഡങ്ങളുടെ മേലും തിരിച്ചു. അപ്പോൾ മക്കക്ക് ചുറ്റും ഭൂമിയുടെ കരഭാഗം വളരെ വ്യവസ്ഥാപിതമായി വിന്യസിക്കപ്പെട്ടിരിക്കുന്നുവെന്ന് കണ്ടെത്തുകയുണ്ടായി. അമേരിക്കയും ആസ്‌ത്രേലിയയും കണ്ടെത്തുന്നതിനുമുമ്പുള്ള പഴയ മാപ്പ് എടുത്ത് പരീക്ഷണം ആവർത്തിച്ചപ്പോഴും മക്ക ഭൂമിയുടെ കരഭാഗത്തിന്റെ മധ്യത്തിലാണെന്ന് കണ്ടെത്തുകയുണ്ടായി.

മക്ക മാതൃനഗരിയാണെന്നും അത് ഭൂമിയുടെ മധ്യഭാഗത്താണ് സ്ഥിതിചെയ്യുന്നത് എന്നും സൂചിപ്പിക്കുന്ന ക്വുർആൻ വചനം കാണുക:.

"ഇതാ നാം അവതരിപ്പിച്ച നന്മ നിറഞ്ഞ ഒരു ഗ്രന്ഥം. അതിന്റെ മുമ്പുള്ള വേദത്തെ ശരിവയ്ക്കുന്നതത്രെ അത്. മാതൃനഗരി(മക്ക)യിലും അതിന്റെ ചുറ്റുഭാഗത്തുമുള്ളവർക്ക് താക്കീത് നൽകുവാൻ വേണ്ടിയുള്ളതുമാണ് അത്" (അൽഅൻആം 92).

ഗോളശാസ്ത്ര പ്രകാരം വർഷത്തിൽ രണ്ട് തവണ സൂര്യൻ കഅ്ബയുടെ നേരെ മുകളിൽ വരുന്നുണ്ട്. ഈ ദിവസങ്ങളിൽ ഏത് നാട്ടിലെയും സൂര്യന്റെ നിഴൽ കഅ്ബക്ക് അഭിമുഖമായിരിക്കും.

ഭൂമിയിലെ അക്ഷാംശ-രേഖാംശ രേഖകൾ തമ്മിൽ വളരെ കൃത്യമായി പൂജ്യത്തിൽ സന്ധിക്കുന്നതും മക്കയിലാണ്. മറ്റു ഭാഗങ്ങളിലെല്ലാം തന്നെ ചില്ലറ ഏറ്റക്കുറവുകൾ കാണപ്പെടുന്നുണ്ട്. അതുകൊണ്ട് തന്നെ ആഗോള സമയക്രമത്തിന് ഗ്രീനിച്ച് എന്ന സാങ്കൽപിക സമയക്രമത്തിന് പകരമായി ഭൂമിയുടെ മധ്യത്തിലുള്ള മക്കയിലെ സമയം പാലിക്കാവുന്നതാണ്. ഗ്രീനിച്ച് രേഖ സ്ഥിതിചെയ്യുന്നത് 5.8 ഡിഗ്രി പടിഞ്ഞാറോട്ട് ചെരിഞ്ഞാണ്. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അധീശത്വത്തിന്റെ ഫലമായായാണ് അതിന് ആഗോള അംഗീകാരം ലഭിച്ചത്. ‘മക്ക ഭൂഖണ്ഡങ്ങളുടെ കേന്ദ്രബിന്ദു’ എന്ന വിഷയത്തിൽ കഴിഞ്ഞ ഒരു ദശകത്തിനിടയിൽ പല മുസ്‌ലിം നാടുകളിലും ധാരാളം സെമിനാറുകൾ സംഘടിപ്പിക്കുകയും അമുസ്‌ലിം ശാസ്ത്രജ്ഞർ പോലും ഇക്കാര്യം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഹറമിന് തൊട്ടടുത്ത കെട്ടിടത്തിൽ സ്ഥിതിചെയ്യുന്ന മക്കാ ക്ലോക്ക് ലോകത്തിലെ ഏറ്റവും വലിയ ഘടികാരമാണ്. അമ്പത് മീറ്ററോളം വലിപ്പമുള്ള ഈ കൂറ്റൻ ഘടികാരത്തിന്റെ സൂചികൾ ചലിക്കുന്നത് പരമ്പരാഗതമായ ഘടികാരങ്ങളിൽനിന്ന് വ്യത്യസ്തമായി കഅ്ബയിലെ തവാഫിന് അനുഗുണമായി ഇടത്തുനിന്നും വലത്തോട്ടാണ്.

മക്കാ ക്ലോക്ക് സ്ഥിതിചെയ്യുന്ന കെട്ടിടം ഭൂമിയിൽനിന്നും ആദ്യത്തെ കുറച്ചു ഭാഗം സിമന്റ് കൂട്ട് കൊണ്ടും അതിനു മുകളിലുള്ളത് ഇരുമ്പ്/ഉരുക്ക് കൊണ്ടുമാണ് നിർമിച്ചിട്ടുള്ളത്. ഈ രണ്ട് ഘടകങ്ങൾ കൂടിച്ചേരുമ്പോൾ മക്കാ ടവറിന് 1972 അടി ഉയരം വരും. ദുബായിലെ ഖലീഫ ടവറിനോട് തുലനം ചെയ്യുമ്പോൾ ഉയരത്തിൽ രണ്ടാം സ്ഥാനമുള്ള ഈ ക്ലോക്ക് ടവർ നിർമാണത്തിന് 15 ബില്യൻ യുഎസ് ഡോളർ ചെലവ് വന്നിട്ടുണ്ട്. ലണ്ടനിലെ ക്ലോക്കിനെക്കാൾ ആറിരട്ടി വലിപ്പമുള്ള ഈ ഘടികാരത്തിലെ സമയം വെളിച്ചത്തിന്റെ വ്യക്തതക്കനുസരിച്ച് 11 മുതൽ 17 കിലോമീറ്റർ അകലെനിന്ന് വരെ ദർശിക്കാനാവും. ടവറിന്റെ നാല് വശങ്ങളിലായി നാല് ഘടികാരങ്ങളാണ് പദ്ധതിയിലുള്ളത്. രണ്ടെണ്ണത്തിന്റെ പണി ഇതിനകം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളതിന്റെ പണിയും ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കയാണ്. ജർമനിയിൽ നിർമിച്ച ഈ ക്ലോക്കിന് അബ്ദുല്ലാ രാജാവിന്റെ പേരാണ് തീരുമാനിച്ചതെങ്കിലും തിരുഗേഹങ്ങളുടെ സേവകനായ അദ്ദേഹം മക്കാ ക്ലോക്ക് എന്ന പേരാണ് നിർദേശിച്ചത്.



**മക്കയുടെ മറ്റൊരു മഹത്ത്വം വറ്റാത്ത ഉറവുജലമായ സംസം കിണറാണ്. മക്ക മുമ്പ് വരണ്ടതും വിജനവുമായ മരുഭൂമിയായിരുന്നു. അവിടെ വെള്ളമോ സസ്യങ്ങളോ ഉണ്ടായിരുന്നില്ല. ഇബ്റാഹീം നബി(അ) അവിടെ താമസമാക്കിയിട്ട് ഏകദേശം അയ്യായിരം വർഷം പിന്നിട്ടിട്ടുണ്ടെന്നാണ് ചരിത്ര ഗ്രന്ഥങ്ങൾ വെളിപ്പെടുത്തുന്നത്. ഇതുവരെയും അതിലെ വെള്ളം വറ്റിയിട്ടില്ല എന്ന് മാത്രമല്ല അന്ത്യദിനം വരെ അത് വറ്റുകയുമില്ല.**

മക്കയുടെ മറ്റൊരു സവിശേഷത വറ്റാത്ത ഉറവുജലമായ സംസം കിണറാണ്. മക്ക മുമ്പ് വരണ്ടതും വിജനവുമായ മരുഭൂമിയായിരുന്നു. അവിടെ വെള്ളമോ സസ്യങ്ങളോ ഉണ്ടായിരുന്നില്ല. ദൈവിക കൽപനയനുസരിച്ച് ഇബ്റാഹീം നബി(അ) മകൻ ഇസ്മാഈലിനെ അവിടെ താമസിപ്പിച്ച കാര്യം പ്രസ്താവിക്കവെ ഖുർആൻ ഇക്കാര്യം സൂചിപ്പിക്കുന്നതായി കാണാം.

“ഞങ്ങളുടെ രക്ഷിതാവേ, എന്റെ സന്തതികളിൽനിന്ന് ചിലരെ കൃഷിയൊന്നുമില്ലാത്ത ഒരു താഴ്‌വരയിൽ നിന്റെ പവിത്രമായ ഭവനത്തിന്റെ അടുത്ത് ഞാൻ ഇതാ താമസിപ്പിച്ചിരിക്കുന്നു” (ഇബ്റാഹീം 37).

ഇബ്റാഹീം നബി(അ) അവിടെ താമസമാക്കിയിട്ട് ഏകദേശം അയ്യായിരം വർഷം പിന്നിട്ടിട്ടുണ്ടെന്നാണ് ചരിത്ര ഗ്രന്ഥങ്ങൾ വെളിപ്പെടുത്തുന്നത്. ഇതുവരെയും അതിലെ വെള്ളം വറ്റിയിട്ടില്ല എന്ന് മാത്രമല്ല അന്ത്യദിനം വരെ അത് വറ്റുകയുമില്ല.

ഹജ്ജിനും ഉംറക്കും വരുന്ന ദശലക്ഷക്കണക്കിന് ആളുകൾ കുടിക്കുകയും ബന്ധുക്കൾക്ക് പുണ്യതീർഥമായി കൊണ്ടുപോകുകയും ചെയ്യുന്നത് സംസം കിണറിലെ വെള്ളമാണ്. ഇത്രയധികം വെള്ളം പമ്പുചെയ്യപ്പെടുന്ന ഒരു കിണർ ലോകത്ത് വേറെയില്ല എന്നതിൽ സംശയമില്ല.

ലേഖനം

# പൂച്ചയ്ക്ക് ആര് മണികെട്ടും?




**അലി ചെമ്മാട്**

അബുദാബിയിൽ ഇലക്ട്രിക് ട്രേഡിംഗ് മേഖലയിൽ ജോലിചെയ്യുന്ന കാലം; ഇരുപത് വർഷം കഴിഞ്ഞു കാണും. സുഹൃത്തിന്റെ നല്ലനിലയിൽ പ്രവർത്തിക്കുന്ന ഹാർഡ്‌വേർ സ്ഥാപനത്തിൽ പർച്ചെയ്സ് ആവശ്യത്തിനു പോയ സമയം അവന്റെ കുടുംബത്തെക്കുറിച്ച് അന്വേഷിച്ചു. മൂത്ത മകൻ ബാംഗ്ലൂരിൽ ബിഎസ്ഇ ഇലക്ട്രോണിക്സിന് പഠിക്കുന്നു എന്ന് പറഞ്ഞു. അവനെ കൊമേഴ്സോ എകണോമിക്സോ ബിബിഎയോ പഠിപ്പിച്ചുകൂടായിരുന്നോ, എങ്കിൽ കോഴ്സ് കഴിഞ്ഞ് ഇവിടെ താങ്കളെ ബിസിനസ്സിൽ സഹായിക്കാൻ കൂടുതൽ ഉപകാരപ്പെടുമായിരുന്നില്ലേ എന്ന എന്റെ ചോദ്യത്തെ അദ്ദേഹം ശരിവച്ചു. രണ്ട് വർഷം കഴിഞ്ഞ് മകൻ സ്ഥാപനത്തിലെത്തുകയും സ്ഥാപനം ഏറ്റെടുക്കുകയും ചെയ്തു. ഇപ്പോൾ പിതാവിനെക്കാളും നന്നായി സ്ഥാപനത്തെ മുന്നോട്ട് കൊണ്ടുപോകുന്നു. പ്ലസ് ടു സയൻസും ബിഎസ്ഇ ഇലക്ട്രോണിക്സും പഠിക്കാൻ വിനിയോഗിച്ച കാലം നഷ്ടമായി അവശേഷിക്കുന്നു.

വെക്കേഷൻ സമയം തുടങ്ങുന്നതോടെ സർവ മാധ്യമങ്ങളും (സോഷ്യൽ മീഡിയ, പ്രിന്റ് മാധ്യമങ്ങൾ, ടി.വി, റേഡിയോ...) പഠന പരസ്യങ്ങൾകൊണ്ട് നിറഞ്ഞു കവിയുകയാണ്. ഒരാഴ്ചകൊണ്ട് അവസാനിക്കുന്ന ഓൺലൈൻ കോഴ്സുകൾ മുതൽ യു.കെ, യു.എസ്, യൂറോപ്പ്, റഷ്യ തുടങ്ങി പല വിദേശരാജ്യ യൂണിവേഴ്സിറ്റികളിൽ പോയി പഠിക്കുന്നതിന്റെ മഹത്ത്വം വരെ പറയുന്ന പരസ്യങ്ങൾ ധാരാളം. പല പരസ്യങ്ങളിലും യുവതാരങ്ങളും ജരാനര ബാധിച്ച താരങ്ങളും അഭിനേതാക്കൾ! ഒട്ടുമിക്ക പരസ്യങ്ങളും എങ്ങനെ നല്ലൊരു കോർപറേറ്റ് അടിമയകാം എന്ന് പഠിപ്പിക്കുന്നു!

എങ്ങനെ ഒരു തൊഴിൽദാതാവാകാം, ഒരു സ്ഥാപനം തുടങ്ങാനായി അറിയേണ്ട അടിസ്ഥാന വിവരങ്ങൾ എന്തൊക്കെ എന്നിങ്ങനെയുള്ള ഉപകാരപ്രദമായ പരസ്യങ്ങൾ കാണില്ല. ഗവേഷണ മേഖലകളെക്കുറിച്ചോ ശാസ്ത്രമേഖലകളെക്കുറിച്ചോ വിദ്യാഭ്യാസ കച്ചവടത്തിന്റെ പരസ്യങ്ങളിൽ ഒന്നും കാണില്ല.

പല പ്രൊഫഷണൽ വിദ്യാർഥികളും ആയുസ്സിലെ നല്ലൊരു ഭാഗം നഷ്ടപ്പെടുത്തി പഠിച്ചുതീർക്കുന്ന കോഴ്സുകൾ കൊണ്ട് അവർക്കോ കുടുംബത്തിനോ സമൂഹത്തിനോ യാതൊരു ഗുണവും ലഭിക്കുന്നില്ല. (എല്ലാവരുടെയും അവസ്ഥയല്ല പറയുന്നത്). നല്ല ബിസിനസ്സ് സ്ഥാപനങ്ങൾ നടത്തുന്ന മൾട്ടി ബില്യൻസ് മുതലാളിമാരുടെ മക്കളെവരെ ഇങ്ങനെ ആയുസ്സ് നഷ്ടപ്പെടുത്താൻ പറഞ്ഞയക്കുന്നു എന്നതിന് ഉദാഹരണങ്ങൾ നമ്മുടെ മുന്നിൽ ധാരാളം.

തുടക്കത്തിൽ കൊടുത്ത, ‘ഞാൻ ഡോക്ടറാകും കാരണം എന്റെ കോച്ച് ഡോക്ടറാണ്’ എന്നത് ഒരു പരസ്യവാചകമാണ്. ഈയിടെ പത്രത്തിന്റെ മുൻപേജ് ഫുൾപേജ് പരസ്യവാചകം! ഒരു എൻട്രൻസ് കോച്ചിംഗ് സ്ഥാപനത്തിന്റെ ഈ പരസ്യത്തിലെ നെഗറ്റീവ് വശം തിരിച്ചറിയാനുള്ള ബോധം ആ സ്ഥാപനത്തിനില്ല. ലക്ഷങ്ങളും കോടികളും മുടക്കി ഒരാൾ ഡോക്ടറായ ശേഷവും ആതുരസേവന മേഖലയിൽ കയറിപ്പറ്റാൻ സാധിക്കാതെ എൻട്രൻസ് കോച്ചിംഗ് സെന്ററുകളിൽ ട്രെയിനർമാരായി ജോലി ചെയ്യുന്നതിലെ സമയ, സാമ്പത്തിക, സാമൂഹ്യനഷ്ടങ്ങൾ നാം പരിഗണിക്കുക. ഇതിനായിരുന്നോ അയാൾ പഠിച്ചത്? ഇങ്ങനെയുള്ള പരാജയ സാക്ഷ്യ

പത്രങ്ങൾ സമൂഹത്തിൽ ധാരാള മുണ്ട്.

എനിക്കറിയാവുന്ന ഒരു ബിസിനസ്സ് സാമ്രാജ്യത്തിന്റെ ഉടമയുടെ മകൾക്ക് വരനെ വേണം, നല്ല പയ്യനുണ്ടെങ്കിൽ പറയണം എന്ന് അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരൻ എന്നോട് സൂചിപ്പിച്ചു. കൂട്ടത്തിൽ ഒരു കാര്യം നിബന്ധനയായി പറഞ്ഞു; 'അവൾക്ക് ജോലിക്ക് പോകാൻ അനുവാദമുണ്ടായിരിക്കണം.' ഞാൻ ചോദിച്ചു: 'അവന്റെ മകൾക്ക് ജോലി ചെയ്തു ജീവിക്കേണ്ടതുണ്ടോ? അഥവാ അങ്ങനെ ജോലിക്ക് പോകാൻ അനുവാദം നൽകുന്ന ഒരു ബന്ധം ലഭിച്ചാൽ തന്നെ അവന്റെ സോഷ്യൽ സ്റ്റാറ്റസിന് യോജിച്ചതാകുമെന്നുറപ്പുണ്ടോ?' സുഹൃത്ത് അപ്പറഞ്ഞത് ശരിയാണെന്ന് സമ്മതിച്ചു. ആ കുട്ടിക്ക് വിവാഹന്വേഷണം തുടങ്ങിയിട്ട് രണ്ട് വർഷത്തിലേറെയായി.

മറ്റൊരു അതിസമ്പന്നനായ സുഹൃത്തിന്റെ മകൻ പിജി എടുത്ത ഡോക്ടറാണ്. ആ കുട്ടിയുടെ വിവാഹം അന്വേഷിക്കുന്ന സമയത്ത് എംബിബിഎസിന് പഠിക്കുന്ന ഒരു കുട്ടിയെ നിർദേശിച്ചു. സുഹൃത്ത് പറഞ്ഞത് മകന് ഇണയായി വരുന്ന കുട്ടിക്ക് ഡിഗ്രി പോലും ആവശ്യമില്ല എന്നതാണ് മകന്റെ താൽപര്യം എന്നാണ്. ഏതായാലും പ്രൊഫഷണലുകളെ വേണ്ട (ഭാര്യയുടെ വരുമാനം കൊണ്ട് ജീവിക്കാൻ ഉദ്ദേശിക്കുന്നില്ല എന്നർഥം) എന്ന് തീർത്ത് പറഞ്ഞിരിക്കുന്നു മകൻ!

പലപ്പോഴും പെൺകുട്ടികളുടെ രക്ഷിതാക്കൾ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു മക്കളെ പറഞ്ഞയക്കുന്നത് വിവാഹക്കമ്പോളത്തിൽ വേഗം വിറ്റുപോകുന്ന ചരക്കായി മക്കളെ മാറ്റാനാണ്. ഇങ്ങനെ സമൂഹത്തിന്റെ ഒഴുക്കിനോപ്പം നീന്താൻ ശ്രമിക്കുന്ന രക്ഷിതാക്കൾ മക്കൾക്ക് നല്ല കുടുംബജീവിതം ലഭിക്കുന്ന വിവാഹാലോചനകൾ വന്നാലും കുട്ടിക്ക് ജോലിക്ക് പോകാൻ സൗകര്യം വേണം, എങ്കിലേ വിവാഹം നടക്കൂ എന്ന് വാശിപിടിക്കാറുണ്ട്. സമ്മതമില്ലെങ്കിൽ ആലോചന തിരസ്കരിക്കുകയും ചെയ്യും. പതിനായിരം രൂപയിൽ താഴെ മാത്രം വരുമാനമുള്ള ഫാർമസിസ്റ്റ്, ഓഫ്താൽമോളജി കോഴ്സുകൾ കഴിഞ്ഞവർക്കാകും കൂടുതൽ വാശി.

**പലപ്പോഴും പെൺകുട്ടികളുടെ രക്ഷിതാക്കൾ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു മക്കളെ പറഞ്ഞയക്കുന്നത് വിവാഹക്കമ്പോളത്തിൽ വേഗം വിറ്റുപോകുന്ന ചരക്കായി മക്കളെ മാറ്റാനാണ്. ഇങ്ങനെ സമൂഹത്തിന്റെ ഒഴുക്കിനോപ്പം നീന്താൻ ശ്രമിക്കുന്ന രക്ഷിതാക്കൾ മക്കൾക്ക് നല്ല കുടുംബജീവിതം ലഭിക്കുന്ന വിവാഹാലോചനകൾ വന്നാലും കുട്ടിക്ക് ജോലിക്ക് പോകാൻ സൗകര്യം വേണം, എങ്കിലേ വിവാഹം നടക്കൂ എന്ന് വാശിപിടിക്കാറുണ്ട്. സമ്മതമില്ലെങ്കിൽ ആലോചന തിരസ്കരിക്കുകയും ചെയ്യും. പതിനായിരം രൂപയിൽ താഴെ മാത്രം വരുമാനമുള്ള ഫാർമസിസ്റ്റ്, ഓഫ്താൽമോളജി കോഴ്സുകൾ കഴിഞ്ഞവർക്കാകും കൂടുതൽ വാശി.**

ഈയിടെ ഏതാനും ചെറുപ്പക്കാർ ഒരു ട്രേഡിംഗ് സ്ഥാപനം തുടങ്ങി. അവർ തുടങ്ങുന്നതിന് മുമ്പ് ചെലവുകൾ വിലയിരുത്തുകയായിരുന്നു. എക്കൗണ്ട് കൈകാര്യം ചെയ്യാൻ ആള് വേണം, അതിന് എത്ര ശമ്പളം നൽകണം എന്ന ചർച്ച വന്നു. മാർക്കറ്റ് പരിചയമുള്ള, മാനേജർ പൊസിഷനിലുള്ള വ്യക്തി പറഞ്ഞു: 'അതിന് നമുക്ക് സ്ത്രീകളെ നിയമിക്കാം. അവർക്ക് 4000/5000 രൂപ ശമ്പളം കൊടുത്താൽ മതിയാകും. ഹൗസ്കീപിംഗിനു വേറെ ആളെ നോക്കുകയും വേണ്ട. അവർക്ക് ജോലി ഉണ്ടായാൽ മതി.'

വിവാഹ മാർക്കറ്റിലെ ആധുനിക സ്ത്രീധനം പണമോ സ്വർണമോ വസ്തുവോ മാത്രമല്ല, കൂടുതൽ ജോലിസാധ്യതയുള്ള മെഡിസിനും എഞ്ചിനിയറിങ്ങും പിജിയും ഡിഗ്രിയും ഡിപ്ലോമയും നെറ്റും സെറ്റും നീറ്റും കൂടിയാണ്. സ്ത്രീധനത്തിനെതിരെ ഉറക്കെ സംസാരിക്കുന്നവർക്കിടയിൽ പോലും തന്റെ ഭാര്യ പണം കായ്ക്കുന്ന മരമാകണം എന്നാഗ്രഹിക്കുന്നവരുണ്ട് എന്നത് യാഥാർഥ്യമാണ്. പലരും അങ്ങനെയുള്ളവരെത്ത



**വിവാഹ മാർക്കറ്റിലെ ആധുനിക സ്ത്രീധനം പണമോ സ്വർണമോ വസ്തുവോ മാത്രമല്ല, കൂടുതൽ ജോലിസാധ്യതയുള്ള മെഡിസിനും എഞ്ചിനിയറിങ്ങും പിജിയും ഡിഗ്രിയും ഡിപ്ലോമയും നെറ്റും സെറ്റും നീറ്റും കൂടിയാണ്. സ്ത്രീധനത്തിനെതിരെ ഉറക്കെ സംസാരിക്കുന്നവർക്കിടയിൽ പോലും തന്റെ ഭാര്യ പണം കായ്ക്കുന്ന മരമാകണം എന്നാഗ്രഹിക്കുന്നവരുണ്ട് എന്നത് യാഥാർഥ്യമാണ്. പലരും അങ്ങനെയുള്ളവരെത്തന്നെ അന്വേഷിച്ചു കണ്ടെത്തി വിവാഹം കഴിക്കുന്നു. ഇതിനെക്കാൾ വലിയ ദുരിതം ആദർശത്തിൽ അടിയുറച്ചു വളർന്ന പെൺകുട്ടികൾക്കാണ്. അവരിൽ പലർക്കും ആദർശവിവാഹം അന്യമാകുന്നു. പലപ്പോഴും പെൺകുട്ടികളും രക്ഷിതാക്കളും അതിന് നിർബന്ധിതരാകുകയാണ് ചെയ്യുന്നത്. ഇത്തരം കുട്ടികൾ ഭർതൃവീട്ടിലെ അനാചാരങ്ങൾക്ക് കൂട്ടുനിൽക്കാൻ നിർബന്ധിക്കപ്പെടുകയും പതിയെ ആദർശം വലിച്ചെറിയുന്ന അവസ്ഥയിലേക്ക് എത്തിപ്പെടുകയും ചെയ്യുന്നു.**

ന്നെ അന്വേഷിച്ചു കണ്ടെത്തി വിവാഹം കഴിക്കുന്നു.

പല യുവാക്കളും വിവാഹം അന്വേഷിക്കുമ്പോൾ മറ്റ് പലതും പരിഗണിക്കുമെങ്കിലും ആദർശപ്പൊരുത്തം പരിഗണിക്കാറില്ല എന്നത് നിഷേധിക്കാൻ കഴിയാത്ത കാര്യമാണ്. പലരും പറയുക, നാം പെൺകുട്ടിയെ ഇങ്ങോട്ട് കൊണ്ടുവരികയല്ലേ, ആദർശവും ദീനുമൊക്കെ നമുക്ക് ശരിയാക്കിയെടുക്കാം എന്നാണ്. പലപ്പോഴും ഇതൊരു പ്രതീക്ഷ മാത്രമായി മാറുകയാണ് ചെയ്യാറുള്ളത്. അവരുടെ ആദർശത്തിലേക്ക് ചായ്‌വുള്ളവരായി ഭർത്താക്കൻമാർ മാറുന്ന അവസ്ഥയാണ് പലപ്പോഴും സംജാതമാവുക. അവർ ഉമ്മമാരാകുന്നതോടെ അവരുടെ കുട്ടികൾ അവരുടെ ആദർശത്തിൽ വളർത്തപ്പെടുകയും ചെയ്യും. (മറിച്ച് സംഭവിക്കുന്നേയില്ല എന്നല്ല ഇപ്പറഞ്ഞതിനർഥം).

ഇതിനെക്കാൾ വലിയ ദുരിതം ആദർശത്തിൽ അടിയുറച്ചു വളർന്ന പെൺകുട്ടികൾക്കാണ്. അവരിൽ പലർക്കും ആദർശവിവാഹം അന്യമാകുന്നു. പലപ്പോഴും പെൺകുട്ടികളും രക്ഷിതാക്കളും അതിന് നിർബന്ധിതരാകുകയാണ് ചെയ്യുന്നത്. ഇത്തരം കുട്ടികൾ ഭർതൃവീട്ടിലെ അനാചാരങ്ങൾക്ക് കൂട്ടുനിൽക്കാൻ നിർബന്ധിക്കപ്പെടുകയും പതിയെ ആദർശം വലിച്ചെറിയുന്ന അവസ്ഥയിലേക്ക് എത്തിപ്പെടുകയും ചെയ്യുന്നു.

പറഞ്ഞ കാര്യങ്ങൾ ഒരുപക്ഷേ, പലരെയും വേദനിപ്പിച്ചേക്കാം. പൂച്ചക്ക് ആരെങ്കിലും മണികെട്ടിയില്ലെങ്കിൽ എലികളുടെ സുരക്ഷിത ജീവിതം നഷ്ടപ്പെടും. അതുകൊണ്ട് അങ്ങനെയൊരു സാഹസത്തിന് മുതിർന്നതാണ്. ■

## വിസ്ഡം എഡ്യുക്കേഷൻ ബോർഡ്

# പൊതുപരീക്ഷാ ഫലം പ്രഖ്യാപിച്ചു

കോഴിക്കോട്: വിസ്ഡം എഡ്യുക്കേഷൻ ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന മദ്റസകളിലെ 2022-23 അധ്യയന വർഷത്തെ അഞ്ച്, എട്ട് ക്ലാസ്സുകളിലെ പൊതുപരീക്ഷാ ഫലം പ്രഖ്യാപിച്ചു. അഞ്ചാം തരത്തിൽ 85.61%വും എട്ടാം തരത്തിൽ 86.82%വുമാണ് വിജയ ശതമാനം.

എട്ടാം തരത്തിൽ 98.66 % ശതമാനം മാർക്കോടെ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് സലഫി മദ്റസയിലെ നദാ സഈദ് ഒന്നാം റാങ്ക് കരസ്ഥമാക്കി. അതേ മദ്റസയിലെ റിസ ഹാരിസും തോട്ടശ്ശേരിയറ അൽ മദ്റസതുസ്സലഫിയ്യയിലെ നദ നൗഷാദും 98.33% മാർക്കോടെ രണ്ടാം റാങ്കും, ചൂടിക്കോട്ട മദ്റസതുസ്സ്വിബാഹിലെ ഫാത്വിമ ഷാസിയ ടി. 97.00% മാർക്കോടെ മൂന്നാം റാങ്കും കരസ്ഥമാക്കി.

അഞ്ചാം തരത്തിൽ കാസർകോട് ജില്ലയിലെ കാഞ്ഞങ്ങാട് സലഫി മദ്റസയിലെ ഫാത്വിമത്ത് ഹിബ പി.ടി.പി 99.33% മാർക്കോടെ ഒന്നാം റാങ്ക് നേടി. മലപ്പുറം ജില്ലയിലെ പുത്തനങ്ങാടി മദ്റസതുസ്സലഫിയ്യയിലെ രിദ മെഹ്ഫിൻ പിയും അങ്ങാടിപ്പുറം സലഫി മദ്റസയിലെ അയാൻ ഹംസയും 98.66% മാർക്കോടെ രണ്ടാം റാങ്ക് പങ്കിട്ടു. പാലക്കാട് ജില്ലയിലെ എടത്തനാട്ടുകര ദാറുൽ കുർആൻ അൽഹിക്മ സലഫി മദ്റസയിലെ ഷിസ ഫാത്വിമ.എം, നടുവട്ടം മദ്റസതുസ്സലഫിയ്യ യിലെ മുസ്ലിഹ കെ.കെ. എന്നിവർ 98.33% മാർക്കോടെ മൂന്നാം റാങ്ക് പങ്കിട്ടു.

കേരളത്തിലെ വിവിധ ജില്ലകളിലെ മദ്റസകളിൽനിന്ന് പരീക്ഷയെഴുതിയ വിദ്യാർഥികളിൽ നിന്നും കേന്ദ്രീകൃത മൂല്യനിർണയത്തിലൂടെയാണ് റാങ്കുകാരെ കണ്ടെത്തിയത്. ■



# ഐകമത്യം മഹാബലം

നബീൽ പയ്യോളി

കർണാടക തെരഞ്ഞെടുപ്പ് രാജ്യത്തെ രാഷ്ട്രീയരംഗത്തെ വഴിത്തിരിവാകും എന്ന് തുടക്കം മുതൽതന്നെ പി.സി.സി അധ്യക്ഷൻ ഡികെ ശിവകുമാർ ആവർത്തിച്ച് പറയുന്നുണ്ടായിരുന്നു. അത് യാഥാർഥ്യ ബോധത്തോടെയുള്ള പ്രഖ്യാപനമായിരുന്നു എന്ന് കാലം തെളിയിച്ചു.

കർണാടകയിൽ കോൺഗ്രസ്സ് നേടിയ ആധികാരിക വിജയം രാജ്യത്തെ മറ്റ് പ്രതിപക്ഷ പാർട്ടികൾക്കും ജനാധിപത്യ വിശ്വാസികൾക്കും വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിന് ആത്മവിശ്വാസത്തോടെ കരുത്ത് പകർന്നു. ഫാസിസ്റ്റ് ക്യാമ്പിൽ എന്തെന്നില്ലാത്ത മൂകതയും കാണാം. ജനാധിപത്യത്തെ തകർക്കാൻ സർവ തന്ത്രങ്ങളും പയറ്റിയ തെരഞ്ഞെടുപ്പിൽ അമ്പേ പരാജയപ്പെട്ടത് വെറുപ്പിന്റെ ശക്തികളെ തെല്ലൊന്നുമല്ല തളർത്തിയത്.

കർണാടക തെരഞ്ഞെടുപ്പ് വിജയത്തിന് പലഘടകങ്ങളും കാരണമായിട്ടുണ്ട്. സാധാരണക്കാരന്റെ അടിസ്ഥാന പ്രശ്നങ്ങൾ അഡ്രസ്സ് ചെയ്യാനും മുഴുവൻ ജനങ്ങളെയും ചേർത്ത് നിർത്താനും സാധിച്ചു എന്നതാണ് വിജയതന്ത്രങ്ങളിൽ ഏറ്റവും പ്രധാനം. ആദിവാസികളും മുസ്ലിംകളും സ്ത്രീകളും കുട്ടികളും തൊഴിൽ രഹിതരും അടക്കം പ്രത്യേക പരിഗണനയർഹിക്കുന്ന ജനവിഭാഗങ്ങൾക്ക് പ്രതീക്ഷ നൽകുന്ന തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളും അവരെ കേൾക്കാൻ തയ്യാറായതുമാണ് വലിയൊരു വിഭാഗം ജനതക്ക് പ്രതീക്ഷ നൽകിയതും അവർ തങ്ങളുടെ സമ്മതിദാനാവകാശം ജനാധിപത്യത്തെ പുതുവഴികളിലേക്ക് നയിക്കും വിധം വിനിയോഗിച്ചതും.

തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളായി അഞ്ച് പദ്ധതികൾ കോൺഗ്രസ്സ് ജനങ്ങൾക്ക് നൽകുകയും അത് നടപ്പിലാക്കും എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. മാസം 200 യൂണിറ്റ് വൈദ്യുതി സൗജന്യമായി നൽകുന്ന ഗൃഹജ്യോതി പദ്ധതി, കുടുംബനാഥയ്ക്ക് മാസം 2000 രൂപ വീതം നൽകുന്ന ഗൃഹലക്ഷ്മി പദ്ധതി, സ്ത്രീകൾക്ക് സൗജന്യ ബസ് യാത്ര, തൊഴിൽരഹിതരായ ബിരുദധാരികൾക്ക് 3000 രൂപയും ഡിപ്ലോമക്കാർക്ക് 1500 രൂപയും നൽകുന്ന യുവനിധി പദ്ധതി, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ ഓരോ വ്യക്തിക്കും മാസം തോറും പത്ത് കിലോ വീതം സൗജന്യ അരി ഉറപ്പാക്കുന്ന അന്നഭാഗ്യ പദ്ധതി എന്നിവയായിരുന്നു വാഗ്ദാനങ്ങൾ. അത് തെരഞ്ഞടുപ്പു സമയത്തെ പാഴ്വാഗ്ദാനങ്ങളല്ല എന്ന് സിദ്ധരാമയ്യ സർക്കാർ തെളിയിച്ചുകൊണ്ടിരിക്കുകയാണ്.

രാഹുൽ ഗാന്ധി നയിച്ച ഭാരത് ജോഡോ യാത്ര ഏറ്റവുമധികം സമയം ചെലവഴിച്ച സംസ്ഥാനം എന്നത് കൂടി കർണാടക തെരഞ്ഞെടുപ്പിനെ സ്വാധീനിച്ചു എന്ന് വിലയിരുത്തപ്പെടുന്നു. എല്ലാ വിഭാഗം ജനങ്ങളുമായി സംവദിക്കാനും അവരുടെ ആവശ്യ

ങ്ങൾ അറിഞ്ഞു പരിഹാരങ്ങൾ തേടാനും ഈ യാത്രക്ക് സാധിച്ചു എന്ന് വേണം കരുതാൻ. അതോടൊപ്പം ബിജെപി ഭരണത്തിന്റെ ഫലമായി ഉണ്ടായ തൊഴിലില്ലായ്മയും വർഗീയതയും ക്രമസമാധാന പ്രശ്നങ്ങളും വിലക്കയറ്റവും അഴിമതിയും അടക്കം ജനങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രശ്നങ്ങളെ അഡ്രസ്സ് ചെയ്യാൻ കോൺഗ്രസ്സിന് സാധിച്ചു എന്നതും ജനങ്ങളുടെ വിശ്വാസ്യത നേടിയെടുക്കാനും പിന്തുണ ലഭിക്കാനും കാരണമായിട്ടുണ്ട്. ഈ സാഹചര്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനും സാധാരണ ജനങ്ങളോട് ചേർന്നുനിന്ന് ഭരണം നിർവഹിക്കാനും സാധിച്ചാൽ ശൈഥില്യം വിതക്കുന്നവരിൽനിന്നും നാടിനെ രക്ഷിക്കാൻ സാധിച്ചേക്കും.

കർണാടകയിൽ നിന്നും ഊർജം ഉൾക്കൊണ്ട് കൂടുതൽ പ്രതിപക്ഷ കക്ഷികൾ കൈകോർക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. അതോടൊപ്പം ദൽഹി സർക്കാരിൻമേലുള്ള അമിതാധികാര പ്രയോഗത്തിന് സുപ്രീം കോടതി കടിഞ്ഞാണിട്ടതും അത് മറികടക്കാനുള്ള ഓർഡിനൻസ് കൊണ്ടുവരാൻ കേന്ദ്ര സർക്കാർ നടത്തുന്ന നീക്കങ്ങളും ഈ ഐക്യശ്രമത്തിന് ഹേതുവായിട്ടുണ്ട്. ബീഹാർ മുഖ്യമന്ത്രി നിതീഷ് കുമാറും ഉപമുഖ്യമന്ത്രി തേജസ്വിനി യാദവും കഴിഞ്ഞ കുറെ മാസങ്ങളായി നടത്തുന്ന പരിശ്രമങ്ങൾ മറ്റൊരു ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ജനാധിപത്യം നിലനിന്നു കാണാൻ ആഗ്രഹിക്കുന്നവർക്ക് പ്രതീക്ഷ നൽകുന്ന നടപടികളും തീരുമാനങ്ങളും ചർച്ചകളുമാണ് ഇന്ദ്രപ്രസ്ഥത്തിൽ നടക്കുന്നത്. രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ നോക്കുകുത്തിയാക്കി പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടന ചടങ്ങിൽ രാഷ്ട്രപതിയെ അവഗണിച്ചതിൽ പ്രതിഷേധിച്ച് പത്തൊൻപത് പ്രതിപക്ഷ പാർട്ടികൾ ചടങ്ങ് ബഹിഷ്കരിച്ചത് പ്രതിപക്ഷ കക്ഷികൾ

**ഫാസിസത്തെ ജനാധിപത്യത്തിന്റെ ആയുധനകൊണ്ട് വീഴ്ത്തുക സാധ്യമാണെന്ന് കർണാടക തെളിയിച്ചത് നാം കണ്ടു. അതുകൊണ്ട് ഓരോ പാർട്ടിയും സ്വന്തം സാന്നിധ്യം തെളിയിക്കാൻ അവകാശവാദങ്ങൾ ഉന്നയിച്ച് വോട്ടുകൾ ഭിന്നിപ്പിക്കുന്ന സാഹചര്യം ഉണ്ടാകരുത്. രാജ്യത്തിനു വേണ്ടി, ജനാധിപത്യത്തിനു വേണ്ടി, ജനങ്ങൾക്കു വേണ്ടി വിട്ടു വീഴ്ചയും പരസ്പര സഹകരവും കാണിക്കാൻ തയ്യാറാകണം. അത് താഴെ തട്ടുവരെയുള്ള പ്രവർത്തകരെ ബോധ്യപ്പെടുത്തണം. ജനങ്ങളെയൊന്നാകെ ബോധവൽക്കരിച്ച് മുന്നോട്ട് പോയാൽ നമുക്ക് രാജ്യത്തിന്റെ പാരമ്പര്യം തിരിച്ചുപിടിക്കാൻ സാധിക്കും.**

പൊതുവിഷയങ്ങളിൽ ഒറ്റക്കെട്ടായി നിന്ന് ഫാസിസത്തെ ചെറുക്കുമെന്ന സന്ദേശമാണ് നൽകുന്നത്.

ഇന്ത്യൻ ഫെഡറലിസത്തിൽ ലോക്സഭയിൽ ഭൂരിപക്ഷമുള്ളതുകൊണ്ട് മാത്രം ബില്ലുകൾ പാസ്സാക്കാനോ നിയമനിർമാണം നടത്താനോ സാധ്യമല്ല; അത് രാജ്യസഭയിൽ കൂടി പാസ്സാവേണ്ടതുണ്ട്. അത്കൊണ്ട് സംസ്ഥാന തെരഞ്ഞെടുപ്പുകളും രാജ്യത്തിന്റെ മുന്നോട്ട് പോക്കിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കൂടിയാണ് ദൽഹി സർക്കാരിനെതിനെ കേന്ദ്ര സർക്കാർ നടത്തുന്ന നീക്കങ്ങൾക്ക് തടയിടാൻ ആം ആദ്മി പാർട്ടി രാജ്യസഭയിൽ അംഗങ്ങളുള്ള പാർട്ടികളുടെ പിന്തുണ തേടിയതും. ലോക്സഭാ തിരഞ്ഞെടുപ്പ് പ്രധാനമാണെങ്കിലും സംസ്ഥാനങ്ങളെ പാടെ അവഗണിച്ച് സുഗമമായി ഭരണം നടത്തൽ ഇന്ത്യൻ ജനാധിപത്യ ക്രമത്തിൽ പ്രയാസമാണ്. അത്കൊണ്ട് തന്നെ ഓരോ തെരഞ്ഞെടുപ്പിനും അതിന്റേതായ പ്രാധാന്യമുണ്ട് എന്ന് നാം തിരിച്ചറിയണം.

## ഐക്യമത്യം മഹാബലം

ഫാസിസ്റ്റ് കാലത്ത് ഐക്യം എന്ന വാക്കിന് വലിയ പ്രാധാന്യമുണ്ട്. ഫാസിസം അധികാരത്തിന്റെ അന്തപുരങ്ങളിലേക്ക് നടന്നു കയറിയത് ഭൂരിപക്ഷം ജനങ്ങളുടെ പിന്തുണകൊണ്ടല്ല. മറിച്ച് ഭിന്നതയുടെ വിഷവിത്തുകൾ വിതറി രക്തപങ്കിലമായ പാതകളിലൂടെയാണ്. അസത്യവും അർധസത്യവും വെറുപ്പും വിതറി മനുഷ്യ മനസ്സുകളെ ഭിന്നിപ്പിച്ചാണവർ രാജ്യത്തെ തകർക്കാൻ ശ്രമിച്ചത്. അതിന്റെ പ്രത്യാഘാതങ്ങളാണ് നാമിന്ന് അനുഭവിക്കുന്നതും. ജനാധിപത്യത്തിൽ വോട്ടിന് വലിയ പ്രാധാന്യമുണ്ട്, ഓരോ വോട്ടും വിലപ്പെട്ടതാണ്. അത് ശരിയായി വിനിയോഗിക്കുക മാത്രമല്ല വോട്ടുകൾ ഭിന്നിക്കാതിരിക്കാനുള്ള ജാഗ്രതകൂടി നാമെല്ലാം പുലർത്തണം.

ഫാസിസത്തെ ജനാധിപത്യത്തിന്റെ ആയുധം കൊണ്ട് വീഴ്ത്തുക സാധ്യമാണെന്ന് കർണാടക തെളിയിച്ചത് നാം കണ്ടു. അതുകൊണ്ട് ഓരോ പാർട്ടിയും സ്വന്തം സാന്നിധ്യം തെളിയിക്കാൻ അവകാശവാദങ്ങൾ ഉന്നയിച്ച് വോട്ടുകൾ ഭിന്നിപ്പിക്കുന്ന സാഹചര്യം ഉണ്ടാകരുത്. രാജ്യത്തിനു വേണ്ടി, ജനാധിപത്യത്തിനു വേണ്ടി, ജനങ്ങൾക്കു വേണ്ടി വിട്ടു വീഴ്ചയും പരസ്പര സഹകരവും കാണിക്കാൻ തയ്യാറാകണം. അത് താഴെ തട്ടുവരെയുള്ള പ്രവർത്തകരെ ബോധ്യപ്പെടുത്തണം. ജനങ്ങളെയൊന്നാകെ ബോധവൽക്കരിച്ച് മുന്നോട്ട് പോയാൽ നമുക്ക് രാജ്യത്തിന്റെ പാരമ്പര്യം തിരിച്ചുപിടിക്കാൻ സാധിക്കും.

ലേഖനം



വിധി തേടുന്ന ഹിജാബും കോടതിയിലെ വാദങ്ങളും - 26

# എസെൻഷ്യൽ പ്രാക്റ്റിസ്: ജസ്റ്റിസ് ധൂലിയയുടെ പഠനങ്ങൾ

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

> **എസെൻഷ്യൽ റിലീജിയസ് പ്രാക്റ്റിസ് എന്നതിന് പകരം അനുച്ഛേദം 25ൽ പറയുന്നപോലെ റിലീജിയസ് പ്രാക്റ്റിസ് എന്ന് മാത്രം പ്രയോഗിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മതസ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുകയും ചെയ്യുക എന്നത് മാത്രമാണ് ഭരണഘടനാപരമായി ശരിയാവുക എന്ന വീക്ഷണമാണ് ധൂലിയ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്.**

ശിരോവസ്ത്രം ഇസ്‌ലാംമതത്തിലെ അനിവാര്യ മതാചാരമാണ് എന്ന വാദം കോടതിയിലേക്ക് വലിച്ചിഴക്കേണ്ട കാര്യമില്ല എന്നും അതിനുവേണ്ടി ക്വുർആൻ സൂക്തങ്ങളും പ്രവാചകവചനങ്ങളും ഇസ്‌ലാമിക ഗ്രന്ഥങ്ങളും കോടതിയുടെ അകത്തളങ്ങളിലേക്ക് കൊണ്ടുവരേണ്ട ആവശ്യമുണ്ടായിരുന്നില്ല എന്നുമുള്ള അഭിപ്രായമാണ് ജസ്റ്റിസ് ധൂലിയ പ്രകടിപ്പിച്ചത്. ഹരജിക്കാർക്ക് വേണ്ടി ഹാജരായ അഭിഭാഷകരിൽ ചിലർ, പ്രത്യേകിച്ച് ചില മുസ്‌ലിം അഭിഭാഷകർ, അങ്ങനെയുള്ള വാദങ്ങൾ കൊണ്ടുവന്നപ്പോൾ തന്നെ ജസ്റ്റിസുമാരായ ധൂലിയയും ഗുപ്തയും വിയോജിപ്പ് രേഖപ്പെടുത്തിയിരുന്നു. മാത്രവുമല്ല ഹരജിക്കാർക്ക് വേണ്ടി ഹാജരായ പ്രമുഖ അഭിഭാഷകരായ ദുഷ്യന്ത് ദവെ, പ്രശാന്ത്

**‘മതത്തിന്റെ നിർവചനം പരിമിതപ്പെടുത്താൻ ഇനിമുതൽ നാം പരിശ്രമിക്കണം എന്ന് പറയുന്നതിൽ അസാധാരണമായി ഒന്നുമില്ല, അത് വിശ്വാസങ്ങൾക്കും മതപരമായി ആചരിക്കപ്പെടുന്ന ആചാരങ്ങൾക്കും അപ്പുറത്തേക്ക് വ്യാപിക്കാത്ത വിധത്തിൽ അതിനെ പരിമിതപ്പെടുത്തേണ്ടതുണ്ട്.’ ഇതിനർഥം, സാധാരണഗതിയിൽ വിശ്വാസം, ആരാധന തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ‘എസെൻഷ്വൽ’ എന്ന് കരുതപ്പെടേണ്ടത്. അതിനപ്പുറത്തേക്ക് അതിനെ വിപുലപ്പെടുത്താൻ പാടില്ല എന്നായിരുന്നു അംബേദ്കറുടെ നിരീക്ഷണം എന്നാണ്.**

ഭൂഷൺ, കപിൽ സിബൽ തുടങ്ങിയവർക്കും ‘എസെൻഷ്യൽ റിലീജിയസ് പ്രാക്റ്റിസ്’ (ഇ.ആർ.പി) എന്ന പോയിന്റ് കൊണ്ടുവരേണ്ടതുണ്ടായിരുന്നില്ല എന്ന അഭിപ്രായം തന്നെയാണുണ്ടായിരുന്നത്. മുസ്‌ലിം വിദ്യാർഥിനികൾക്ക് വേണ്ടി ഹാജരായ അഭിഭാഷകർക്കിടയിൽ ഈ വിഷയത്തിലുണ്ടായ അഭിപ്രായഭിന്നത വാദസമയത്ത് പ്രകടമായിരുന്നു.

### ‘എസെൻഷ്യൽ’ വേണ്ടതില്ല


വിധിന്യായത്തിൽ ഇക്കാര്യങ്ങൾ ജസ്റ്റീസ് ധൂലിയ വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ടുതന്നെ എസെൻഷ്യൽ റിലീജിയസ് പ്രാക്റ്റിസ് എന്ന വിഷയത്തെക്കുറിച്ച് അദ്ദേഹത്തിന് സവിസ്തരം വിധിന്യായത്തിൽ പ്രതിപാദിക്കേണ്ടിവന്നു. എസെൻഷ്യൽ റിലീജിയസ് പ്രാക്റ്റിസ് എന്നതിന് പകരം അനുച്ഛേദം 25ൽ പറയുന്നപോലെ റിലീജിയസ് പ്രാക്റ്റിസ് എന്ന് മാത്രം പ്രയോഗിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മതസ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുകയും ചെയ്യുക എന്നത് മാത്രമാണ് ഭരണഘടനാപരമായി ശരിയാവുക എന്ന വീക്ഷണമാണ് ധൂലിയ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. അദ്ദേഹത്തിന്റെ ഈ വിഷയത്തിലുള്ള പഠനങ്ങളാണ് തുടർന്ന് വിധിന്യായത്തിൽ കാര്യമായും പ്രതിപാദിക്കുന്നത്. അതിങ്ങനെ വായിക്കാം:

### ‘എസെൻഷ്യൽ’ കടന്നുവന്ന വഴി

എസെൻഷ്യൽ റിലീജിയസ് പ്രാക്റ്റിസ് എന്ന പദപ്രയോഗം ഭരണഘടനയിലില്ല. എന്നാൽ പ്രസ്തുത പ്രയോഗം കടന്നുവന്നത് ഭരണഘടനാ നിർമാണസഭ (Constituent Assembly) വഴിയാണ്. എല്ലാ മതാചാരങ്ങളുമല്ല, അത്യാവശ്യ (Essential) ആചാരങ്ങൾ മാത്രമാണ് അനുച്ഛേദം 25 വഴി സംരക്ഷിക്കപ്പെടുക എന്ന് ഒരു ചോദ്യത്തിനുത്തരമായി ഡോ. ബി.ആർ.അംബേദ്കർ പറഞ്ഞതിൽ നിന്നാണ് ‘എസെൻഷ്യൽ’ എന്ന പ്രയോഗം പിന്നീട് വ്യാപകമായി ഉപയോഗിക്കപ്പെട്ടുവന്നത്. 1948 ഡിസംബർ 2നു നടന്ന ഡിബേറ്റിൽ അംബേദ്കർ പറഞ്ഞത് ഇങ്ങനെയായിരുന്നു:‘‘There is nothing extraordinary in saying that we ought to strive hereafter to limit the definition of religion in such a manner that we shall not extend it beyond beliefs and such rituals as may be connected with ceremonials which are essentially religious” (Vol. 7, P. 781).

‘മതത്തിന്റെ നിർവചനം പരിമിതപ്പെടുത്താൻ ഇനിമുതൽ നാം പരിശ്രമിക്കണം എന്ന് പറയുന്നതിൽ അസാധാരണമായി ഒന്നുമില്ല, അത് വിശ്വാസങ്ങൾക്കും മതപരമായി ആചരിക്കപ്പെടുന്ന ആചാരങ്ങൾക്കും അപ്പുറത്തേക്ക് വ്യാപിക്കാത്ത വിധത്തിൽ അതിനെ പരിമിതപ്പെടുത്തേണ്ടതുണ്ട്.’

ഇതിനർഥം, സാധാരണഗതിയിൽ വിശ്വാസം, ആരാധന തുടങ്ങിയവയുമായി ബന്ധപ്പെട്ട



കാര്യങ്ങളാണ് 'എസെൻഷ്യൽ' എന്ന് കരുതപ്പെടേണ്ടത്. അതിനപ്പുറത്തേക്ക് അതിനെ വിപുലപ്പെടുത്താൻ പാടില്ല എന്നായിരുന്നു അംബേദ്കറുടെ നിരീക്ഷണം എന്നാണ്.

(അംബേദ്കർ ഇത് പറഞ്ഞുവച്ചെങ്കിലും അദ്ദേഹത്തിന്റെ അഭിപ്രായം ഭരണഘടനാ നിർമാണസഭ അത്ര കാര്യമായി എടുത്തില്ല എന്നുവേണം മനസ്സിലാക്കാൻ. കാരണം ഭരണഘടനയുടെ കരടുരേഖയിലോ പിന്നീട് പാസ്സാക്കിയ ഒറിജിനൽ ഭരണഘടനയിലോ 'എസെൻഷ്യൽ' എന്ന പ്രയോഗം കടന്നുവന്നിട്ടില്ല. അതിനുള്ള കാരണം എസെൻഷ്യൽ, നോൺ-എസെൻഷ്യൽ എന്നിങ്ങനെ മതകാര്യങ്ങളെ വേർതിരിക്കാനുള്ള അതിർത്തിരേഖ നിശ്ചയിക്കാൻ ജുഡീഷ്യറിക്കോ ലെജിസ്‌ളേറ്റിവിനോ എക്സിക്യൂട്ടീവിനോ സാധിക്കില്ല എന്ന വസ്തുത അവർക്ക് അറിയാവുന്നത് കൊണ്ടായിരുന്നു- ലേഖകൻ).

**മതം എന്നത് കേവലം ഭാരതീയ മതങ്ങൾ മാത്രമൊ, ക്ഷേത്രരീതിയിൽ നടത്തപ്പെടുന്ന ആചാരങ്ങളൊ മാത്രമല്ല, മറിച്ച് ആത്മീയ ക്ഷേമം കൈവരിക്കാവുന്ന എന്തും, അവ പുറത്തുനിന്ന് വന്ന വിശ്വാസങ്ങളാണെങ്കിലും മതം എന്ന പദത്തിന്റെ പരിധിയിൽ വരുന്ന കാര്യമാണ് എന്നും അതുകൊണ്ട് തന്നെ ഇസ്‌ലാമിക ആചാരങ്ങളും മതം എന്ന നിലയ്ക്ക് സംരക്ഷിക്കപ്പെടേണ്ടതുണ്ട് എന്നുമാണ് ഇത് വ്യക്തമാക്കുന്നത്. മാത്രവുമല്ല, മതം കേവലം ആരാധനയോ അവയുമായി ബന്ധപ്പെട്ട ആചാരമോ മാത്രമല്ല, മറിച്ച് ഭക്ഷണം, വസ്ത്രം എന്നിവയിലെല്ലാം മതം കടന്നുവരുമെന്നും ശിരൂർ മഠം വിധി വ്യക്തമാക്കുന്നു എന്നാണ് ജസ്റ്റിസ് ധൂലിയ ഇതിലൂടെ വ്യക്തമാക്കുന്നത്**

### ശിരൂർ മഠം കേസും എസെൻഷ്യലും

ഇതുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയുടെ പരിഗണനക്ക് വന്ന ആദ്യത്തെ കേസ് 1954ലെ മദിരാശിയിലെ ഹിന്ദു റിലീജിയസ് എൻഡോവ്മെന്റ് കമ്മീഷണറും ഉഡുപ്പിയിലെ ശിരൂർ മഠത്തിലെ ശ്രീ ലക്ഷ്മീന്ദ്ര തീർഥ സ്വാമിയാരും ഏതിർകക്ഷികളായി വന്ന കേസായിരുന്നു. ശിരൂർ മഠം കേസ് എന്നാണ് ഇതറിയപ്പെടുന്നത്. മഠവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കമ്മീഷണർക്ക് 1927ലെ ഹിന്ദു എൻഡോവ്മെന്റ് ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങളെക്കുറിച്ചുള്ള തർക്കമായിരുന്നു കേസിന് ആധാരം. റിട്ട് ഹർജി മദ്രാസ് ഹൈക്കോടതി അനുവദിക്കുകയും മഠാധിപതിക്ക് അനുകൂലമായി വിധിക്കുകയും ചെയ്തു. ഈ ഉത്തരവിനെതിരെ കമ്മീഷണർ സുപ്രീം കോടതിയെ സമീപിച്ചു. ഭരണഘടനയുടെ 25,26 വകുപ്പുകൾ പ്രകാരം മഠാധിപതിയുടെയും ക്ഷേത്രഭരണത്തിന്റെയും മൗലികാവകാശങ്ങൾ വിനിയോഗിക്കുന്നതിൻമേലുള്ള കടന്നുകയറ്റമാണോ കമ്മീഷണറുടേത് എന്ന ചോദ്യമായിരുന്നു സുപ്രീം കോടതിക്ക് മുമ്പിലുണ്ടായിരുന്നത്. ഏഴംഗ ഭരണഘടനാ ബെഞ്ച് മതത്തിന്റെ വിവക്ഷയെക്കുറിച്ചും ഭരണഘടനയുടെ പശ്ചാത്തലത്തിൽ അതെങ്ങനെയാണ് മനസ്സിലാക്കേണ്ടത് എന്നതിനെക്കുറിച്ചും വിശദീകരിച്ചു.

ശിരൂർ മഠം കേസ് വിധിയിൽ ജസ്റ്റിസ് ബി.കെ. മുഖർജി അത് വിശദീകരിക്കുന്നത് ഇങ്ങനെയാണ്: 'മതം തീർച്ചയായും വ്യക്തികളുമായോ സമൂഹങ്ങളുമായോ ഉള്ള വിശ്വാസത്തിന്റെ കാര്യമാണ്, അത് ദൈവികമായിരിക്കണമെന്നില്ല. ബുദ്ധമതം, ജൈനമതം എന്നിവയെപ്പോലെയുള്ള ദൈവത്തിലോ ഉത്പത്തിയുമായിബന്ധപ്പെട്ടകാര്യങ്ങളിലോ വിശ്വസിക്കാത്ത മതവിഭാഗങ്ങൾ ഇന്ത്യയിലുണ്ട്. ആത്മീയ ക്ഷേമത്തിന് സഹായകമാണെന്ന നിലയിൽ സ്വീകരിക്കപ്പെടുന്ന എന്തും മതം എന്ന ആശയത്തിൽ വരുന്നു. അങ്ങനെയുള്ള മതങ്ങളിൽ അതിന്റെ അവിഭാജ്യഘടകമായി കണക്കാക്കപ്പെടുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും ചടങ്ങുകളും ആരാധനാ മാതൃകകളും ഉണ്ടാവും. ആചാരങ്ങളും അനുഷ്ഠാനങ്ങളും അവരുടെ ഭക്ഷണം, വസ്ത്രം എന്നിവയിലേക്ക് പോലും വ്യാപിക്കാം' (ശിരൂർ മഠം കേസ് വിധി, ഏഴാം ഖണ്ഡിക).

(മതം എന്നത് കേവലം



ഭാരതീയ മതങ്ങൾ മാത്രമൊ, ക്ഷേത്രരീതിയിൽ നടത്തപ്പെടുന്ന ആചാരങ്ങളൊ മാത്രമല്ല, മറിച്ച് ആത്മീയ ക്ഷേമം കൈവരിക്കാവുന്ന എന്തും, അവ പുറത്തുനിന്ന് വന്ന വിശ്വാസങ്ങളാണെങ്കിലും മതം എന്ന പദത്തിന്റെ പരിധിയിൽ വരുന്ന കാര്യമാണ് എന്നും അതുകൊണ്ട് തന്നെ ഇസ്‌ലാമിക ആചാരങ്ങളും മതം എന്ന നിലയ്ക്ക് സംരക്ഷിക്കപ്പെടേണ്ടതുണ്ട് എന്നുമാണ് ഇത് വ്യക്തമാക്കുന്നത്. മാത്രവുമല്ല, മതം കേവലം ആരാധനയോ അവയുമായി ബന്ധപ്പെട്ട ആചാരമോ മാത്രമല്ല, മറിച്ച് ഭക്ഷണം, വസ്ത്രം എന്നിവയിലെല്ലാം മതം കടന്നുവരുമെന്നും ശിരൂർ മഠം വിധി വ്യക്തമാക്കുന്നു എന്നാണ് ജസ്റ്റിസ് ധൂലിയ ഇതിലൂടെ വ്യക്തമാക്കുന്നത്. ശിരോവസ്ത്രം അതുകൊണ്ടുതന്നെ മതവിശ്വാസത്തിന്റെ ഭാഗം എന്ന നിലയ്ക്ക് ശിരോവസ്ത്രം ധരിക്കുന്നതിന് സംരക്ഷണം നൽകേണ്ടതുണ്ട് എന്നും അദ്ദേഹം സൂചിപ്പിക്കുന്നു- ലേഖകൻ).

**മതാചാരങ്ങൾക്ക് ഭരണഘടനയുടെ സംരക്ഷണമുണ്ട്**

ഭരണഘടന നൽകുന്ന ഉറപ്പ് മതപരമായ അഭിപ്രായസ്വാതന്ത്ര്യം മാത്രമല്ല, മതത്തിന്റെ അടിസ്ഥാനത്തിൽ ചെയ്യുന്ന ആചാരങ്ങളുടെയും സംരക്ഷണം ഭരണഘടന ഉറപ്പ് നൽകുന്നുണ്ട്. അനുച്ഛേദം 25ലെ 'മതാചാരം' (Practice of religion) എന്ന പ്രയോഗം ഇതാണ് വ്യക്തമാക്കുന്നത്. മതത്തിന്റെ അവിഭാജ്യ ഘടകമല്ലാത്ത കാര്യങ്ങളെ നിയന്ത്രിക്കാൻ അനുമതി നൽകണമെന്ന ശിരൂർ മഠം കേസിലെ അറ്റോർണി ജനറലിന്റെ വാദങ്ങൾ കോടതി നിരസിച്ചു. അറ്റോർണി ജനറലിന്റെ വാദങ്ങളെ കോടതി ഖണ്ഡിക്കുന്നതിന്റെ പ്രസക്ത ഭാഗങ്ങൾ ശ്രദ്ധിക്കുക:

'അറ്റോർണി ജനറൽ അനുച്ഛേദം 25ലെ ഉപഘണ്ഡം 2(എ)ക്കാണ് ഊന്നൽ നൽകുന്നത്. മതവുമായി ബന്ധപ്പെട്ടിരിക്കാവുന്ന, എന്നാൽ നേരിട്ട് ബന്ധമില്ലാത്ത പ്രവർത്തനങ്ങളും (secular activities)

**ശിരൂർ മഠവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കമ്മീഷണർക്ക് 1927ലെ ഹിന്ദു എൻഡോവ്മെന്റ് ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങളെക്കുറിച്ചുള്ള തർക്കമായിരുന്നു കേസിന് ആധാരം. റിട്ട് ഹർജി മദ്രാസ് ഹൈക്കോടതി അനുവദിക്കുകയും മഠാധിപതിക്ക് അനുകൂലമായി വിധിക്കുകയും ചെയ്തു. ഈ ഉത്തരവിനെതിരെ കമ്മീഷണർ സുപ്രീം കോടതിയെ സമീപിച്ചു. ഭരണഘടനയുടെ 25,26 വകുപ്പുകൾ പ്രകാരം മഠാധിപതിയുടെയും ക്ഷേത്രഭരണത്തിന്റെയും മൗലികാവകാശങ്ങൾ വിനിയോഗിക്കുന്നതിൻമേലുള്ള കടന്നുകയറ്റമാണോ കമ്മീഷണറുടേത് എന്ന ചോദ്യമായിരുന്നു സുപ്രീം കോടതിക്ക് മുമ്പിലുണ്ടായിരുന്നത്.**

യഥാർഥത്തിൽ മതത്തിന്റെ പ്രധാനഭാഗമാകുന്നില്ലെന്നും അതുകൊണ്ടുതന്നെ അവ ഭരണകൂട നിയന്ത്രണത്തിന് വിധേയമാണ് എന്നുമാണ് അറ്റോർണി ജനറലിന്റെ വാദം. എന്നാൽ വളരെ വ്യക്തമായ പദങ്ങൾകൊണ്ട് വിശദമാക്കപ്പെട്ട ഒരു കാര്യത്തിൽ അറ്റോർണി ജനറലിന്റെ വാദത്തെ പിന്തുണക്കാൻ ഞങ്ങൾക്ക് കഴിയില്ല. ഒന്നാമതായി, ഒരു മതത്തിന്റെ അത്യന്താപേക്ഷിതമായ ഭാഗം എന്താണെന്ന് കണ്ടെത്തേണ്ടത് പ്രാഥമികമായി ആ മതത്തിന്റെ അടിസ്ഥാനപ്രമാണങ്ങളിൽ നിന്നാണ്. ഹിന്ദുക്കളുടെ ഏതെങ്കിലും മതവിഭാഗത്തിന്റെ തത്ത്വങ്ങൾ പ്രത്യേക സമയങ്ങളിൽ വിഗ്രഹത്തിന് ഭക്ഷണം നൽകണമെന്ന് നിർദേശിക്കുന്നുവെങ്കിൽ, അവ പ്രമാണങ്ങളിൽ പറയപ്പെട്ടതുപോലെ നടത്തേണ്ടതുണ്ട്. മതത്തിന്റെ പേരിൽ നടത്തപ്പെടുന്ന വിശുദ്ധ ഗ്രന്ഥങ്ങളുടെ പാരായണമോ മറ്റു വഴിപാടുകളോ എല്ലാം തന്നെ മതത്തിന്റെ ഭാഗമായിട്ടാണ് കണക്കാക്കപ്പെടുക. അതിന്റെ പേരിലുണ്ടാകുന്ന പണച്ചെലവുകൾ, പുരോഹിതന്മാരുടെ ജോലികൾ തുടങ്ങിയവയെല്ലാം മതത്തിന്റെ ആചാരങ്ങൾ തന്നെയാണ്. അവയെല്ലാം മതത്തിന്റെ ഉള്ളിലുള്ള കാര്യങ്ങളാണ്. ഇവയെല്ലാം അനുച്ഛേദം 26(ബി)യുടെ അർഥപരിധിയിൽ വരുന്ന കാര്യങ്ങളാണ്' (ശിരൂർ മഠം കേസ് വിധി 19, 20 ഖണ്ഡങ്ങൾ).

(മതപരമായ കാര്യങ്ങൾ മതപ്രമാണങ്ങൾ അനുസരിച്ച് നിർവഹിക്കാൻ വ്യക്തികൾക്ക് അവകാശമുണ്ട് എന്ന കാര്യമാണ് ഈ വിധിന്യായം സൂചിപ്പിച്ചുകൊണ്ട് ജസ്റ്റിസ് ധൂലിയ വ്യക്തമാക്കുന്നത്-ലേഖകൻ).

**രതിലാൽ ഗാന്ധി കേസ് നൽകുന്ന പാഠം**

1954ലെ മറ്റൊരു കേസായിരുന്നു രതിലാൽ പനംചന്ദ് ഗാന്ധിയുടെ സ്റ്റേറ്റ് ഓഫ് ബോംബേ കേസ്. ബോംബെയിലെ ഹൈന്ദവ ട്രസ്റ്റുകളുമായി ബന്ധപ്പെട്ടുകൊണ്ട്

സർക്കാർ കൊണ്ടുവന്ന ചില നിയമങ്ങളെ ചോദ്യം ചെയ്തുകൊണ്ടായിരുന്നു കേസ്. കേസിന്റെ വിധിന്യായത്തിൽ ഇങ്ങനെ കാണാം:

'മതത്തിന്റെ സ്വതന്ത്രമായ വ്യവഹാരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ബാഹ്യമായി നിർവഹിക്കപ്പെടുന്ന പ്രവൃത്തികൾ എന്നാണ്. പൊതു ക്രമസമാധാനം, ആരോഗ്യം, ധാർമികത എന്നിവയ്ക്ക് വിഘാതമാവാത്ത വിധത്തിലാണ് അത് അനുവദിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ അനുച്ഛേദം 25 ലെ 2(എ) ഖണ്ഡത്തിലൂടെ ഭരണകൂടത്തിന് മതവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്താവുന്നതാണ് എന്ന് പറയുന്ന വിഷയങ്ങൾ മുകളിൽ സൂചിപ്പിച്ച പൊതു ക്രമസമാധാനം, ആരോഗ്യം, ധാർമികത എന്നിവയുമായി ബന്ധപ്പെട്ടതല്ല. മറിച്ച് മതപരമായ ആചാരങ്ങളുമായി ബന്ധപ്പെടുന്ന സാമ്പത്തികമോ വാണിജ്യപരമോ രാഷ്ട്രീയമോ ആയ പ്രവർത്തനങ്ങളാണ്.'

(ഒരാൾ അയാളുടെ മതത്തിന്റെ ഭാഗമായി നിർവഹിക്കുന്ന കാര്യങ്ങളിൽ സർക്കാരിന് നേരിട്ട് ഇടപെടാനോ അത് നിയന്ത്രിക്കുവാനോ നിരോധിക്കുവാനോ അവകാശമില്ല. മതത്തിന്റെ ഭാഗമായി നിർവഹിക്കപ്പെടുന്ന സാമ്പത്തിക, വാണിജ്യ, രാഷ്ട്രീയ പരിപാടികളിൽ മാത്രമാണ് സർക്കാരിന് ഇടപെടാനുള്ള അധികാരമുള്ളത്-ലേഖകൻ).

### 'എസെൻഷ്യൽ' കോടതിവിധികളിൽ'

'എസെൻഷ്യൽ' എന്ന പ്രയോഗത്തിന് ചില കോടതിവിധികളിലൂടെയാണ് പ്രചാരം സിദ്ധിച്ചത്. അജ്മീർ ദർഗ കേസ്, ആനന്ദമാർഗി കേസ് എന്നിവയാണ് അവയിൽ ഏറെ പ്രസിദ്ധമായത്. കോടതിവിധികളിൽ ഇവ കടന്നുവന്നതോടെ എസെൻഷ്യൽ പ്രയോഗത്തിന് ശക്തിയേറിയെങ്കിലും അതിന് ഭരണഘടനയുടെ പിൻബലമില്ല എന്നതാണ് വസ്തുത. മതകാര്യങ്ങളെ അനിവാര്യം, അനിവാര്യമല്ലാത്തത് എന്നിങ്ങനെ വേർതിരിക്കുവാൻ കോടതിക്ക് ഭരണഘടന അനുവാദം നൽകിയിട്ടില്ല.

**ചിശ്ത്തി ആചാരപ്രകാരം നടന്നുവന്നിരുന്ന അജ്മീർ ദർഗയിൽ അവകാശം ഉന്നയിച്ചു വന്ന ചിശ്ത്തി വിഭാഗത്തിൽ പെടാത്ത സൂഫി വിഭാഗങ്ങളുടെ അവകാശവാദം ദർഗ കമ്മിറ്റി തള്ളി. അനുച്ഛേദം 25(1) പ്രകാരം തങ്ങൾക്ക് കൂടി അവകാശമുണ്ട് എന്നായിരുന്നു 'ഖാദിമുകൾ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന സൂഫി വിഭാഗത്തിന്റെ വാദം. രാജസ്ഥാൻ ഹൈക്കോടതി അവരുടെ അവകാശവാദം അംഗീകരിച്ചു. ഹൈക്കോടതി ഉത്തരവിനെതിരെ ദർഗ കമ്മിറ്റി സുപ്രീം കോടതിയുടെ മുമ്പാകെ വന്നു. സുന്നി മുസ്‌ലിമായ ആർക്കും ദർഗയുടെ കാര്യത്തിൽ അവകാശമുണ്ടോ അതോ ചിഷ്ത്തി സിൽസിലയുടെ അനുയായികൾക്ക് മാത്രമാണോ അവകാശം എന്നതായിരുന്നു കോടതിയുടെ പരിഗണനയിലുള്ള വിഷയം.**

1951ലെ അജ്മീർ കേസാണ് പിന്നീട് ജസ്റ്റീസ് ധൂലിയ ഉദ്ധരിച്ചത്. ഈ കേസ് നേരത്തെ കർണാടക സർക്കാരിന് വേണ്ടി ഹാജരായ സോളിസിറ്റ് ജനറൽ അവർക്കനുകൂലമായി ഉദ്ധരിച്ചിരിന്നു. ചിശ്ത്തി ആചാരപ്രകാരം നടന്നുവന്നിരുന്ന അജ്മീർ ദർഗയിൽ അവകാശം ഉന്നയിച്ചു വന്ന ചിശ്ത്തി വിഭാഗത്തിൽ പെടാത്ത സൂഫി വിഭാഗങ്ങളുടെ അവകാശവാദം ദർഗ കമ്മിറ്റി തള്ളി. അനുച്ഛേദം 25(1) പ്രകാരം തങ്ങൾക്ക് കൂടി അവകാശമുണ്ട് എന്നായിരുന്നു 'ഖാദിമുകൾ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന സൂഫി വിഭാഗത്തിന്റെ വാദം. രാജസ്ഥാൻ ഹൈക്കോടതി അവരുടെ അവകാശവാദം അംഗീകരിച്ചു. ഹൈക്കോടതി ഉത്തരവിനെതിരെ ദർഗ കമ്മിറ്റി സുപ്രീം കോടതിയുടെ മുമ്പാകെ വന്നു. സുന്നി മുസ്‌ലിമായ ആർക്കും ദർഗയുടെ കാര്യത്തിൽ അവകാശമുണ്ടോ അതോ ചിഷ്ത്തി സിൽസിലയുടെ അനുയായികൾക്ക് മാത്രമാണോ അവകാശം എന്നതായിരുന്നു കോടതിയുടെ പരിഗണനയിലുള്ള വിഷയം. അനുച്ഛേദം 25(1) പ്രകാരം ഖാദിമുകൾക്ക് അവകാശം ഉന്നയിക്കാൻ കഴിയില്ലെന്ന രാജസ്ഥാൻ ഹൈക്കോടതിയുടെ ഉത്തരവ് റദ്ദാക്കിക്കൊണ്ട് സുപ്രീം കോടതി വിധി പ്രസ്താവിച്ചു. ഇ.ആർ.പി എന്താണെന്നും



കോടതിക്ക് അത് എങ്ങനെയാണ് നിർണയിക്കാൻ സാധിക്കുക എന്നും ഈ കേസിൽ സുപ്രീംകോടതി പരിശോധിക്കുകയും ചെയ്തു.

**വിശദീകരണം**

സൂഫി വിഭാഗത്തിന്റെ വാദം സുപ്രീംകോടതി തള്ളിയതാണ് കർണാടക സർക്കാർ അവർക്കനുകൂലമായ തെളിവായി ഉദ്ധരിക്കുന്നത്. ചിശ്ത്തി വിഭാഗത്തിന്റെ ഒരു ആരാധന കേന്ദ്രത്തിൽ മറ്റൊരു വിഭാഗത്തിന് ഭരണഘടന നൽകുന്ന മതസ്വാതന്ത്ര്യത്തിന്റെ അനുച്ഛേദങ്ങൾ ഉപയോഗിച്ചുകൊണ്ട് അവകാശം സ്ഥാപിക്കാൻ കഴിയില്ല എന്നാണ് കോടതി വ്യക്തമാക്കിയത്. ശിരോവസ്ത്ര വിഷയത്തിൽ ഏതെങ്കിലും മതവിഭാഗത്തിന്റെ ആരാധനാകേന്ദ്രത്തിൽ തങ്ങൾക്ക്, ശിരോവസ്ത്രം എന്ന തങ്ങളുടെ മതപരമായ അവകാശം അനുവദിക്കണം എന്ന വാദമല്ല മുസ്‌ലിം വിദ്യാർഥിനികൾ ഉന്നയിച്ചത്.

1983 ലെ ആനന്ദമാർഗി കേസ് പൊതുസ്ഥലങ്ങളിൽ പരസ്യമായി താണ്ഡവ നൃത്തം കളിക്കുന്നതുമായി ബന്ധപ്പെട്ടായിരുന്നു. ഇത്തരം നൃത്തങ്ങൾ ആനന്ദ മാർഗത്തിന്റെ അനിവാര്യ ആചാരമല്ല എന്നായിരുന്നു സുപ്രീംകോടതിയുടെ വിധി. എന്നാൽ താണ്ഡവനൃത്തം ക്രമസമാധാനത്തെ ബാധിക്കുന്നു എന്നതായിരുന്നു അതിനെ നിരോധിക്കാൻ കാരണമായത്. എസെൻഷ്യൽ അല്ലാത്ത കാര്യങ്ങൾ അനുവദിക്കാൻ പറ്റില്ല എന്ന പേരിലായിരുന്നില്ല അത് നിരോധിച്ചത്. ക്രമാസമാധാനത്തെ ബാധിക്കുന്ന കാര്യങ്ങൾ നിരോധിക്കുമ്പോൾ 'ആചാരം എസെൻഷ്യൽ അല്ല' എന്ന പരാമർശം ആവശ്യമായിരുന്നില്ല എന്നാണ് ധൂലിയ ചൂണ്ടിക്കാണിക്കുന്നത്.

**ചിശ്ത്തി വിഭാഗത്തിന്റെ ഒരു ആരാധന കേന്ദ്രത്തിൽ മറ്റൊരു വിഭാഗത്തിന് ഭരണഘടന നൽകുന്ന മതസ്വാതന്ത്ര്യത്തിന്റെ അനുച്ഛേദങ്ങൾ ഉപയോഗിച്ചുകൊണ്ട് അവകാശം സ്ഥാപിക്കാൻ കഴിയില്ല എന്നാണ് കോടതി വ്യക്തമാക്കിയത്. ശിരോവസ്ത്ര വിഷയത്തിൽ ഏതെങ്കിലും മതവിഭാഗത്തിന്റെ ആരാധനാകേന്ദ്രത്തിൽ തങ്ങൾക്ക്, ശിരോവസ്ത്രം എന്ന തങ്ങളുടെ മതപരമായ അവകാശം അനുവദിക്കണം എന്ന വാദമല്ല മുസ്‌ലിം വിദ്യാർഥിനികൾ ഉന്നയിച്ചത്. 1983 ലെ ആനന്ദമാർഗി കേസ് പൊതുസ്ഥലങ്ങളിൽ പരസ്യമായി താണ്ഡവ നൃത്തം കളിക്കുന്നതുമായി ബന്ധപ്പെട്ടായിരുന്നു. ഇത്തരം നൃത്തങ്ങൾ ആനന്ദ മാർഗത്തിന്റെ അനിവാര്യ ആചാരമല്ല എന്നായിരുന്നു സുപ്രീംകോടതിയുടെ വിധി. എന്നാൽ താണ്ഡവനൃത്തം ക്രമസമാധാനത്തെ ബാധിക്കുന്നു എന്നതായിരുന്നു അതിനെ നിരോധിക്കാൻ കാരണമായത്**

**ശിരോവസ്ത്രം വ്യക്തിഗത അവകാശമാണ്**

ഇതിൽനിന്നും മനസ്സിലാകുന്നത് 'അനിവാര്യ മതാചാരങ്ങൾ' എന്ന ആശയം കൈകാര്യം ചെയ്യുമ്പോൾ, അല്ലെങ്കിൽ ഒരു പ്രത്യേക ആചാരത്തെ ഇ.ആർ.പി എന്ന് വിളിക്കാമോ എന്ന് പരിശോധിക്കുമ്പോൾ സുപ്രീംകോടതി ഭരണഘടനയുടെ അനുച്ഛേദം 25, 26 എന്നിവയുമായി ബന്ധപ്പെട്ട പരിശോധനകളാണ് നടത്തിയിരുന്നത് എന്നുകാണാം. മുകളിൽ പരാമർശിച്ച കേസുകൾ (ശിരൂർ മഠം, രതിലാൽ ഗാന്ധി കേസ്, അജ്മീർ ദർഗ എന്നിവ) മത ആരാധനാലയങ്ങളുമായോ സ്ഥാപനങ്ങളുമായോ ബന്ധപ്പെട്ട കേസുകളാണ്. വിവിധ മതങ്ങളിൽ പെട്ട പ്രത്യേക വിഭാഗങ്ങളുമായി (sects) ബന്ധപ്പെട്ട കേസുകളാണിത്; വ്യക്തികളുമായി ബന്ധപ്പെട്ട കേസുകളല്ല.

എന്നാൽ ഇപ്പോൾ നമ്മുടെ മുമ്പിലുള്ള കേസ് ഏതെങ്കിലും മതസ്ഥാപനവുമായോ കക്ഷികളുമായോ ബന്ധപ്പെട്ട കേസല്ല. ഒരു മതവിഭാഗത്തിലെ വ്യക്തികളുമായി ബന്ധപ്പെട്ട കേസാണ്. ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടത് ഒരു സമുദായത്തിന്റെ അവകാശത്തെക്കുറിച്ചല്ല, മറിച്ച് വ്യക്തികളുടെ അവകാശത്തെ ക്കുറിച്ചാണ്. അനുച്ഛേദം 25(1) മാത്രമാണ് നമ്മുടെ മുമ്പിലുള്ള വിഷയം. അനുച്ഛേദം 25(2), 26 എന്നിവ ഈ കേസിൽ ബാധകമാകുന്നില്ല. 25(1) വ്യക്തിഗത അവകാശങ്ങളെക്കുറിച്ചും 25(2), 26 എന്നിവ സാമുദായിക അവകാശങ്ങളെക്കുറിച്ചുമാണ് സംസാരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ 'എസെൻഷ്യൽ' ചർച്ചകൾ ഇവിടെ ഗുണം ചെയ്യില്ല. ഇക്കാരണങ്ങൾ കൊണ്ടുതന്നെ, ഇ.ആർ.പിയുടെ ഉരക്കല്ലിൽ മാത്രം ഹർജിക്കാരുടെ അവകാശങ്ങളെ ഉരച്ചുനോക്കി തീരുമാനമെടുത്ത കർണാടക ഹൈക്കോടതിയുടെ നടപടികൾ മുഴുവൻ തെറ്റായിരുന്നു എന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു.

*(അടുത്ത ലക്കത്തിൽ: '25ാം അനുച്ഛേദവും പുതിയ പാഠങ്ങളും')*



സംശയനിവാരണം

# ഉദ്ദേശ്യങ്ങളും കർമങ്ങളും

ശൈഖ് നാസ്വിറുദ്ദീൻ അൽബാനി
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ

*“എന്നാൽ അത് അവർ ഗ്രഹിക്കാത്തവിധം അവരുടെ ഹൃദയങ്ങളിന്മേൽ നാം മൂടികൾ ഇടുകയും അവരുടെ കാതുകളിൽ അടപ്പ് വെക്കുകയും ചെയ്തിരിക്കുന്നു” (സൂറഃ അൽഅൻആം 25). ഈ വചനത്തിൽ (അല്ലാഹുവിന്റെ ഭാഗത്തുനിന്നും) ഒരു ബലപ്രയോഗത്തിന്റെ സൂചനയുള്ളതായി ചിലർ മനസ്സിലാക്കുന്നു. അതിൽ താങ്കളുടെ അഭിപ്രായമെന്താണ്?*

ഉപര്യുക്തവചനത്തിൽ പരാമർശിച്ച ‘വയ്ക്കുക,’ ‘ഇടുക’ എന്നിവ പ്രാപഞ്ചിക (കൗനീ) രൂപത്തിലുള്ളതാണ്. ഇത് മനസ്സിലാക്കാൻ, ദൈവികോദ്ദേശ്യത്തിന്റെ (അൽഇറാദതുൽ ഇലാഹിയ്യ) അർഥം വിദീകരിക്കേണ്ടതുണ്ട്. ദൈവികോദ്ദേശ്യം രണ്ടായി തരംതിരിക്കപ്പെട്ടിരിക്കുന്നു: മതപരമായ ഉദ്ദേശ്യം (ഇറാദത്തുശ്ശറഈ), പ്രാപഞ്ചിക ഉദ്ദേശ്യം (ഇറാദതുൽ കൗനീ).

ശറഈ (മതപരം) ആയ ഉദ്ദേശ്യം എന്നത് അല്ലാഹു തന്റെ ദാസന്ന് നിയമമാക്കി നിശ്ചയിച്ച എല്ലാ കാര്യങ്ങളുമാണ്. നിർബന്ധം, ഐച്ഛികം എന്ന വ്യത്യാസമില്ലാതെ എല്ലാ ആരാധനാകർമങ്ങളും ആജ്ഞാനുവർത്തിത്വങ്ങളും അതിൽപ്പെടും. ഈ ആജ്ഞാനുവർത്തിത്വങ്ങളും ആരാധനാകർമങ്ങളും അല്ലാഹു ഉദ്ദേശിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നു.

പ്രാപഞ്ചിക ഉദ്ദേശ്യം എന്നത് ചിലപ്പോൾ അല്ലാഹു നിയമമാക്കാത്തതാകാം. എന്നാൽ അവൻ കണക്കാക്കിയതാണത്. ഈ ഉദ്ദേശ്യത്തെ(ഇറാദത്ത്)യാണ് പ്രാപഞ്ചികോദ്ദേശ്യം എന്ന് പറയുന്നത്. ഈ സംജ്ഞ ഉടലെടുത്തത് താഴെ കാണുന്ന അല്ലാഹുവിന്റെ വചനത്തിൽനിന്നാണ്:

“താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ‘ഉണ്ടാകൂ’ എന്ന് പറയുകമാത്രമാകുന്നു അവന്റെ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു” (സൂറഃ യാസീൻ:82).

ഇവിടെ ‘ഒരു കാര്യം’ (ശൈഅൻ) എന്നത് അപരിമിത നാമമാണ്. എല്ലാ കാര്യങ്ങളും അതിലുൾപ്പെടും. അത് അനുസരണയായാലും അനുസരണക്കേടായാലും സമമാണ്. അത്തരം കാര്യങ്ങൾ നിലവിൽ വരുന്നത് ‘ഉണ്ടാകൂ’ എന്ന് അല്ലാഹു അതിനോട് പറയുന്നത് കൊണ്ടാണ്. അതായത് അവന്റെ ഉദ്ദേശ്യവും വ്യവസ്ഥയും തീരുമാനവുമനുസരിച്ച്. അപ്പോൾ അനുസരണമെന്നോ, അനുസരണക്കേടെന്നോ വ്യത്യാസമില്ലാതെ എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന ഈ പ്രപഞ്ചികോദ്ദേശ്യത്തോടെ മനസ്സിലാക്കിക്കഴിഞ്ഞാൽ, അത് ക്വദാ-ക്വദ്റിന്റെ വിഷയത്തിലേക്ക് നമ്മെ അനിവാര്യമായും ചെന്നെത്തിക്കും. കാരണം അല്ലാഹു പറഞ്ഞു: “താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ‘ഉണ്ടാകൂ’ എന്ന് പറയുക മാത്രമാകുന്നു. അവന്റെ കാര്യം അപ്പോഴതാ അതുണ്ടാകുന്നു. അതിന്റെയർഥം; അവൻ ‘ഉണ്ടാകൂ’ എന്ന് പറഞ്ഞ വസ്തു അവന്റെ തീരുമാനമനുസരിച്ച് അനിവാര്യമായും ഉണ്ടാകും.

എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ തീരുമാനമനുസരിച്ചുള്ളതാണ്. അതിൽ നന്മയും തിന്മയുമെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ അല്ലാഹുവിന്റെ കൽപനകൾക്കും നിർബന്ധബാധ്യതകൾക്കും വിധേയരായ മനുഷ്യരും ജിന്നുകളുമടങ്ങുന്ന രണ്ട് സമൂഹങ്ങളുടെ മേലുള്ള ബാധ്യത നാം നിലകൊള്ളുന്നതിനെക്കുറിച്ച് ചിന്തിക്കുക എന്നതാണ്. നാം നിലകൊള്ളുന്നത് ഒന്നുകിൽ ശുദ്ധമായ നമ്മുടെ ഉദ്ദേശ്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും. അല്ലെങ്കിൽ നമ്മുടെ ഇച്ഛകൾക്കനുസരിച്ചായിരിക്കും. ഈ രണ്ടാമത്തെ വിഭാഗം അനുസരണയും അനുസരണക്കേടുമായി ബന്ധപ്പെട്ടതല്ല. അതിന്റെ പര്യവസാനം സ്വർഗനരകങ്ങളുമല്ല. മതപരമായ വിധികൾ മുഴുവൻ ഈ ഒന്നാമത്തെ വിഭാഗത്തിന് ചുറ്റിലുമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഒരാൾക്ക് സ്വർഗം ലഭിക്കുന്നതും നരകം ലഭിക്കുന്നതും. അതായത്, ഒരു മനുഷ്യൻ തന്റെ ഉദ്ദേശ്യത്തിന്നനുസരിച്ച് പ്രവർത്തിക്കുന്നതും തന്റെ കഴിവും സ്വാതന്ത്ര്യവുമനുസരിച്ച് അതിലേക്ക് പരിശ്രമിക്കുന്നതുമായ കാര്യങ്ങൾക്കാണ് അവൻ കണക്ക് ബോധിപ്പിക്കേണ്ടി വരിക. അത് നന്മയാണെങ്കിൽ അവന്ന് നന്മയുണ്ടാകും. അത് തിന്മയാണെങ്കിൽ അവന്ന് തിന്മയുണ്ടാകും.

ഒരു മനുഷ്യന് തന്റെ ഭൂരിഭാഗം കർമങ്ങൾക്കും പ്രവർത്തന സ്വാതന്ത്ര്യമുണ്ട് എന്നതുകൊണ്ട് മതപരമായും ബുദ്ധിപരമായും അതിൽ തർക്കിക്കാൻ അവകാശമില്ല എന്നതാണ് യാഥാർഥ്യം. മതപരമായി കൽപിക്കപ്പെട്ടത് ചെയ്യാനും വിരോധിക്കപ്പെട്ടത് വെടിയാനും ഒരു മനുഷ്യന് സാധിക്കുമെന്ന്

വ്യക്തമാക്കുന്ന ക്വുർആനിലെയും സുന്നത്തിലെയും ധാരാളം ഉദ്ധരണികളുണ്ട്. ഇവിടെ പരാമർശിക്കാൻ സാധിക്കാത്തത്രയും കൂടുതലാണ് അത്.

ബുദ്ധിപരമായി ഒരാൾ സംസാരിക്കുമ്പോഴും നടക്കുമ്പോഴും തിന്നുമ്പോഴും കുടിക്കുമ്പോഴും തന്റെ സ്വാതന്ത്ര്യത്തിനനുസരിച്ചുള്ള ഏതൊരു പ്രവൃത്തി ചെയ്യുമ്പോഴും മറ്റുള്ളവരുടെ ബലപ്രയോഗമില്ലാതെ അവൻ ആ കർമം സ്വയം തെരഞ്ഞെടുക്കുന്നതാണ്. ഇച്ഛകൾക്കും ചാപല്യങ്ങൾക്കും അടിപ്പെട്ടിട്ടില്ലാത്ത ഏതൊരാൾക്കും വ്യക്തമാകുന്ന സംഗതിയാണിത്. ഞാൻ ഇപ്പോൾ സംസാരിക്കാൻ ഉദ്ദേശിക്കുകയാണെങ്കിൽ സ്വാഭാവികമായും എന്നിൽ അത് അടിച്ചേൽപിക്കാൻ ആരുമില്ല. എങ്കിലും (എന്റെ) ഈ സംസാരം (മുൻകൂട്ടി) വിധിക്കപ്പെട്ടതാണ്. മുൻകൂട്ടി തീരുമാനിക്കപ്പെട്ടിട്ടും ഞാനിത് സംസാരിക്കുന്നു എന്നതിന്റെയർഥം എനിക്ക് പറയുകയും സംസാരിക്കുകയും ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യവും അതോടൊപ്പം തീരുമാനിക്കപ്പെട്ടിട്ടുണ്ട് എന്നാണ്. എന്നാൽ, ഞാൻ പറയുന്നതിൽ സംശയമുള്ളവർക്ക് ഈ സംസാരത്തിന്റെ വിഷയത്തിൽ എനിക്ക് സ്വാതന്ത്ര്യമുണ്ടെന്ന് തെളിയിക്കുന്നതിന് വേണ്ടി നിശ്ശബ്ദനായിരിക്കുവാനും എനിക്ക് സാധിക്കും.

അതിനാൽ, ഏത് സമയത്തും മനുഷ്യന് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന വസ്തുത എതിർക്കപ്പെടാനും തർക്കിക്കാനും സാധിക്കാത്ത ഒന്നാണ്. ഈ വസ്തുതക്കെതിരിൽ തർക്കിക്കുന്നവൻ വിതണ്ഡവാദങ്ങളുന്നയിക്കുകയും അംഗീകൃ തത്ത്വത്തിൽ സന്ദേഹങ്ങളുണ്ടാക്കുന്നവനുമാണ്. ഒരാൾ ഈയൊരവസ്ഥയിലെത്തിയാൽ അവനോടുള്ള സംസാരം നിർത്തണം. അതിനാൽ മനുഷ്യരുടെ കർമങ്ങൾ രണ്ടായി തിരിച്ചിരിക്കുന്നു:

1. അവന്റെ സ്വാതന്ത്ര്യത്തിനനുസരിച്ച് ചെയ്യുന്നത്.

2. നിർബന്ധത്തിന്റെ ഫലമായി ചെയ്യുന്നത്.


നിർബന്ധത്തിന്റെ ഫലമായി ചെയ്യുന്ന കർമങ്ങളെ കുറിച്ച് നമുക്കൊന്നും പറയാനില്ല. മതപരമായോ ഭൗതികപരമായോ സ്വാതന്ത്ര്യമുള്ള മേഖലയെക്കുറിച്ച് മാത്രമാണ് മതത്തിന് ഉത്കണ്ഠയുള്ളത്. ഇതാണ് വസ്തുത. ഇത് നമ്മുടെ മനസ്സിൽ നട്ടുപിടിപ്പിച്ചാൽ മുമ്പ് പറഞ്ഞ ആയത്ത് വേഗം മനസ്സിലാക്കാൻ സാധിക്കും; 'അവരുടെ ഹൃദയങ്ങളിന്മേൽ നാം ഒരു മൂടി ഇടുകയും' എന്ന ആയത്ത്. ഇവിടെ 'ഇടുക' എന്നുള്ളത് പ്രാപഞ്ചികമാണ്. മുമ്പ് പറഞ്ഞ ഒരു വചനം നാം പരാമർശിക്കൽ അനിവാര്യമാണ്. 'താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ...' ഇവിടെയുള്ള 'ഉദ്ദേശ്യം' പ്രാപഞ്ചികമായ ഉദ്ദേശ്യമാണ്. എന്നാൽ അല്ലാഹു ഹൃദയങ്ങളിന്മേൽ മൂടിയിട്ട ആളുകളുടെ ഇച്ഛകൾക്ക് എതിരായിട്ടല്ല ഇത് ചെയ്യുന്നത്.

ഭൗതിക കാഴ്ചപ്പാടിലൂടെയുള്ള ഒരുദാഹരണം കാണുക: ഒരു മനുഷ്യൻ സൃഷ്ടിക്കപ്പെടുമ്പോൾ അവന്റെ മാംസം മൃദുവും ബലഹീനവുമായ അവസ്ഥയിലാണ്. പിന്നീട്, പ്രായമാകുന്തോറും മാംസം കടുത്തതാവുകയും എല്ലുകൾ ശക്തമാവുകയും ചെയ്യും. എന്നാൽ എല്ലാ മനുഷ്യരും ഇതേ രൂപത്തിലല്ല. ഉദാഹരണത്തിന്, ഒരു വ്യക്തി ശാസ്ത്രത്തിൽ, അല്ലെങ്കിൽ വിജ്ഞാനത്തിന്റെ ഏതെങ്കിലും ഒരു ശാഖയിൽ മുഴുകാൻ തീരുമാനിച്ചു. അവനിൽ ഏത് ഭാഗമാണ് ശക്തിപ്പെട്ടുവരിക? അവന്റെ ബുദ്ധിയാണ് ശക്തിപ്പെട്ടുവരിക. അവൻ ഏത് മേഖലയിൽ മുഴുകുന്നുവോ ആ മേഖലയിൽ അവന്റെ മനസ്സ് ശക്തിപ്പെട്ടുവരും. അവന്റെ പരിശ്രമം മുഴുവൻ അതിന് വേണ്ടിയാക്കുകയും ചെയ്യും. ശാരീരികമായി നോക്കുമ്പോൾ, അവന്റെ ശരീരം ശക്തിപ്പെടുകയില്ല. മാംസപേശികൾ പുഷ്ടിപ്പെടുകയുമില്ല.

ഇതിന്റെ നേർവിപരീതവും സത്യമാണ്. ശരീരം നന്നായി ശ്രദ്ധിക്കുന്ന ഒരു വ്യക്തിയുണ്ടാകാം. അവൻ എല്ലാ ദിവസവും വ്യായാമങ്ങളിലും ശാരീരികപരിശീലനങ്ങളിലും മുഴുകും; ഇന്ന് നാം പറയാറുള്ളത് പോലെത്തന്നെ. അങ്ങനെയുള്ള ഒരുവന്റെ മാംസപേശികൾ പുഷ്ടിപ്പെടുകയും ശരീരം ബലവത്താകുകയും ചെയ്യും. നാമിന്ന് ചിലപ്പോഴൊക്കെ കാണാറുള്ളത് പോലെയുള്ള ഒരു രൂപലാവണ്യം അവനിൽ ആർജിച്ചുവരും. ചിലപ്പോൾ ചിത്രങ്ങളിൽ കാണാറുള്ളത് പോലെ ശരീരം മുഴുവൻ പേശികളായിത്തീരും. ഈ വ്യക്തി ഈ രൂപത്തിലാണോ സൃഷ്ടിക്കപ്പെട്ടത്? അതല്ല, മാംസപേശികൾ കൊണ്ട് നിറഞ്ഞ ആ ബലവത്തായ ശരീരം അവൻ പിന്നീട് അവന്റെ പരിശ്രമഫലമായി ആർജിച്ചെടുത്തതാണോ? ഇത് അവന്ന് സ്വന്തം പരിശ്രമത്തിന്റെയും പ്രവർത്തന സ്വാതന്ത്ര്യത്തിന്റെയും ഫലമായി ലഭിച്ച ഒരു കാര്യമാണ്.

ഇതുതന്നെയാണ് വഴികേടിലും നിരാസത്തിലും അവിശ്വാസത്തിലും നിഷേധത്തിലും അകപ്പെട്ട മനുഷ്യന്റെ ഉദാഹരണവും. അവന്റെ ഹൃദയങ്ങളിന്മേൽ മൂടി ഇടേണ്ട അവസ്ഥ അവന്ന് വരും. അല്ലാഹു അടിച്ചേൽപിച്ചതുകൊണ്ടോ, ബലം പ്രയോഗിച്ചതുകൊണ്ടോ അല്ല. മറിച്ച്, അവന്റെ കർമങ്ങളുടെയും പ്രവർത്തന സ്വാതന്ത്ര്യത്തിന്റെയും ഫലമായി മാത്രം.

അപ്പോൾ, ഇതാണ് അവിശ്വാസികളായ ഈ ആളുകൾ സമ്പാദിച്ച പ്രാപഞ്ചികമായ 'വെക്കൽ.' അവർ സ്വയം ഈ അവസ്ഥയിലെത്തിയതാണ്. അവർ അടിച്ചേൽപിക്കപ്പെട്ടതാണെന്ന് വിവരമില്ലാത്തവർ ധരിക്കുന്നു. എന്നാൽ യഥാർഥത്തിൽ അത് അവരുടെ മേൽ അടിച്ചേൽപിക്കപ്പെട്ടതല്ല. മറിച്ച്, അവരുടെ കൈകൾ സമ്പാദിച്ചത് നിമിത്തമാണ്. അല്ലാഹു അടിമകളോട് അനീതി കാണിക്കുന്നവനല്ല.



# കരൾ രോഗങ്ങൾ

ഡോ. അർഷദ് മുനവ്വർ

ഭക്ഷണം ശരിയായ രീതിയിൽ ദഹിക്കുന്നതിനും ശരീരത്തിൽ നിന്ന് വിഷപദാർഥങ്ങൾ നീക്കം ചെയ്യുന്നതിനും കരൾ അത്യന്താപേക്ഷിതമാണ്. കരളിന്റെ പരാജയത്താൽ ആരോഗ്യത്തെ ബാധിക്കുന്ന ആഘാതം ജീവന് അപകടകരമാണ്. കാരണം അത് പോഷകാഹാരത്തിലും ശരീരത്തിലും വിഷാംശം വർധിപ്പിക്കും.

### കാരണങ്ങൾ

കരൾ രോഗങ്ങൾക്ക് നിരവധി കാരണങ്ങളുണ്ട്. ഏറ്റവും സാധാരണമായവയ ഇനി പറയുന്നതാണ്:

1) എ, ബി, സി തരത്തിലുള്ള ഹെപ്പറ്റൈറ്റിസ് പോലുള്ള കരൾ അണുബാധകൾ. 2) ഹെർപ്പസും മറ്റ് വൈറൽ അണുബാധകളും. 3) പാരമ്പര്യ (ജനിതക) അവസ്ഥ. 4) രോഗപ്രതിരോധ വ്യവസ്ഥയുടെ അസാധാരണത്വം. 5) മദ്യം, മയക്കുമരുന്ന് ഉപയോഗം. 6) മരുന്നുകളുടെ അമിത ഉപയോഗം.

### ലക്ഷണങ്ങൾ

വീക്കം: കരൾ തകരാറിന്റെ ആദ്യഘട്ടമാണിത്. ഇത് വേദനയ്ക്കും അസ്വസ്ഥതയ്ക്കും കാരണമായേക്കാം. ചില സന്ദർഭങ്ങളിൽ ശ്രദ്ധേയമായ ലക്ഷണങ്ങളില്ലാതെയും സംഭവിക്കാം.

വടുക്കൾ: രണ്ടാം ഘട്ടത്തിൽ, വീക്കം കരൾ ടിഷ്യുവിൽ പാടുകൾ വികസിപ്പിക്കുന്നതിന് കാരണമാകുന്നു. ഇത് സംഭവിക്കുമ്പോൾ അവയവത്തിലേക്കുള്ള രക്തയോട്ടം തടസ്സപ്പെടുകയും കരളിന്റെ പ്രവർത്തനത്തെ ബാധിക്കുകയും ചെയ്യുന്നു.

സിറോസിസ്: കരളിന്റെ സിറോസിസ് എല്ലായ്പ്പോഴും അമിതമായ മദ്യപാനം മൂലമല്ല: കരളിന്റെ ഏത് രോഗവും ഇതിന് കാരണമാകാം.

എൻഡ് സ്റ്റേജ്: കരളിന്റെ പ്രവർത്തനം വളരെ പരിമിതമാവുക, അല്ലെങ്കിൽ പൂർണമായും പ്രവർത്തനം നിർത്താൻ കാരണമായ എല്ലാ അവസ്ഥകളും കാരണങ്ങളും ഉൾക്കൊള്ളുന്ന ഒരു പദമാണിത്. ഈ ഘട്ടം ജീവന് ഭീഷണിയാണ്.

### രോഗനിർണയവും ചികിത്സയും

രോഗനിർണയം നടത്താൻ ഉപയോഗിക്കുന്ന രീതികളിൽ രക്തപരിശോധന, കരളിന്റെ അവസ്ഥ കാണ്ടു മനസ്സിലാക്കാൻ സാധിക്കുന്ന ഇമേജിംഗ്, ബയോപ്സി എന്നിവ ഉൾപ്പെടുന്നു.

മരുന്നിലൂടെ രോഗം സുഖപ്പെടുത്താമെന്ന് വിദഗ്ധർ കരുതുന്നുവെങ്കിൽ, അതിന് നിരവധി മരുന്നുകളുണ്ട്.

കരളിന്റെ രോഗാവസ്ഥ ഒരു വൈറൽ അണുബാധ മൂലമാണെങ്കിൽ, അണുബാധ അതിന്റെ ഗതിയിൽ പ്രവർത്തിക്കുന്നതുവരെ രോഗലക്ഷണങ്ങളെ ചികിത്സിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സപ്പോർട്ടീവ് കെയർ ആണ് ഏറ്റവും നല്ല ഓപ്ഷൻ.

സംഭവിച്ച കേടുപാടുകൾ നന്നാക്കാൻ കഴിയാത്തതാണെങ്കിൽ, കരൾ മാറ്റിവയ്ക്കൽ മാത്രമാണ് ലഭ്യമായ ഏക പോംവഴി. കരൾ മാറ്റിവയ്ക്കൽ, മികച്ച ട്രാൻസ്പ്ലാന്റ് ശസ്ത്രക്രിയാ വിദഗ്ധരും അത്യാധുനിക മെഡിക്കൽ ഉപകരണങ്ങളും ഉള്ള ഒരു ഹോസ്പിറ്റലിൽ ആണെങ്കിൽ സങ്കീർണമായ ശസ്ത്രക്രിയ സുരക്ഷിതമാണ്. അത്തരം സന്ദർഭങ്ങളിൽ, ആരോഗ്യമുള്ള കരളിന്റെ ഒരു ഭാഗം ദാതാവിൽ നിന്ന് നീക്കം ചെയ്യുകയും രോഗിയിൽ സ്ഥാപിക്കുകയും ചെയ്യുന്നു. കരൾ സ്വയം പുനരുജ്ജീവിപ്പിക്കാൻ കഴിയുന്ന ഒരു അവയവമായതിനാൽ, ദാതാവിനുള്ള അപകടസാധ്യത പരിമിതമാണ്, കൂടാതെ മാറ്റിവയ്ക്കപ്പെട്ട കരൾ ഭാഗം രോഗിയുടെ പ്രവർത്തനപരമായ അവയവമായി വികസിക്കുകയും ചെയ്യും.




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
17 JUNE 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

To the right goal...
Through the right path...

27th

# PROFCON

PROFESSIONAL STUDENTS GLOBAL CONFERENCE

2023 SEPTEMBER

8 9 10

@ KOZHIKODE

WISDOM students | www.profcon.in | wisdomstudents